എൻ പ്രിയരാം മക്കളെൻ എൻ പ്രിയരാമുണ്ണികൾ
ഭാവിയിലുന്നതസ്ഥാനമാനങ്ങൾ
വഹിക്കുമെന്നുണ്ണികൾ.
ഭാവി ശോഭനമാകെട്ടെന്നെന്നും
അത്രമാത്രമാണെൻ പ്രാർത്ഥന.

ജീവിതത്തിൻ കയ്പ്പുനീരും മധുരവും,
ആനന്ദത്തോടെ കുടിക്കുവാൻ,
അനുഗ്രഹിക്കട്ടെ സർവേശ്വരനെന്നും.
അനേകർക്ക് സന്തോഷമായി മാറുവാൻ
നിൻ ജീവിതം കാരണമായി തീരട്ടെന്നെന്നും.
ഒരിക്കൽ നമ്മൾ കണ്ടുമുട്ടുമെവിടെയെങ്കിലും
മറഞ്ഞു പോകരുതേ അപരിചിതരെപോലെ
ആഘോഷവേളകളിലൊന്നിച്ചുകൂടുവാൻ
മറക്കരുതേ... നമ്മുടെ സ്വന്തമായൊരു തറവാടിൽ.

ഓർമകളൊരുങ്ങുന്നൊരെൻ തറവാട്ടിൽ
അതാണെൻ ജീവൻ... അതാണെൻ ജീവിതം.

എൻ തറവാട്ടിൻ വാതിൽപ്പടിയിൽ
കാതോർത്തിരിക്കുന്നു...
ചേച്ചി എന്നൊരു വിളികേൾക്കാനായി...

# സ്നേഹമാധുര്യം



**SHINI MARY SANU**
BBA LLB




ഒരു നെയ്യ് വിളക്കിൻ തിരി
തെളിയുകയാണെന്റെ അമ്മ.
അണയാതെ കത്തും
ആ വിളക്കിൽ നിന്നും
പടരുന്ന സ്നേഹം,

ആ സ്നേഹം എന്റെ അമ്മയാണ്,
ആ സ്നേഹം എന്റെ മലയാളം.

നാവിൽ നറുപൂന്തേൻ
തൊടുവിച്ചൊരാൾ,
ആ നാവിലലിയുന്ന
സ്നേഹമാധുര്യം

ആ സ്നേഹം എന്റെ അമ്മയാണ്
ആ സ്നേഹം എന്റെ മലയാളം.
മനസ്സിൽ മായാത്ത മുദ്ര
വിരൽ കൊണ്ടാരോ എഴുതി.

ആ വാക്കുകൾ
സ്നേഹത്തോടെ എന്നെ
വിളിച്ചുണർത്തുന്നു,
ആ സ്നേഹമെന്റെ അമ്മയാണ്,
ആ സ്നേഹമെന്റെ മലയാളം.



**SHYAM LUKE**
BBA, LLB

# മുറിവേറ്റവൾ

ആത്മബോധം നശിച്ചവൾ ഭയന്നോടുന്നു,
സാകേതമില്ലാതെയനാഥയാകുന്നു,
കൊല്ലുകയില്ലവളെയെന്നോതി കല്ലുമായി,
അസ്ത്രം പോലവർ പാഞ്ഞടുക്കവേ,
ഇടറിവീഴുന്നവളെ തെരുവിനിടവഴികളിൽ
വലിച്ചഴിച്ച് വിവസ്ത്രയായി മലിനയാകുന്നു.
ഉയരുന്ന കൈകളിൽ പിടിച്ചവർ
അരുതെന്നയാചനയരിഞ്ഞുവീഴ്ത്തുന്നു.

വഴിപിഴച്ചവൾ വഴിയിലൂടെ വലിഞ്ഞുനീങ്ങവെ
വഴിപിഴപ്പിച്ചവർ കൂട്ടമായട്ടഹസിക്കുന്നു.
ഇന്നലെ രാത്രിയിൽ കെട്ടിപ്പുണർന്നവർ
പകലിന്റെ മുന്നിലെറിഞ്ഞുടക്കുന്നു.
ഇരുളിൽ കയത്തിലൊരുനിശ്വാസമായി
തീർന്നവർ

ഇവിടെ നിശ്ചലമാക്കുവാൻ മത്സരിക്കുന്നു,
ചപലതകൾ നിറഞ്ഞൊരുവിയർപ്പിൻ,
കണങ്ങൾ രക്തത്തുള്ളിയായിറ്റിറ്റുവീഴുന്നു.

പുഞ്ചിരിക്കായി കണ്ണുനട്ടവർ പുച്ഛിച്ചുമാറി.
ദർശനത്തിനായി കാത്തുനിന്നവരദൃശ്യമായി.
മധുരസ്മൃതികൾ മൊട്ടിട്ട മനസ്സിനുടമകൾ
വിഷാദരായി വികൃതമായി പിറുപിറുക്കുന്നു.
പരസ്പരം മത്സരിക്കുന്നു കോമാളികൾ
ഞങ്ങളാണ് വിശുദ്ധരെന്ന് പറയാതെ പറയുന്നു.
കല്ലുകളുയർത്തിയോടുന്നു, ചിലരെങ്കിലും
എറിയാതെ മുറുക്കിപിടിച്ചനുതപിക്കുന്നു.



**RINCY VIJAYAN**
BA LLB

# യാത്രാമൊഴി

കാത്തിരുന്നു നിന്നെ ഞാൻ
ഓർത്തിരുന്നു നിന്നെ ഞാൻ
പിണക്കം നടിച്ചതെന്തിനായ്
എന്നിൽ നിന്നകന്നുപോയി നീ?

ഒരു വാക്കു മിണ്ടിയില്ല നീ
ഒരു മാത്ര നോക്കിയില്ല നീ
കോർത്തുപിടിക്കാൻ നീട്ടിയകൈ
തട്ടിമാറ്റി, നീ നടന്നകന്നതെന്തേ ?

അറിഞ്ഞിരുന്നില്ല ഞാൻ
പറഞ്ഞിരുന്നില്ല നീ,
എന്നെ തനിച്ചാക്കി പോയി നീ
എൻ കൂടു വിട്ടു പറന്നകന്നു നീ.

ഉയരുന്ന പുകതൻ മറവിൽ,
എരിയുന്ന നിലവിളക്കിൻ പ്രഭയിൽ,
കണ്ടു നിൻ ചേതനയറ്റ ശരീരം,
അറിയാതെ വിതുമ്പുന്നു എൻ ഹൃദയം.

കുത്തിയൊലിക്കുന്ന ജലപ്രവാഹമാകവേ
എൻ കണ്ണുകൾ നിൻ മരവിച്ച വിരലുകൾ
സ്പർശിച്ച മാത്രേ പിന്നിട്ട വഴികളിൽ
വഴുതി വീഴവേ എൻ ഓർമകൾ.

എന്നെ നീ അകറ്റി നിർത്തുമ്പോഴും,
നിൻ കണ്ണു ഈറനണിഞ്ഞതറിഞ്ഞതില്ല ഞാൻ.
വേദന തൻ നീർകയത്തിൽ നീ മുങ്ങിതാഴുമ്പോഴും
വേദനിപ്പിച്ചതില്ല നീ എന്നെ?

ഓർക്കുന്നു നിൻ ചെറുമന്ദഹാസം
നിറഞ്ഞ ആ മുഖം
അതുമതി സുഹൃത്തേ, ഈ
ഒരു ജന്മം നിന്നെ ഓർക്കാൻ

ഇടറുന്ന വാക്കുകളാൽ
നീറുന്ന മനമോടെ
നിന്നോട് പറയുവാൻ ഒന്നു മാത്രം.
എൻ പ്രിയ സുഹൃത്തേ
'യാത്രാമൊഴി'





# പല വഴി



**JITHIN.U**
BA, LLB

പലവഴി പിരിഞ്ഞൊരു യാത്രയിൽ
നാമിനിയെന്ന് കാണുമെന്നറിയില്ല
എങ്കിലും ചൊല്ലി തരുന്നു ഞാൻ നിന്നോട്..
പോകാത്ത വഴിയിൽ വച്ച് കണ്ടുമുട്ടാം.
കാലങ്ങൾ കെട്ടിയ പാതവരമ്പിൽ,
ജീവിതയാത്രയുടെ കാണാത്തരങ്ങളിൽ
ഏതോ കരങ്ങളിൽ സുരക്ഷിതമാകുന്ന
സന്തോഷവേളയിൽ......
ഓർമ്മകൾ ഒളിപ്പിച്ച മരച്ചുവട്ടിൽ
എന്തിനോ നാം എത്തിയിരിക്കുന്നു.

എങ്കിലും ചൊല്ലിത്തരുന്നു ഞാൻ നിന്നോട്..
ഓർമ്മകൾ ആ പഴയ ഓർമ്മകൾ മാത്രം
തിരികെ പറക്കുവാൻ കഴിയുകയില്ലല്ലോ?
വാട്സാപ്പിൻ ഇടനിലയില്ലാത്ത ബന്ധത്തിൽ,
ഓർമ്മകൾ നല്ല ഓർമ്മകൾ തന്നെ
ഓരോ പരീക്ഷകൾ, ഓരോ പരീക്ഷണം
ഓരോ വരികളും ഓരോ യുഗങ്ങളും
എങ്കിലും ചൊല്ലിത്തരുന്നു ഞാൻ നിന്നോട്
ജീവിച്ചു തീർക്കുമീ നല്ല ഓർമകളിലൂടെ..



# പുലരി

**GEETHU.L.DEVARAJ**
BA LLB

മിഴികൾ നിറയും അന്ധകാരം
ചുറ്റും പെരുകും കൂരിരുട്ടിൽ
വിറച്ചിരുന്നാരാത്രിതൻ യാമങ്ങൾ
ഹൃദയം വിങ്ങിപൊട്ടുമാ മണിക്കൂറിൽ
ചന്ദ്രൻ എൻ ജാലകത്തിലൂടെത്തി നോക്കി
അവൻ തൻ മുഖം.....
ക്രൂരന്മാരാം മേഘങ്ങൾ മൂടി
എങ്ങുമാ അന്ധകാരം എന്നെ അലട്ടി.....
ഭയം കൊണ്ടു വിറയ്ക്കുമെൻ മേനിയേ
നിദ്രയാം നാഥൻ തൊട്ടുപുണർന്നാൻ
വഴുതി വീഴുമാ നിദ്രക്കിടയിൽ
എവിടെയോ എൻ ചിന്തകൾ വിണ്ടുകീറി
സങ്കടപ്പെരുമഴയായി ആ ദിനം ഞാൻ
എപ്പോഴോ മറന്നുപോയി.....
എൻ കൺകളിൽ തൊട്ടൊരു പ്രകാശം
എൻ പ്രതീക്ഷയായ് മാറിയാ ഉഷസ്സിൽ
എൻ ഹൃദയം മന്ത്രിക്കുന്നു
ഞാൻ കാതോർത്തു
മരിച്ചുപോയി ആ ഓർമ്മകൾ
ജനിക്കുകയായി പുതിയ പ്രതീക്ഷകൾ.....



# എന്റെ തണൽമരം



**ALINA.S.SAJI**
BBA, LLB



നീ ഉയർത്തിയ റാന്തലിന്റെ വെട്ടത്തിലാണ്
പാതകൾ എനിക്ക് പ്രിയങ്കരമായത്.....
നീ എഴുതിച്ചുരുട്ടിയെറിഞ്ഞ കടലാസ്
നിവർത്തിയാണ് ഞാൻ
അക്ഷരങ്ങളെ ഉറ്റുനോക്കിയത്.
നിന്റെ തൂലികയിലുരുകിയൊലിച്ച വാക്കുകൾ
ആണെന്റെ ചിന്തക്ക് കാട്ടുതീയായി പടർന്നത്
നിന്റെ പാട്ടിനു മറുപാട്ടു മൂളാനാണെന്റെ
ചെവികളെ ഞാൻ വട്ടം പിടിച്ചത്.
നിന്റെ ചിരിയുടെ പാടത്തു പറന്നിറങ്ങാനാണ്
ഞാനെന്റെ കിളിയുടെ കൂടുതുറന്നതും.
നിന്റെ നിശ്വാസമാണെന്റെ തൃഷ്ണയെ
ചുട്ടുപൊള്ളിച്ചുറഞ്ഞുതുള്ളിച്ചത്.
ആ നനഞ്ഞ ഇമകളായിരുന്നു ഉഴുതുമറിച്ചെന്റെ
മനസ്സിന്റെ നിലമൊരുക്കിയതും.
തഴുകി മാറിലുറക്കുന്ന ഓർമ്മകളാണെന്റെ
കൊടും വേനലിൽ മഴ പെയ്യിക്കുന്നത്...
എനിക്ക് കുട പിടിക്കുന്നത്...
ആഴത്തിൽ വേരുറച്ചു നിൽക്കുന്ന മരമായി
എന്നും നിലനിൽക്കുക നീയെൻ തണലായി...

# അമ്മത്തൊട്ടിൽ



**ATHIRARAJ.AB**
BA



ആരുനീ.
എൻ ഹൃദയസ്പർശിനി..
എൻ ആത്മാവിനുള്ളിൽ
ഒരു തേങ്ങലായി
നീ ചേക്കേറിയ കാലം മുതൽ,
ആരാരും കാണാതെ
ഞാൻ താലോലിക്കുന്നു
നിന്നെ എൻ ഓമനേ..

നീറുന്നൊരീ നെഞ്ചിൽ നീ
കുളിർമഴയായി പെയ്തിറങ്ങിയ
നാൾ
അമ്മതൻ വാത്സല്യത്തിനായി
കേഴുന്ന നിന്നെ
ഒന്ന് വാരിപുണരാൻ ഞാൻ
ഏറെ കൊതിച്ചു.
നിൻ കണ്ണിൽ നിന്ന് ഉതിരുന്ന
ഓരോ അശ്രുവും,
എൻ നെഞ്ചിൽ നിന്നും
വീഴുന്ന രക്തത്തുള്ളികൾക്ക്
സമമാം.

എന്നിലെ എന്നെ ഞാൻ
തിരിച്ചറിഞ്ഞ ആ ദിനം
പാഴായിപോയ ആ സ്വപ്നത്തെ
എൻ നെഞ്ചിലെ അഗാധഗർത്ത
ത്തിൽ ഞാൻ മറച്ചു.

പക്ഷെ എന്നുമൊരു തേങ്ങലായി
നിൻ ഓർമ്മ എന്നിലലിഞ്ഞു
ചേരുന്നു.

മരണം വരെയോ അറിയില്ലെനിക്ക്,
അതിനുമപ്പുറം ഒരു ഇടം
ഉണ്ടെങ്കിൽ അവിടം വരെ...
നിനക്കൊരു താങ്ങായി
ഞാനുണ്ടിവിടെ.

എന്നും എൻ ഓമനേ..
കാത്തിരിക്കുന്നു ഞാൻ,
തേങ്ങുന്നൊരു ഹൃദയവുമായി.





**SACHIN SUNNY**
BBA, LLB

# ഇതൾ പൊഴിഞ്ഞ വഴികൾ

തുടിക്കുന്ന ഹൃത്തടം തന്നിലേക്കു മൗനമായ്
മനോജ്ഞമായിടുമെൻ വഴി നീട്ടിടുമ്പോൾ
നിശതൻ ഏകാന്ത യാമങ്ങളെ നിനക്കേകിയ
മായാമയൂരത്തെ ഒരിളം തെന്നലായ് നിനച്ചുപോയ്.
മന്ദാരമെൻ മനസത്തിലൊരു മന്ദഹാസം പൊഴിക്കുമാ
മഞ്ഞമന്ദാരമെൻ  ചിന്തനങ്ങളിലലിഞ്ഞു ചേർന്നു.
ഹൃദ്യമായിടുമാ വദനമൊരിളം നിലാവുപോലോർമ്മയിൽ
തളിരിടുന്നിതാ ഒരു മിഴിനീർത്തുള്ളി പോൽ.
ഇനിയുമാമിടവഴിയോരങ്ങളിൽ പൂത്തുലഞ്ഞൊരുമുഖം
ഇന്നുതേകിയെൻ മിഴിയോരങ്ങൾക്കു സാക്ഷിയായ്.
ചിരിയൊലി തൂകിടും മധുരഭാഷ്യങ്ങളിലൂടറിയാതെ
നടന്നകന്നതാം പാതകൾ വിദൂരമായ്,
എരിയുന്ന ദുഃഖത്തിലൊരു കൈനാളമായ്,
ഇടറുന്ന മൊഴികൾക്കു നൽ ദീപ്തമാം സ്വരമായ്,
തകരുന്ന ഹൃത്തിൽ ദിഗ്ദ്ധമാം ശോഭയായ്,
പൂർണ്ണമായ് പൊഴിയുന്നു അലിയുന്നു പതിയെ,
ഒരു സ്വരമഞ്ജരിയെൻ  ആത്മത്തിൽ താളമായ്,
ഒരു മൃദുമന്ദസ്മിതമെൻ ഹൃത്തിൽ സ്പന്ദനമായ്,
ഒരു മയിൽ പൂവിട്ടുണർന്ന ചിരിനാളമായ്,
എന്നാത്മമിത്രമായാവർത്തിച്ചൊരാ നാൾകുളേറെ.
ഓർമ്മകൾ കോർത്ത വിൺതാരകം പോലവേ
ഓരോ ദിനമതും ഹൃത്തിനമലമാം നോവിനെ
അരുമയായെന്നിൽ തഴുകിടുമോ അഴകേറും നിനവിനെ
ഋതുഭേദങ്ങളോരോന്നും ഗുഹ്യമായ് യാത്രയാകുന്നു.
അകലേക്കകലന്നു ഓരോ ദിവാനിശകളും
കണ്ണിമയിലൂടുണർന്നൊരാ കണം അറിയാതെന്നിൽ വഴിഞ്ഞൊഴുകി.
ദിനരാത്രമറ്റു,  ഞാനാലിഞ്ഞിതാ പാതകൾ തോറും.
ആരെയോ നിനച്ചു ഞാൻ കാതോർക്കുന്നു വെറുതെ,
കാലമാം ഭാസുരൻ അടർത്തിയെടുത്തൊരാ,
അഴകേറുമിതളിനായ് ഇനിയുമെൻ
നയനങ്ങൾ വിരഹാർദ്രയായലയുന്നു.
മൂളാതെ വച്ചൊരാ വഴികൾക്കു പോലുമിന്നീണമിടാൻ മറന്നുപോയി.
തേടിയലഞ്ഞൊരാ വഴികൾ  പോലുമെൻ ചിന്തകൾക്കശ്രു പൊഴിഞ്ഞു.
ഹൃദയത്തിൽ സ്പന്ദനത്തിലലിയുന്നുവാ സ്നേഹത്തിൻ തിരിനാളം
ഓർമ്മ തൻ  താളിൽ ഇനിയും കുറിക്കുവാനാകാത്ത ദീപ്തബന്ധം.
ആ വിരഹത്തിൻ ജ്വാലയിലെരിയുന്നു  ഞാൻ ഏകാകിയായ്,
പറഞ്ഞുതീർക്കാനാകാത്ത വേദന തന്നിലൂടലയുന്നു ഞാനിനിയും,
അരുണിമതൂകുമാ പ്രേഷ്ഠമാം നിനവെൻ
മനസ്സിനകതാരിൽ തളിരിടാനാകാതെ ചഞ്ചലസന്ധ്യയെ മൂകമാക്കി
എന്റെ ജീവനാളത്തിൽ ശോഭയറ്റ വിരഹസഞ്ചിതമാം താളം
ഒരു ഗുഹ്വമായിന്നും പുലരുന്നുവെൻ ഹൃദയത്തിൽ
ഇനിയുമൊരു വസന്തമയ് ഉണരുമോ ഈ താളം?
ഇനിയുമെൻ ജീവസാക്ഷ്യത്തിൽ തീക്ഷണഗന്ധം ഗ്രഹിച്ചിടുമോ.??

# അവൾ



**ANJALI.P.NAIR**
BBA, LLB

ഒരിക്കലും കണ്ടിട്ടില്ലാത്ത ഒരു മുഖം
കണ്ണുകളിൽ വിസ്മയമൊളിപ്പിച്ച
ഉള്ളിലെ നിഷ്കളങ്കതയെ
ഒരു ചില്ലുകൂട്ടിലാക്കി ചുണ്ടിൽ ഒളിപ്പിച്ച മുഖം.

പേര് ആരൊക്കെയോ
എന്തൊക്കെയോ
പറഞ്ഞു കേട്ടു,
ഒരു പേരിലെന്തിരിക്കുന്നു ഹേ!

കാണെ കാണെ കുഞ്ഞുമുഖം
ഒരു കണ്ണുനീർത്തുള്ളിയായ് അടർന്നുവീണു.
ഉള്ളിലെവിടയോ ഒളിഞ്ഞിരുന്ന
പെണ്ണത്വം എന്നെ എത്തിനോക്കി ചിരിച്ചു.

അവൾ എനിക്കാരുമല്ല ഒരു പക്ഷെ നിനക്കും
എങ്കിലും ആ എട്ടു വയസ്സുകാരി.

ഒരു പ്രഭാതത്തിലെന്റെ ആരോ ആയി മാറി
ഭാരത മാധ്യമ കേസരികൾ
മത്സരിച്ചു വാർത്തകൾ എഴുതി.
എഴുത്തിലെവിടെയോ,
എട്ടു വയസുകാരിയുടെ ആർത്തനാദത്തെക്കാൾ

ബാങ്ക് വിളിക്കൾക്കും
ശംഖൊലികൾക്കും മാറ്റൊലി കുടി.
മന്ത്രോച്ചാരണത്താൽ ബന്ധിച്ച
ദേവനൊപ്പം അവളുടെ കണ്ണീരിൻ നനവും വറ്റി.

അവളുടെ ദൈവം വേറെയത്രെ
അതു കൊണ്ടല്ലോ ആ കുഞ്ഞുകരച്ചിൽ
ഒരു ഭിത്തിക്കപ്പുറം മറഞ്ഞുനിന്ന ദേവനും
കേൾക്കാതെ പോയത്.

മുഖപുസ്തകത്തിലും എഴുത്ത് മുറുകി
വിലപിച്ചും അപലപിച്ചും
പലരും പലതുമെഴുതി
ചിലർ ആരെയൊക്കെയോ ശപിച്ചുനീറി.

മറ്റുചിലരാകട്ടെ
അരുതാത്തതൊന്നും നടന്നതേയില്ലെന്ന്
പെറ്റ വയറുകളുടെ മുന്നിലൂടെ
നിസ്സങ്കോചം പറഞ്ഞു നടന്നു.

രാത്രിയിലെ നേരമ്പോക്കിന്
എട്ടു വയസുകാരിയുടെ വീഡിയോ ക്ലിപ്പ്
സെർച്ച് ചെയ്യുന്ന വിചിത്ര ജനങ്ങളും
ഇതിനിടയിൽ കടന്നു പോയി.

കൊട്ടും കുരവയുമൊഴിഞ്ഞു
കൂടുതലൊന്നും കേൾക്കാനും അറിയാനുമില്ല
അടുത്ത എക്സ്ക്ലൂസിവിനായി,
ക്യാമറക്കണ്ണുകൾ വീണ്ടും തുറന്നു.

മുഖപുസ്തകവും അനുശോചകരും
അധികാരികളും ആ കുഞ്ഞു മുഖം മറന്നു തുടങ്ങി.

എങ്കിലും പെണ്ണിനും ആണിനും മേലെയായി
മനുഷ്യനായി ജീവിക്കുന്നവരുടെ
ഉള്ളിൽ ആമുഖത്തിന് മരണമില്ല.

ഹാഷ് ടാഗുകൾക്കും ഇമോജികൾക്കും
അപ്പുറത്ത് മൊബൈൽ ഫോണിലെ
അരണ്ട വെളിച്ചത്തിനപ്പുറത്ത്.

ആ കുഞ്ഞു കണ്ണിലെ തിളക്കം മറയുന്നില്ല,
പകരം ഓർമ്മപ്പെടുത്തുന്നു,
കൊഴിയാനിരിക്കുന്ന ചെറുപൂമൊട്ടുകളെ....



*"If I find the constitution being misused I shall be the first to burn it "*

**- Dr. BR Ambedkar**

# FIRST NATIONAL LAW REFORM COMPETITION































































# PARYAVARAN MITRA: A WALK WITH NATURE





**Ms.JINCY P.BABU**
MGCL Eco Club Coordinator

# It's all about attitudinal transformation

With increasing environmental issues there is a need of hour for sustainable and greener future. Environmental Education, Awareness and Training plays a significant role in encouraging and enhancing people's participation in activities aimed at conservation, protection and management of the environment, essential for achieving sustainable development. Attitudinal transformation is a necessity for solving ecological issues.

Eco clubs of an educational institution plays a pivotal role in transforming the attitudes of the younger generation towards environment. In order to ensure this transformation and with a vision of raising social awareness regarding environmental issues and protection, significant environmental related laws and also changing students' attitude towards the environment by ensuring their active participation in club's activities, the eco club of Mar Gregorios College of Law was formally inaugurated on the World Environment Day , 5th June 2018 by the internationally famous conservational photographer Mr. Balan Madhavan, who is a recipient of UN award.

## Mission

To get the students actively involved in environmental matters to develop their interest over environmental issues

- To create awareness among students about the legal framework existing in international and national arena.
- To inculcate proper attitude with regard to environment and its conservation through action-based programmes.
- To enhance students participation in protecting the micro environment.
- To implement efficient solid waste management.
- To reduce the use of plastic in the community.
- To forge ties with the community on ecological problems and conservation







## Structure

Membership of eco club is limited to 125 students in a year. The team Paryavaran Mitra consists of teacher coordinators and student coordinators selected from the members.

**Student coordinators**

President : **Maghna Praseeda G S**
Vice president :**Jithin J Prakash**
Secretary :**Swathy Nair A**
Joint Secretary : **Gautham T.Koshy Panachamoottil**
**Jewel Anna Alex**
Treasurer : **Rahul V R**

A committee consisting of teachers, student coordinators and 15 representatives from the members collectively discusses and decides on conducting the programmes.

## Meeting

The meeting of Eco club is conducted on every first Wednesdays of each month. Apart from that committee meetings are conducted as and when required.

International day of yoga
21st June
Yoga for Harmony & Peace

## Activities

**World environment day June 5**

The Eco club of Mar Gregorios College of Law was formally inaugurated on June 5. A logo designing competition and poster designing competition on the topic 'see green see life' on the inaugural day. The logo for Eco club is designed by Rahul Krishanan of VI semester BBA LLB. Maghna Praseeda G S of VI semester B.Com LLB won first prize in poster designing competition. The inaugural ceremony was followed by a photography exhibition by Mr. Balan Madhavan, on his Antarctic expedition.

## International Yoga Day June 21

The international yoga day was inaugurated by Rev. Dr. Philip Neri, former Director of Bethany college of Physiotherapy, Nalanchira who is a great exponent of yoga. The function began with a detailed speech on yoga and it was followed by a live performance. Around 50 students participated in the event. With aim of making an healthy campus it is conducting yoga practice for the students on every Wednesday in the campus under the leadership of Ms. Maghna Praseeda G S who has secured first rank in the certificate in yoga and meditation, University of Kerala ( Centre for Adult, Continuing Education and Extension).

## International Day for Preservation of Ozone Layer September 16

In association with international day for preservation of ozone layer various literary activities such as poster designing, Elocution in English and Malayalam and environmental quiz were conducted.

## Newsletter

The eco club newsletter"PARYAVARAN MITRA" was officially released by







his Beatitude Moran Mor Baselios Cardinal Cleemis, the patron of our college on 1st October 2018. The newsletter is published bi-monthly which includes details about different activities of the club and also tries to address various environmental related issues.

## Plant adoption and manufacturing unit

In commemoration with world vegan day and Keralapprivai, on 1st November 2018, plant adoption and paper pen and bag manufacturing units were inaugurated by Academic Advisor Prof. Dr. Vikraman Nair. The paper pen and bag manufacturing unit function on every Thursday in the college.

## Vegetable garden

With an aim of promoting a culture of organic farming among students the preliminary work for a vegetable garden within the campus is in progress.

With a limited time the club aims at transforming the mindset of each student towards the environment. It also enables the students to be sensitive towards environmental concern to tackle environmental problems. It tries to encourage students to think creatively as they apply their knowledge to real, everyday thinking. Involving students in participation through real responsibilities improves self-esteem, which impacts learning. The attitudes developed will stay with pupils throughout their lives. Students will also have greater respect for, and take more care of, other environments they encounter.

Let's come together and save our planet before it's too late ■





# നാല്പതാം പടി



**SIMI V THARAKAN**
BA, LLB



അവൾ തന്റെ നഖങ്ങൾക്കു ചായം കൊടുക്കുവായിരുന്നു. പെട്ടന്നു തന്നെ ആ മനസിലേക്ക് വന്നു എണ്ണമില്ലാ ചോദ്യങ്ങൾ. ഒരു നിമിഷത്തേക്കു തന്റെ കുതിച്ചു പായുന്ന ജീവിതത്തിനു ആരോ ചുവന്ന കൊടി കാട്ടി വേഗത നിയന്ത്രിച്ച പോലെ. കഴിഞ്ഞുപോയ കാലങ്ങളിൽ ഒരിക്കൽ പോലും അവൾ ഇങ്ങനെ ചിന്തിച്ചിട്ടില്ല.... അവൾക്കറിയാം, ഓർമ്മവെച്ച നാൾ മുതൽ കുട്ടിത്തം നിറഞ്ഞു തുളുമ്പിയവൾ പാഞ്ഞുകയറിയ യവ്വനത്തിലും ആ നിഷ്കളങ്കത്വംവും കുറുമ്പും കൈവിടാതെ നീങ്ങി. അവൾ ആരെയും അതിശയിപ്പിക്കുന്ന ആർക്കും ജീവിക്കാൻ പ്രചോദനം നൽകുന്ന ഊർജ്ജമാണ്. എന്നാലിന്നത്തെ പ്രഭാതം അവളുടെതായിരുന്നില്ല. പഴയ പ്രസരിപ്പില്ല. മനസ്സ് എത്തുന്നയിടത്തേക്കു മെയ്യെത്താത്ത വീർപ്പുമുട്ടൽ. അവൾ മൂന്നു വർഷം മുൻപോട്ടെക്കൊന്ന് എത്തി നോക്കി. താൻ ജീവിതത്തിന്റെ നാല്പതാം പടി കയറും.

നാല്പതിന്റെ പടികൾ ചവിട്ടുന്ന ആശങ്കയാണോ അവളുടെ അളവില്ലാത്ത കോപത്തിന് കാരണം. പെട്ടന്ന് ഒറ്റപ്പെട്ടു പോകുന്നു എന്ന തോന്നലുകൾ അവളെ അന്ധകാരനിബിഡമായ നിമിഷങ്ങളിലേക്കു നയിക്കുന്ന പോലെ. അവൾക്കു ചുറ്റുമുള്ള നിമിഷങ്ങളിലേക്കു നയിക്കുന്നപോലെ. അവൾക്കു ചുറ്റുമുള്ളവർക്കെല്ലാം എന്തും നേരിടാൻ ധൈര്യം നിറഞ്ഞ പുഞ്ചിരി സമ്മാനിച്ചിരുന്നവർക്കു സ്വയം ധൈര്യം ചോർന്നു പോകുന്ന അവസ്ഥ.

തന്നോട് തന്നെ ചോദിച്ചു ആവർത്തിച്ചു ചോദിച്ചു "എന്താണ് ഈ കാലം വരെയും ചെയ്തതും നേടിയതും?"യൗവ്വനത്തിന്റെയും വാർദ്ധക്യത്തിന്റെയും ഇടക്കുള്ള ചെറുദൂരം നിലനിർത്തുന്നത് ആ പാലം കടക്കുവാൻ അവൾ തയ്യാറായിരുന്നോ? തിരക്കേറിയ ജീവിത ഏടുകൾ മറിഞ്ഞങ്ങു പോകുമ്പോൾ ഇങ്ങനെ ഒരു ഏടു മുറിക്കാൻ ഒരു പിരിമുറുക്കം...

നീണ്ട നിദ്രയിൽനിന്നും ഞെട്ടിയുണരുംപോലെ അവളുടെ അലയടിക്കുന്ന ചിന്തകൾക്കു കടിഞ്ഞാണിട്ടു കൊണ്ട് വീട്ടുജോലിയിലേക്ക് തിരിഞ്ഞു. പക്ഷെ എന്തോ ഒന്ന്, ഒരു നിഴൽ ആ മനസിന്റെ പിന്നാംപുറത്ത് അവളെ നോക്കി ചിരിക്കും പോലെ നാല്പതുകൾ എന്ന യാഥാർത്ഥ്യത്തിന്റെ നിഴൽ. ഇത് അവളെ മാത്രം അലയടിക്കുന്ന ചിന്തകളോ അതോ ഞാനടക്കമുള്ള സ്ത്രീ സമൂഹത്തിന്റെ മനസുകളിൽ ഒരിക്കലെങ്കിലും തോന്നി പോകുന്ന ചിന്തയോ ?

ഈ ചിന്തകൾക്കും തന്റെ കലുഷിതമായ മനസ്സിനും വിരാമമിടുവാൻ ഒരുറക്കം ആകാം. ഇന്നലകളിൽ ജീവിച്ചു, ഇന്നിൽ ജീവിക്കുന്ന താൻ നാളെയെന്ന ജീവിതം എന്തിനിത്ര ഭയക്കണം എന്ന ചിന്തയോടെ അവൾ മയക്കത്തിലേക്ക് വഴുതി. ആ മയക്കത്തിലും ബാക്കി നിന്നത് അവളുടെ നിഷ്കളങ്കമായ കുറുമ്പു നിറഞ്ഞ പുഞ്ചിരി,ആ ചിരിയുടെ മുൻപിൽ ഏതു കാലവും പ്രായവും തോറ്റു പോകും. അതാണവൾ മുപ്പത്തേഴിന്റെ തോണി മുപ്പത്തെട്ടിന്റെ കരയടിപ്പിക്കുമ്പോഴും ഇരുപതുകളുടെ ചുറുചുറുക്കു തുളുമ്പുന്ന സാന്ദ്ര. ■

# പിൻവിളി



**ALTHAF**
BBA LLB

മൊബൈൽ ഫോൺ ബെല്ല് കേട്ട് പത്ര വായനയിൽ മുഴുകിയിരുന്ന മാധവൻനായർ പത്രം മടക്കിവെച്ച് ഫോണെടുത്ത് ചെവിയോടടുപ്പിച്ചു. "ഹലോ..." നിരാശയോടെ കട്ട് ചെയ്ത് തിരികെ കസേരയിൽ ചാഞ്ഞിരുന്നു. അത് മൊബൈൽ കമ്പനിയിൽ നിന്നുള്ള "ഓഫർ" പറഞ്ഞുള്ള കാളായിരുന്നു. ഏതേലും സുഹൃത്തുക്കൾ തന്നെ വിളിക്കുന്നതാവും എന്ന് കരുതി നിരാശനായ അയാൾ തന്റെ ജീവിതത്തിന്റെ കടന്നുപോയ കാലങ്ങളിലേക്ക് ഒന്ന് തിരിഞ്ഞുനോക്കി.

എക്സൈസ് വകുപ്പിൽ ഓഫീസറായി റിട്ടയർ ചെയ്തിട്ട് ഏകദേശം ഒരു വർഷകാലമായി താൻ ജോലി നോക്കിയിട്ടുള്ള ഓഫീസുകൾ, അവിടെയുള്ള കൂട്ടുകാർ, അങ്ങനെ ഒരുപാട്പേർ തനിക്കു ചുറ്റുമുണ്ടായിരുന്നു. പല ആവശ്യങ്ങൾക്കുമായി പലരും അന്ന് തന്നെ വിളിച്ചിരിക്കുന്നു. പെൻഷൻ പറ്റി പിരിഞ്ഞതിന് ശേഷം ചില അടുത്ത സുഹൃത്തുക്കൾ കുറച്ചുനാളൊക്കെ വിളിക്കുമായിരുന്നു. ഇപ്പോൾ അതും നിലച്ചു.

അങ്ങനെ സ്വന്തം കുടുംബത്തെ ശ്രദ്ധിക്കാൻ അല്പവും നേരമുണ്ടായിരുന്നില്ല. ജോലി ലഭിക്കുന്നതിന് മുൻപേ കൂട്ടുകാരോട് ചേർന്ന് അല്പം മദ്യപിക്കുമായിരുന്നു. തനിക്ക് മദ്യം സുലഭമായി ലഭിക്കുന്ന വകുപ്പിൽ തന്നെ ജോലിയും ലഭിച്ചു. അവിഹിത കൂട്ടുകെട്ടുകളിലൂടെ അവിഹിത ബന്ധങ്ങളും ഉടലെടുത്തു. ഇതിനിടെ വീട്ടുകാരുടെ നിർബന്ധത്താൽ വിവാഹം കഴിച്ചു, രണ്ട് കുട്ടികളുമായി.

ഭാര്യയോടോ മക്കളോടൊ ഉള്ള കടമകൾ ഒന്നും തന്നെ ശരിയായ രീതിയിൽ നിർവഹിക്കാൻ കഴിഞ്ഞിരുന്നുമില്ല. എപ്പോഴും സങ്കടം നിറഞ്ഞ മുഖത്തോടെ നിൽക്കുന്ന ഭാര്യ തന്റെ സ്വതന്ത്ര ജീവിതത്തിൽ ഒരു ഭാരമായി അന്നു തോന്നി. അവൾ തന്നെ ഒരുപാട് സ്നേഹിച്ചിരിന്നു.... അതു മനസ്സിലാക്കിയിരുന്നിട്ട് പോലും ആ സ്നേഹം തിരികെ നൽകാൻ താൻ മെനക്കെട്ടില്ല. എങ്കിലും അവൾ മാത്രമാണ് ഇന്ന് തന്റെ ഏക ആശ്വാസം. മക്കളുടെ ബാല്യം, കൗമാരം... ഇതൊന്നും കടന്ന് പോയത് അയാൾ അറിഞ്ഞിരുന്നില്ല... അല്ലെങ്കിൽ അറിയാൻ ശ്രമിച്ചിരുന്നില്ല. അവരെ ലാളിക്കാനോ സ്നേഹിക്കാനോ മെനക്കെട്ടില്ല.

എല്ലാം സഹിച്ച് അടുക്കളയിൽ തന്റെ ഭാര്യ ഒതുങ്ങികൂടിയെങ്കിലും മക്കളെ വളർത്താനും പഠിപ്പിക്കാനും അവൾ ശ്രമിച്ചു. ഇന്നവർ നല്ല നിലയിലായി എന്നൊരു ആശ്വാസമുണ്ട് മനസ്സിൽ. തനിക്കു കൂട്ടിന് അന്നത്തെ ജീവിതാസ്വാദനത്തിൽ നിന്നും ലഭിച്ച പലവിധ രോഗങ്ങളും.

നിറഞ്ഞുവന്ന കണ്ണുനീർ തുടച്ചു നീക്കി അയാൾ കസേരയിൽ നിവർന്നിരിക്കെ ഗേറ്റിൽ കാറിന്റെ ഹോൺ മുഴങ്ങി. എഴുന്നേറ്റ് ഗേറ്റ് തുറക്കവേ കണ്ടത് അപ്പൂപ്പാ എന്ന് കൊഞ്ചി വിളിച്ച് ഇരുകൈകളും തനിക്കു നേരെ നീട്ടി മകളുടെ മടിയിലിരുന്ന കൊച്ചുമകനെ. അവനെ വാരിയെടുത്ത് ഭാര്യയെ പേര് ചൊല്ലി നീട്ടി വിളിച്ചു ഉമ്മറപ്പടി കേറി അയാൾ ആത്മഗതം ചെയ്തു.

മക്കൾക്ക് നൽകാൻ കഴിയാത്ത സ്നേഹമടക്കം കൊച്ചുമക്കളിലൂടെ തനിക്കു മടക്കി കൊടുക്കണം. ■





**GANGA AJAY**
BBA, LLB

# കാൽ ചിലമ്പ്



“അപ്പുവേട്ടാ, ശരിക്കും ആ ഗുഹക്കുള്ളിൽ നാഗമാണിക്യം ഉണ്ടോ?”

“ഉണ്ടെന്നാണ് പഴമക്കാർ പറയുന്നേ, ഉണ്ണിക്കുട്ടനോട് ഇപ്പോ ഇതാരാ പറഞ്ഞേ?”

“തെക്കേലെ കുട്ടൻ പറഞ്ഞതാ, അവന്റെ അച്ഛൻ അവനോട് പറഞ്ഞതാണ്... അത് ഉള്ളതാണോ?”

“ആ ഉള്ളതാവും ചെക്കാ... നീ നേരെ നോക്കി സൈക്കിളിൽ ഇരിക്ക്.”

“ആരെങ്കിലും നാഗമാണിക്യം കണ്ടിട്ടുണ്ടോ അപ്പുവേട്ടാ...?”

“ആവോ എനിക്ക് അറിയില്ല ഉണ്ണിക്കുട്ടാ.. പണ്ടാരോക്കെയോ പറഞ്ഞു അതിന് വേണ്ടി ശ്രമിച്ചിട്ട് മരിച്ചിട്ടുണ്ടെന്നോ പ്രാന്തായിന്നോ ഒക്കെ പറയണ കെട്ടിട്ടുണ്ട്.”

“ശരിക്കും നാഗമാണിക്യം ഉണ്ടാകോ അപ്പുവേട്ടാ?”

“ഉണ്ണിക്കുട്ടൻ ഇപ്പോ എന്താ വേണ്ടേ! നാഗമാണിക്യം കാണണോ?”

“അത് കാണണം എന്നുണ്ട് അപ്പുവേട്ടാ...നമുക്ക് ഗുഹയിൽ പോയി നോക്കിയാലോ?”

“പോടാ ചെക്കാ... നിനക്ക് വട്ടാ...

എന്നിട്ട് വേണം നാഗത്താന്മാർ എന്നെ കൊല്ലാൻ. അതുമാത്രമല്ല, ഗുഹേടെ പരിസരത്ത്നിന്നും ഇടക്ക് കാൽചിലമ്പ് ശബ്ദം കേൾക്കാറുണ്ടെന്ന്."
"അതെന്താ അപ്പുവേട്ടാ കാൽചിലമ്പിന്റെ ശബ്ദം?"
"നാഗത്തറയിൽ കളമെഴുതി നാഗത്താൻ തുള്ളുമ്പോൾ, തുള്ളുന്ന ആളിന്റെ കാലിൽ കിടക്കുന്ന ചിലമ്പ് ഉണ്ണിക്കുട്ടൻ കണ്ടിട്ടില്ലേ...? ആ ചിലമ്പിൽ നിന്ന് വരുന്ന ശബ്ദം കേട്ടിട്ടില്ലേ? അതാണ് കാൽചിലമ്പിന്റെ ശബ്ദം. അതുപോലുള്ള ശബ്ദം ഇവിടെ കെട്ടിട്ടുണ്ടത്രേ..."
"അപ്പൂവേട്ടൻ കാൽചിലമ്പിന്റെ ശബ്ദം കേട്ടിട്ടുണ്ടോ?"
"ഞാൻ ഒന്നും കേട്ടിട്ടില്ല, ആളുകൾ പറഞ്ഞിട്ടുള്ള കേട്ടറിവേ ഉള്ളൂ."
"പിന്നേ... അങ്ങാനൊന്നും ഉണ്ടാവില്ല അപ്പുവേട്ടാ... നമുക്ക് പോയി ഗുഹക്കുള്ളിൽ നോക്കാന്നെ!"
"ഉണ്ണിക്കുട്ടൻ ഇറങ്ങിയേ... ദേ വീടെത്തി, ഇനി ട്യൂഷൻ കാലത്ത് റെഡിയായി നിന്നോ... ഞാൻ ആക്കി തരാം."
"അപ്പുവേട്ടാ നാഗമാണിക്യം..."
"ഒന്ന് പോടാ ചെക്കാ... നാഗമാണിക്ക്യോം മണ്ണാങ്കട്ടയും."

അതും പറഞ്ഞ് അപ്പു സൈക്കിളിൽ പോയി. ഉണ്ണിക്കുട്ടൻ എന്തൊക്കെയോ ആലോചിച്ച് വീട്ടിലേക്ക് കയറി.

"ഉണ്ണിക്കുട്ടൻ വന്നോ?"
"വന്നു അമ്മേ..."
"വന്ന് ചായ കുടിക്ക്..."
"ആ അമ്മേ... പിന്നേ... നാളെ വൈകിട്ട് ട്യൂഷൻ ഇല്ലാട്ടോ... നാളെ കാലത്താ ട്യൂഷൻ... അപ്പൂവേട്ടനും രാവിലെ തന്നെയാ... അമ്മ കാലത്ത് എന്നെ വിളിക്കണേ."
"ആ, എപ്പോഴാ പോവേണ്ട?"
"കാലത്ത് 6.30യ്ക്ക് വിളിച്ചോ അമ്മേ... 7 മണിക്ക് പോയാ മതി."
"ശരി... നീ ഈ ചായേം ബിസ്കറ്റും കഴിക്ക്..."
"ഓ ബിസ്കറ്റേയുള്ളൂ?"
"വേറൊന്നൂല്ല..."
"ഹും... ശരി..."

ഉണ്ണിക്കുട്ടൻ ചായ കുടിച്ചു. എന്നാലും അവിടെ നാഗമാണിക്യം ഉണ്ടോ? അതെങ്ങനെ ഇരിക്കും? എന്താ അതിന്റെ കളർ... അങ്ങനെ ഒന്ന് കാണോ...ആ ഗുഹേടെ ഉള്ളിക്ക് പോയാലോ...? അങ്ങനെ ഓരോന്ന് ചിന്തിച്ചിരുന്നു.
നാഗമാണിക്യം കാണാനുള്ള അടങ്ങാത്ത ആഗ്രഹം ഉണ്ണിക്കുട്ടന്റെ മനസ്സിൽ ഉടലെടുത്തു. എങ്ങനെയെങ്കിലും നാഗമാണിക്യം കാണണം. ഉണ്ണിക്കുട്ടൻ മനസ്സിൽ ഉറപ്പിച്ചു. എന്നിട്ട് ഉണ്ണിക്കുട്ടൻ അച്ഛന്റെ ഒരു ലൈറ്റർ ടോർച്ച് എടുത്തു ബാഗിലിട്ടു.
ആ ഗുഹക്കുള്ളിൽ ഇരുട്ടാണെന്നാണ് കുട്ടൻ പറഞ്ഞത്. ഇനി എപ്പോഴേലും ആ ഗുഹക്കുള്ളിൽ കയറുമ്പോൾ ടോർച്ച് വേണമല്ലോ... ഈ ടോർച്ച് കയ്യിൽ ഇരിക്കട്ടെ.

പിറ്റേന്ന് കാലത്ത്...

"ഉണ്ണീ... എഴുന്നേൽക്ക്... 7 മണിയായി."
"7 മണിയോ!!!"
ഉണ്ണിക്കുട്ടൻ ചാടി എഴുന്നേറ്റു സമയം നോക്കി. 6.15 ആയിട്ടുള്ളു. അമ്മ പറ്റിച്ചതായിരുന്നോ. ഈ അമ്മേടെ ഓരോ കാര്യം!
"വേഗം എണീറ്റ് പോയി പല്ല് തേച്ച് ട്യൂഷന് പോകാൻ നോക്ക്."
അവൻ റെഡിയായി ബാഗും എടുത്ത് വീടിന് പുറത്ത് നിന്നു.
6.50 ആയിട്ടും അപ്പുവേട്ടനെ കാണാനില്ലല്ലോ. പതുക്കെ നടക്കാം. അപ്പൂവേട്ടൻ അടുത്തെത്തുമ്പോൾ കയറി പോകാലോ.
ഉണ്ണിക്കുട്ടൻ പതിയെ നടന്നു. കുറച്ചു നടന്നപ്പോൾ നാഗത്തറയും ഗുഹയും അവന്റെ ശ്രദ്ധയിൽ പെട്ടു. കയറിയാലോ? കുഴപ്പമാകോ...? നാഗത്താന്മാർ കാണോ? ഒരഞ്ചു മിനിറ്റ് മതിയല്ലോ. കേറിട്ട് പെട്ടെന്നിറങ്ങാം. അപ്പോഴേക്കും അപ്പുവേട്ടൻ വരും. നാഗമാണിക്യം കാണാനുള്ള അടങ്ങാത്ത ആഗ്രഹം ഉണ്ണിക്കുട്ടനെ ഗുഹക്കുള്ളിൽ കയറാൻ പ്രേരിപ്പിച്ചു. നല്ല ഇരുട്ട്. ബാഗിൽ നിന്നും ഉണ്ണിക്കുട്ടൻ ടോർച്ച് എടുത്തു. ഈ ലൈറ്റർ അടിച്ചു മാറ്റി ബാഗിൽ ഇന്നലെ തന്നെ ഇട്ടത് നന്നായി. ഇല്ലെങ്കിൽ പെട്ടെനെ.
നേരെ നടന്നു. ഒന്നും കാണുന്നില്ലല്ലോ... എവിടെയാണ് നാഗമാണിക്യം. കുറച്ചൂടെ പോയി നോക്കാം. ഉണ്ണി ഉള്ളിലേക്ക് നടന്നു. പെട്ടെന്ന് ഒരു കല്ലിൽ കാലുതട്ടി ഉണ്ണിക്കുട്ടൻ വീണു. ഉണ്ണിക്കുട്ടന്റെ കയ്യിൽ നിന്നും ലൈറ്റർ ടോർച്ച് തെറിച്ചു വീണു. ഉണ്ണിക്കുട്ടൻ എണീറ്റ് ടോർച്ച് തപ്പി.
"ദൈവമേ... ഇത് പൊട്ടിപോയല്ലോ... നല്ല ഇരുട്ടും... ഞാനെങ്ങനെ പുറത്ത് കടക്കും?"
കടവവ്വാലുകളുടെ ചിറകടി ശബ്ദം ഉണ്ണിക്കുട്ടന്റെ കാതിൽ പതിഞ്ഞു. ചീവീടുകൾ ഉച്ചത്തിൽ ചീറുന്നുണ്ടായിരുന്നു. ഗുഹക്കുള്ളിൽ എന്തൊക്കെയോ ശബ്ദങ്ങൾ. നാഗത്താന്മാർ ആയിരിക്കുമോ?
ഉണ്ണിക്കുട്ടന്റെ സമനില തെറ്റുന്നപോലെ തോന്നി. ഉറക്കെ കരയാൻ പോലും ശബ്ദം വന്നില്ലാ. തന്റെ അമിതമായ ആഗ്രഹത്തെ ഉണ്ണിക്കുട്ടൻ സ്വയം ശപിച്ചു.
ആരോ നടന്ന് വരുന്ന പോലെ ശബ്ദം കേൾക്കുന്നു. ഇരുണ്ട വെളിച്ചം അടുത്തേക്ക് വരുന്നുണ്ട്. പേടിച്ച് ഉണ്ണിക്കുട്ടൻ കണ്ണുകൾ രണ്ടും അടച്ചു മുഖം പൊത്തി അവിടെ ഇരുന്നു.
പെട്ടെന്ന് ഒരു ഉണ്ണിക്കുട്ടന്റെ പുറത്ത് വന്നുപതിച്ചു. എന്നിട്ട് വിളിച്ചു, "ഉണ്ണിക്കുട്ടാ..."
ഉണ്ണിക്കുട്ടൻ മെല്ലെ മുഖം ഉയർത്തി നോക്കി.
"അപ്പൂവേട്ടൻ!"
ഉണ്ണിക്കുട്ടൻ അപ്പുവിനെ കെട്ടിപ്പിടിച്ചു.
"ഉണ്ണിക്കുട്ടാ, വേഗം വാ. എന്റെ കയ്യിൽ പിടിക്ക്."
അങ്ങനെ അപ്പുവേട്ടനും ഉണ്ണിക്കുട്ടനും ഗുഹക്ക് പുറത്തിറങ്ങി.
"അപ്പുവേട്ടനു എങ്ങനെ ഞാൻ ഇതിനകത്ത് ഉണ്ടെന്ന് മനസ്സിലായി?"
"നീ ഗുഹക്കുള്ളിൽ കയറുന്നത് ഞാൻ കണ്ടിരുന്നു. വിളിക്കാൻ പോയപ്പോഴേക്കും നീ അകത്തുകയറിയിരുന്നു. ഞാൻ നേരെ രാമന്റെ വീട്ടിൽ കേറി ഒരു ചെറിയ ടോർച്ച് മേടിച്ചിട്ടാ വന്നത്."
ഉണ്ണിക്കുട്ടൻ ആകെ ഭയന്നിരുന്നു.
"പേടിക്കണ്ട. ഞാനിത് അച്ഛനോടും അമ്മയോടും പറയില്ലാ. നിനക്കൊന്നും പറ്റിയില്ലല്ലോ?"
"ഇല്ല അപ്പുവേട്ടാ..."
"നീ എന്നിട്ട് നാഗമാണിക്യം കണ്ടോ?"
"കണ്ടെങ്കി അതും എടുത്തോണ്ട് വരില്ലേ അപ്പുവേട്ടാ ഞാൻ"
"ഉം... ഇപ്പോ എടുക്കും. പേടിത്തൊണ്ടൻ!"
"കളിയാക്കാതെ പോ അപ്പുവേട്ടാ..."

ഉണ്ണിക്കുട്ടാ... ഈ നാഗത്തറയും ഗുഹയുമെല്ലാം നമ്മുടെ നാടിന്റെ പൈതൃകങ്ങളാണ്. നാഗമാണിക്യം ഉണ്ടാകാം. ഇല്ലാതിരിക്കാം. പക്ഷെ അതെല്ലാം രഹസ്യങ്ങളാണ്. വർഷത്തിൽ ഒരിക്കൽ നാഗത്തറയിലെ അമ്പലത്തിൽ നാഗങ്ങൾക് നൂറും പാലും നൽകി കളമെഴുതി കാലിൽ ചിലമ്പുമിട്ട് തുള്ളുന്നില്ലേ... അതൊക്കെ നമ്മുടെ നാടിന്റെ പൈതൃകങ്ങളാണ്. നാഗമാണിക്യം ഉണ്ടെന്നുള്ളത് വിശ്വാസം ആണ്. നമ്മുടെ നാടിന്റെ വിശ്വാസം.

"ഉം...ശരിയാ അപ്പുവേട്ടാ..."
"നീ സൈക്കിളിൽ കയറ്, വാ പോവാം."
"ആ അപ്പുവേട്ടാ"

ഉണ്ണിക്കുട്ടൻ സൈക്കിളിൽ കയറി. സൈക്കിൾ നീങ്ങുമ്പോൾ ഉണ്ണിക്കുട്ടൻ നാഗത്തറയിലേക്ക് നോക്കി. എവിടെ നിന്നോ ഒരു കാൽചിലമ്പിന്റെ ശബ്ദം കേൾക്കുന്നപോലെ അവനു തോന്നി ■

# ഓർമ്മകൾ



**SAYOOJYA AJAY**
BBA LLB

കൊല്ലത്തേക്കുള്ള ജനശതാബ്ദിയുടെ വിൻഡോ സീറ്റിൽ മൊബൈലിൽ പാട്ടും കേട്ട് ഇരിക്കുകയായിരുന്നു. സംസാരിക്കാൻ ആരെയെങ്കിലും കിട്ടിയിരുന്നെങ്കിൽ നന്നായേനെ എന്ന് വിചാരിച്ചു. അടുത്തിരിക്കുന്നവരും മൊബൈലിൽ തന്നെയാണ്.

ഒരുറക്കം കഴിഞ്ഞെഴുന്നേറ്റപ്പോൾ എന്റെ അടുത്ത് ഒരു അപ്പുപ്പൻ വന്നിരിന്നു. മുമ്പെങ്ങോ കണ്ട് പരിചയമുള്ളതു പോലെ എന്നോട് സംസാരിച്ചു തുടങ്ങി. കോഴിക്കോട്ടാണ് ദേശം.
"എനിക്ക് പെരുമ്പാവൂര് കൊറെ ഫ്രെണ്ട്സ് ഇണ്ട്. പെരുന്നാളിനൊക്കെ വീട്ടേൽ വിളിക്കും എല്ലാരും... "
ഞാനദ്ദേഹം പറയുന്നത് കൗതുകത്തോടെ കേട്ടിരുന്നു.

*" Do you know who created the religions? "*
*"Isn't it a mere lie created by the humans? "…*
"ബൈബിൾ വായിച്ചിട്ടുണ്ടോ മോൾ? "
"ആം. വായിച്ച് തുടങ്ങിയാർന്നു.. മുഴുവനാക്കിയില്ല "
"വായിക്കുമ്പോ കാണാം.. എന്തൊരു സാമ്യതകളാ.. മറിയവും ജോസഫും ദാവീദും അബ്രഹാമുമൊക്കെ അങ്ങേതിലും ഇല്ലേ? വേറെ പേരുകളിൽ....? "
" ഉണ്ട്.... അല്ലെങ്കിലും ഇതെല്ലാം ഒന്നു തന്നെയല്ലേ അപ്പൂപ്പാ.... അല്ലറ ചില്ലറ വ്യത്യാസങ്ങളെ ഉള്ളു. വിവരോം വിദ്യാഭ്യാസോം ഉള്ള ഇക്കാലത്തും മനുഷ്യർ ഇതും പറഞ്ഞ് തമ്മിൽ തല്ലുന്നു "
"അങ്ങനെ പറഞ്ഞൂട മോളെ.. *Education and knowledge are quite different... !"*
അങ്ങനെ അങ്ങനെ സംസാരം നീണ്ടു പോയി..... കോട്ടയത്തെത്തിയപ്പോൾ പിന്നെ പൂർവികരുടെ റബ്ബർ കൃഷിയായി വിഷയം.

രണ്ട് മാസങ്ങൾക്ക് ശേഷം ഒരു ആശുപത്രിയിൽ വെച്ച് തികച്ചും യാദൃശ്ചികമായി ഞങ്ങൾ വീണ്ടും കണ്ടു. എന്നെ തിരിച്ചറിഞ്ഞിരുന്നില്ല. പിന്നെ പറഞ്ഞപ്പോൾ ഓർത്തു. അന്നും ഇതുപോലെ കുറെ കാര്യങ്ങൾ പറഞ്ഞു "സന്തോഷത്തോടെ ജീവിക്കണമെന്ന പഴയ വാശി ഒക്കെ വിട്ടു മോളെ... ഇപ്പോ സമനില തെറ്റാതെ ജീവിക്കണെന്നേ ഒള്ളു " ചിരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു.
പിന്നെ ഞങ്ങൾ കണ്ടത് മൂവാറ്റുപുഴയിലെ " സ്നേഹാശ്രമം " എന്ന വൃദ്ധസദനത്തിൽ വെച്ചാണ്.
(തികച്ചും യാദൃശ്ചികമല്ലാതെ)
"മോളെ.. ഇയ്യെന്നാണ് ന്നെപ്പറ്റി ഒരു കഥ എഴുതുക? "
"അത് ഇപ്പോ തന്നൊന്നും അല്ല. ഞാൻ വലുതായിട്ട് ഇങ്ങള് പറേണ പോലെ വല്ല എഴുത്തുകാരിയൊക്കെ ആകട്ടെ, അപ്പോൾ ആത്മകഥയൊക്കെ എഴുതൂല്ലേ...
അപ്പോൾ കൊറേ കഥ എഴുതാം.... അപ്പൊ രസവും... "
"പിന്നേ... അപ്പൊ ഒക്കെ ഞാൻണ്ടാഹോ?..... "
"ഇങ്ങള് ണ്ടാവാതെ പിന്നെ ആര്ണ്ടാവാൻ..... അപ്പൊ ആരുല്ലേല്ലും ഇങ്ങള്ണ്ടാവും "

"നോക്കാം.... "
"നോക്കാണേ.... " ■





EVUGINE

# ഒരു ചിത്രശലഭത്തിന്റെ ദുഃഖം

എന്റെ മനസ്സിനെ വേദനിപ്പിച്ച ധാരാളം സംഭവങ്ങളുണ്ട്. എന്റെ ഹൃദയം പിടഞ്ഞ നിമിഷങ്ങളും. എന്നാൽ ഈ കലാലയ കുടുംബത്തിലേക്ക് വന്നതിനുശേഷം ആരാലും അറിയാതെ എന്നെ വേദനിപ്പിച്ച സംഭവങ്ങളിൽ ഒന്നാണിത്. യുക്തിയുടെയും ബുദ്ധിയുടെയും തലത്തിൽ പോലും എനിക്ക് വിശദീകരിക്കാൻ കഴിയാത്ത ഒരു സംഭവം കൊഴിയാൻ മടിക്കുന്ന ഓർമ്മകളിൽനിന്നും ഒരു നോവിൻ തീപ്പൊരിയായി പടർന്നു കയറുന്നു ഓർമ്മയുടെ ജാലകത്തിലൂടെ മറനീക്കി നോക്കിയപ്പോൾ ദിവസങ്ങൾ മാഞ്ഞുപോയി മാസങ്ങളും എന്നാൽ ആ സംഭവം ഇന്നും വേദനയുടെ ഒരു നിഴൽ പൊട്ടുപോലെ

ഓർമ്മകളുടെ മണിച്ചെപ്പിൽ ഒരായിരം വേദനകളുടെയും തിരസ്കരണങ്ങളുടെയും കൂടെ ഒരു വേദനയായി അവശേഷിക്കുന്നു. കൂടെ അവളുടെ ആ വേദനിക്കുന്ന മുഖവും മനസ്സിൽ ഒളിപ്പിച്ചുവച്ച ആ കണ്ണുനീർത്തുള്ളികൾ എന്നും എന്റെ ഹൃദയത്തെ പൊള്ളിച്ചുകൊണ്ടിരിക്കുകയാണ്.

ദൈവം അവളെ നോക്കി പറഞ്ഞു 'അവൾ എത്ര സുന്ദരിയാണ്' കാരണം ദൈവം അവളുടെ ഹൃദയത്തെ കാണുന്നു. ലോകം അവളെ നോക്കി പറഞ്ഞു അവൾ വിരൂപയാണ്. മനുഷ്യൻ ബാഹ്യരൂപം മാത്രം കാണുന്നു. ദൈവത്തിന്റെ കണ്ണിലൂടെ എല്ലാം നോക്കികാണുന്ന കലാകാരൻ പറഞ്ഞു 'അതെ അവൾ സുന്ദരിയാണ്' കാരണം അവളുടെ സ്നേഹമാണ് അവളുടെ സൗന്ദര്യം ആഗ്രഹിക്കാത്ത നിമിഷത്തിൽ വന്നു ചേരുന്ന സൗഭാഗ്യമാണ് സുഹൃത്ത് അന്നും എന്നത്തെതും പോലെ ഒരു സാധാരണ ദിവസമായിരുന്നു ഓഫീസിലേത്. എന്നാൽ ഞാനിവിടെ വന്നിട്ട് ഇത്രയും വർഷങ്ങളായി കാണാത്ത ഒരു കാഴ്ച അന്ന് ഞാൻ കണ്ടു. അത് ഓഫീസിലെ മുൻവശത്ത് സർവ്വവും മറന്ന് പാറി കളിച്ച് നൃത്തം ചെയ്യുന്ന ചാര വർണ്ണ നിറത്തിലുള്ള ഒരു ചിത്രശലഭം. ഇതുവരെയും ഓഫീസിനകത്ത് ഞാൻ ഒരു ചിത്രശലഭത്തെ കണ്ടിട്ടില്ലായിരുന്നു.

അതിന്റെ മനോഹരനൃത്തം ഞാൻ കുറച്ചുസമയം കൗതുകത്തോടെ നോക്കിനിന്നശേഷം ഓഫീസിലെ ആവശ്യത്തിന് ഞാൻ പുറത്തേക്ക് പോയി തിരിച്ചുവന്നപ്പോഴും കാണുന്നത് അത് സർവ്വവും മറന്ന് സന്തോഷിച്ച് പാറിപ്പറന്നു കളിക്കുന്നതാണ് ഏകദേശം ഉച്ചയോടടുത്ത സമയം എനിക്ക് വീണ്ടും പുറത്തേക്ക് പോകേണ്ടതായി വന്നു. അത് കാരണം ഞാൻ എന്റെ ക്യാബിനിൽ ആഹാരം കഴിക്കുവാനായിരുന്നു ആ സമയം അവൾ ചാരനിറത്തിലുള്ള തൂവെള്ള വർണ്ണത്തോടുകൂടിയ മനോഹരമായ ചിറകുകൾ വീശി ഓഫീസിന് മുൻവശത്തിരുന്ന വ്യക്തികൾക്ക് ചുറ്റും നൃത്തം ചെയ്യുവാൻ തുടങ്ങി. സന്തോഷം കൊണ്ട് മതിമറന്ന ഒരു നൃത്തം പോലെയായിരുന്നു അത്. ഞാൻ ആ മനോഹര നൃത്തത്തിൽ മുഴുകി ആഹാരം കഴിക്കുവാനും തുടങ്ങി. പെട്ടന്ന് മുൻവശത്തു നിന്നും ഒരു പെൺകുട്ടിയുടെ വെറുപ്പോടു കൂടിയ ഉച്ചത്തിലുള്ള ഒരു സ്വരം ഞാൻ കേട്ടു. 'ദേ വൃത്തികെട്ട ഒരു ചിത്രശലഭം ഇതിനെ ആരെങ്കിലും ഒന്ന് അടിച്ചോടിക്കുമോ.' അവൾ ചിത്രശലഭത്തെ അടിച്ചോടിക്കാൻ ശ്രമിക്കുകയായിരുന്നു. ആ സമയവും അത് ആ പെൺകുട്ടിക്ക് ചുറ്റും പാറിപ്പറന്ന് അതിന്റെ നിഷ്കളങ്ക സ്നേഹം പ്രകടിപ്പിക്കുകയായിരുന്നു. പെട്ടന്ന് ഞാനും തിരിച്ച് ഉച്ചത്തിൽ പ്രതികരിച്ചു മനോഹരിയായ ചിത്രശലഭത്തെ ആർക്കാണ് ഇത്ര വൃത്തികെട്ടത് എന്ന് പറയുവാൻ തോന്നിയത്.

എന്റെ ഹൃദയത്തിൽ തട്ടി ആത്മാർത്ഥതയോടെ ഞാനത് പറഞ്ഞതുകൊണ്ടാകാം എന്നെ ഞെട്ടിച്ചുകൊണ്ട് അത് ആ നിമിഷം എന്റെ ക്യാബിൻ ലക്ഷ്യമാക്കി പറന്നടുത്തു. അക്ഷരാർത്ഥത്തിൽ ഞാൻ ഞെട്ടിപ്പോയി. കാരണം രാവിലെ മുതൽ ഞാനതിനെ കാണുന്നതാണ്. അത് ഒരിക്കൽപോലും ക്യാബിന് മുൻവശത്തു നിന്നും പിൻവശത്തേക്ക് വന്നിട്ടില്ലായിരുന്നു. സന്തോഷത്തോടെ എന്റെ ചുറ്റും വട്ടമിട്ട് പറന്നു. എന്റെ മുഖത്തുകൂടി അതിന്റെ ചാരനിറത്തിലുള്ള ചിറകുകൾ പലപ്രാവശ്യം മുട്ടിയുരുമ്മി അതെനിക്ക് മുത്തം തരുന്നതുപോലെ അതിന്റെ സ്നേഹം പ്രകടിപ്പിച്ചു. പെട്ടെന്ന് അത് തന്റെ ചിറകുകൾ മെല്ലെ ഒതുക്കി അതെന്റെ മടിയിൽ നിശബ്ദമായിരുന്നു. അത് അതിന്റെ കുഞ്ഞു തല മുകളിലേക്ക് ഉയർത്തി എന്റെ മുഖത്തേക്ക് നോക്കി മൂകമായ ഭാഷയിൽ അവൾ എന്തോ മന്ത്രിച്ചു. എല്ലാവരും എന്നെ വെറുത്തപ്പോഴും, ആട്ടിയോടിച്ച അപ്പോഴും നീ മാത്രം. . . . നീ മാത്രമേ എന്നെ സ്നേഹിക്കുവാൻ ഉണ്ടായിരുന്നുള്ളു. നിന്റെ പ്രാണനോട് ചേർത്തുവയ്ക്കാൻ ഉണ്ടായിരുന്നുള്ളൂ അവൾ എല്ലാവരെയും സ്നേഹിച്ചിരിക്കണം. സ്നേഹമെന്തെന്ന് അറിഞ്ഞ ഒരു ഹൃദയത്തിനു മാത്രമേ തിരസ്കരണത്തിന്റെ നൊമ്പരം തിരിച്ചറിയാനാകു. സ്നേഹിക്കാത്ത ഒരു വ്യക്തിയെ സംബന്ധിച്ചടുത്തോളം തിരസ്കരണം ഒരു പ്രശ്നമേയല്ല. ഒരാൾ ഒന്നും തള്ളിപ്പറഞ്ഞാൽ ദുഃഖിക്കാൻ എന്താണ് ഇരിക്കുന്നത്. അവർക്ക് അവരുടെ വഴി എനിക്ക് എന്റെ വഴി. അവർ അവരുടെ വഴിക്ക് പോകട്ടെ എന്ന് ഒരാളെക്കുറിച്ച് കരുതാൻ ആത്മാർത്ഥമായി സ്നേഹിക്കുന്ന ഒരു ഹൃദയത്തിന് ഒരിക്കലും കഴിയുകയില്ല.

തന്റെ ഹൃദയത്തോട് ചേർത്തു വയ്ക്കുന്ന അവരുടെ ഹൃദയസ്പന്ദനങ്ങൾ താളം തെറ്റുമ്പോഴും ഹൃദയം പിടയുമ്പോഴും അവരുടെ ഹൃദയവും പിടയുന്നു. സ്നേഹത്തിന്റെ ആഴം അനുസരിച്ച് തിരസ്കരണത്തിന്റെ വേദനയും കൂടും. കപടതയുടെ മുഖംമൂടി അണിഞ്ഞവർക്ക് സ്നേഹബന്ധങ്ങൾ ഒരു പ്രശ്നമേയല്ല, അഭിനയമാണ് അവരുടെ സ്നേഹബന്ധങ്ങൾ. കൊച്ചുജീവിതത്തിൽ അവളുടെ ഹൃദയത്തിൽ ഒളിഞ്ഞ നിഷ്കളങ്ക സ്നേഹജ്വാല അവൾ എല്ലാ മനുഷ്യരിലും കൊളുത്താൻ ആഗ്രഹിച്ചു കാണും.

എന്റെ മടിയിലിരുന്ന് എന്റെ മുഖത്തേക്ക് നോക്കുന്ന അവളുടെ ആ മുഖം ഞാൻ സ്നേഹത്തോടെ നോക്കി. തിരസ്കരിക്കപ്പെട്ട സ്നേഹത്തിന്റെ വേദന ആ കണ്ണുകളിൽ നിഴലിച്ചിരുന്നു. ആ മിഴിയിണയിൽ ഒരായിരം ദുഃഖകണങ്ങൾ പൊടിഞ്ഞിരുന്നു. നെഞ്ചോടുചേർത്ത് അവർ നെഞ്ചകം പിളർന്ന വേദനയിൽ അവൾ പിടയുന്നുണ്ടാകാം. ഏതോ വിഷാദം അവളിൽ പടരുന്നതുപോലെ എനിക്ക് തോന്നി. ആ വെറുക്കപ്പെട്ട വാക്ക് കേൾക്കുന്നത് വരെ അവൾക്ക് എന്ത് സന്തോഷമായിരുന്നെന്നൊ. എത്ര ആനന്ദത്തോടെയാണ് അവൾ പാറിപറന്നു നൃത്തം ചെയ്തത്. ആ ഉത്സാഹവും സന്തോഷവും എവിടെയോ പോയി മറഞ്ഞു. എന്റെ മടിയിൽ ജീവച്ഛവം പോലെ ഇരിക്കുന്ന അവളുടെ അവസ്ഥ എന്നിൽ വേദനയുളവാക്കി. നിഷ്കളങ്കമായ സ്നേഹവും വെറുപ്പും ഇവരണ്ടും പ്രകൃതിയും ജീവജാലങ്ങളും തിരിച്ചറിയുമായിരിക്കാം.

പ്രപഞ്ചത്തിലെ എല്ലാ ജീവജാലങ്ങളുടെയും ഒരേ ഒരു സാർവത്രിക ഭാഷ സ്നേഹമാണല്ലോ. കഴിക്കുവാനുള്ള ആഹാരം കഴിക്കാതെ അപ്പോഴും എന്റെ കയ്യിൽ ഇരിക്കുകയായിരുന്നു. അതുകൊണ്ടാകാം മടിയിൽനിന്ന് മെല്ലെ പറന്ന് എന്റെ ക്യാബിന് ചുറ്റും മാത്രം ഒരു ഉത്സാഹവും ഇല്ലാതെ വിഷാദത്തോടെ കുറച്ചുസമയം പാറിപ്പറന്നു. അവസാനം ഞാൻ തിടുക്കത്തിൽ സിറ്റിയിൽ പോകുമ്പോഴും അവൾ മറ്റൊരിടത്തും പറക്കാൻ കൂട്ടാക്കാതെ എന്റെ മേശപ്പുറത്ത് ഇരിക്കുകയായിരുന്നു. പരുഷമായ തിരസ്കരണത്തിനുശേഷം അത് എന്റെ ചുറ്റും കുറച്ചു നേരം പാറിപ്പറന്നതല്ലാതെ പിന്നീട് അത് പാറി നടന്നില്ല.

വൈകുന്നേരം തിരിച്ചു വന്നപ്പോൾ എല്ലാവരും പോയിരുന്നു. അവൾ പറന്നു പോയി കാണും എന്ന് ഞാൻ കരുതി എന്നാൽ എന്റെ ചിന്തകളെ തെറ്റിച്ചുകൊണ്ട് ഒരിടത്തും പറന്നുപോകാതെ എന്റെ ക്യാബിന്റെ ചുവരിൽ തന്നെ ഇരുന്നു. അവളുടെ സന്തോഷവും ഉല്ലാസവും ആ തിരസ്കരണത്തോടെ എവിടെയോ പോയി മറഞ്ഞിരുന്നു. ഒരു വിഷാദ ഭാവം മാത്രം ഞാൻ കണ്ടു. ഇരുളിൽ ഒരു പക്ഷേ ഞാൻ വന്നത് അവൾ കണ്ടു കാണില്ലായിരിക്കാം. അവളെ ശല്യം ചെയ്യാതെ ഞാൻ ഓഫീസ് വിട്ട് പുറത്തു പോയി. വീട്ടിൽ പോകുമ്പോഴും എന്റെ മടിയിലിരുന്ന് എന്റെ മുഖത്തേക്ക് വേദനയോടെ നോക്കുന്ന ആ രൂപം മനസ്സിൽ മായാതെ നിന്നു. അടുത്തനിമിഷം ഞാൻ ഓഫീസിൽ ആദ്യം വന്നുനോക്കിയത് എന്റെ

ക്യാബിനിലെ ചുവരിലേക്ക് ആണ്. അപ്പോൾ അവളെ അവിടെ കണ്ടില്ല എനിക്ക് വളരെ സന്തോഷമായി. രാവിലെ ഓഫീസ് തുറന്ന് സമയത്ത് സന്തോഷത്തോടെ അത് പുറത്തേക്ക് പറന്നുപോയി വീണ്ടും അതിന്റെ നൃത്തം തുടങ്ങി കാണുമെന്ന് ഞാൻ കരുതി. ബാഗ് വയ്ക്കാൻ ഞാനെന്റെ ക്യാബിനുള്ളിലേക്ക് കയറി ക്യാബിനുള്ളിലേക്ക് ഒരാൾ കയറുവാനുള്ള വീതി മാത്രമേയുള്ളൂ. അകത്തേക്ക് കാലെടുത്തുവയ്ക്കാൻ തുടങ്ങിയപ്പോൾ ഞാനൊന്നു ഞെട്ടി എന്റെ ശരീരവും മനസ്സും ഒരുപോലെ വിറങ്ങലിച്ചു. കാണുന്നത് അവളുടെ ചേതനയറ്റ ശരീരം.

എന്റെ വരവും പ്രതീക്ഷിച്ചു കിടക്കുന്നതുപോലെ ആയിരുന്നു. സന്തോഷത്തോടെ എല്ലാവരെയും സ്നേഹിച്ച് പാറിപ്പറന്ന് അവളുടെ ചാരനിറത്തിലുള്ള മനോഹര ചിറകുകൾ ഇന്ന് നിർജീവമായിരിക്കുന്നു. ആർദ്രതയോടെ എന്റെ മുഖത്തേക്ക് നോക്കിയ കുഞ്ഞു കണ്ണുകൾ നിശ്ചലമായിരിക്കുന്നു. അവൾ മരിക്കുന്നതിന് മുമ്പ് എന്നെ ഒരു നോക്കുകാണുവാൻ ആഗ്രഹിച്ചുവോ? എനിക്കറിയില്ല. എന്നാൽ മരിച്ചാലും ഞാൻ അവളെ കാണണമെന്ന് അവൾ ആഗ്രഹിച്ചു കാണും. ആ ഓഫീസിൽ വേറെ എവിടെയെങ്കിലും അവൾ മരിച്ചു കിടന്നിരുന്നു എങ്കിൽ ഞാൻ അവളെ ഒരിക്കലും കാണുകയില്ലായിരുന്നു. മരിക്കുന്നതിനുമുമ്പ് അവൾ ഈ കാര്യം ഓർത്തിരിക്കണം.

സ്നേഹത്തിന് വില അറിയുന്നവർക്ക് നഷ്ടപ്പെടുന്നതെന്തും വേദനയായിരിക്കും, അത് ഒരു നിമിഷത്തെ സൗഹൃദം ആയിരുന്നാൽ പോലും. തിരസ്കരിക്കപ്പെട്ട സ്നേഹവും തിരസ്കരണം ഏറ്റുവാങ്ങിയ ജീവിതവും അവളുടെ ഹൃദയത്തെ വേദനിപ്പിച്ചിട്ടുണ്ടായിരിക്കണം. തന്റെ ജീവിതത്തിലെ ഓരോ നിമിഷങ്ങളിലും തന്നെ നെഞ്ചോട് ചേർത്തു പിടിച്ചവർതന്നെ തള്ളിപ്പറഞ്ഞപ്പോഴുണ്ടായ വേദനയിൽ അവൾ ഹൃദയം തകർന്നായിരിക്കാം മരിച്ചത്.

ആർക്കും വേണ്ടാത്തവൾ ആയിരുന്നു അവൾ എല്ലാവരാലും വെറുക്കപ്പെട്ടവൾ എന്നിട്ടും അവൾ എല്ലാവരെയും സ്നേഹിച്ചു അവസാനശ്വാസം വരെ. ഇന്നും എന്റെ ക്യാബിൻ കാണുമ്പോൾ ഞാനോർക്കും എന്റെ മടിയിലിരുന്ന് എന്റെ മുഖത്തേക്ക് നോക്കുന്ന അവളുടെ ആ വേദനിക്കുന്ന മുഖം ഓർമ്മയിൽ ഇനിമേലിൽ പിറക്കാതിരുന്നെങ്കിൽ ഓർമയിൽ നോവുന്നത് മറക്കാൻ കഴിഞ്ഞെങ്കിൽ.

അങ്ങുദൂരെ കപടതകൾ ഇല്ലാത്ത ഏതോ ഒരു ലോകത്ത് അവൾ സന്തോഷത്തോടെ എന്റെ വരവും പ്രതീക്ഷിച്ച് പാറിപ്പറക്കുന്നുണ്ടാകാം. ഇവിടെ കവിതകളുടെ ഈ ലോകത്ത് ഞാൻ മാത്രം ഞാൻ മാത്രം ഏകനായി ■

# അമ്മ എന്ന ചിന്ത



**WASIM HUSSAIN**
BCom, LLB

**അമ്മ** എന്ന രണ്ട് അക്ഷരം ജീവിതത്തിൽ ഒരിക്കലും മറന്ന് പോകരുത്. പത്തുമാസം ഉദരത്തിൽ ചുമന്നു നൊന്ത് പ്രസവിച്ചതാണ് അമ്മ. ആ അമ്മയുടെ പ്രസവവേദനക്ക് പകരം വെക്കാൻ ഒന്നും തന്നെ ഈ ലോകത്തില്ല. ഒരു കുഞ്ഞ് ജനിക്കുമ്പോൾ മാതാപിതാക്കളുടെ മുഖത്ത് വിരിയുന്ന സന്തോഷം പറഞ്ഞറിയിക്കാൻ സാധിക്കില്ല, സന്താനങ്ങൾ എത്ര വലുതായാലും മാതാപിതാക്കളുടെ മുന്നിൽ അവർ കൊച്ചുകുട്ടികൾ തന്നെയാണ്. കുട്ടികളെ വളർത്തി വലുതാക്കി ഒരു വിവാഹം കഴിപ്പിച്ച്, അവരെ ഒരു നിലയിലെത്തിക്കുന്നതിൽ അച്ഛന്റെയും അമ്മയുടെയും പങ്ക് വളരെ വലുതാണ്. കാലം മാറി, സമൂഹത്തിൽ ഒരുപാട് മാറ്റങ്ങൾ വന്നു, ജീവിത രീതികൾ മാറി, ആർക്കും ഒന്നിനും സമയമില്ല... സ്നേഹബന്ധങ്ങളുടെ വില മനസ്സിലാക്കാതെ ജീവിക്കുന്നവരുണ്ട്. മാതാപിതാക്കൾ ഭാരമായി കരുതുന്നവർ ഉണ്ട്. ഈ തിരക്കേറിയ ജീവിതത്തിൽ അച്ഛനെയോ അമ്മയെയോ ഒന്നു ശ്രദ്ധിക്കാൻ പോലും സമയം ഇല്ല. വീട്ടിൽ സുഹൃത്തക്കളോ അതിഥികളോ വന്നാൽ തന്നെ അച്ഛനമ്മമാരെ വീട്ടിലെ മുറിയിൽ പൂട്ടി ഇടുന്ന മക്കളുമുണ്ട്. അവർ ആ മുറിയിലിരുന്ന് മിണ്ടിയാലോ ഒന്ന് ചുമച്ചാലോ മക്കൾ വഴക്ക് പറയും. കാരണം അവരുടെ ഇന്നത്തെ നിലയ്ക്കും വിലയ്ക്കും അവർ ഒരു തടസ്സമാകും എന്ന ചിന്താഗതിയാണ്. അച്ഛനമ്മമാരുടെ സ്വത്തുക്കൾ തട്ടിയെടുക്കുകയും അവരെ പട്ടിണിക്ക് ഇടുന്നവരുമായ മക്കൾ ധാരാളം ഇന്ന് നമ്മുക്ക് ഇടയിലുണ്ട്. ഹീനപ്രവർത്തികൾ ചെയ്തിട്ട് സമൂഹത്തിൽ നല്ല വ്യക്തിയുടെ മുഖംമൂടി അണിഞ്ഞു നടക്കുന്നവരാണ് പലരും. മാതാപിതാക്കളെ വൃദ്ധസദനങ്ങളിൽ എത്തിക്കുന്നത് ഇന്ന് ഒരു ഫാഷൻ ആയിട്ട് മാറിയിരിക്കുകയാണ്. അവിടെ അടക്കുന്ന തുക ഇതിന്റെ നോക്കുകൂലിയാണ്. ഇങ്ങനെ ആകുമ്പോൾ മക്കളുടെ വിചാരം പത്തുമാസം ഉദരത്തിൽ ചുമന്നതിന്റെയും വളർത്തി വലുതാക്കിയതിന്റെയും വില ആയി മാറും എന്നാണ്. സ്വന്തം മാതാപിതാക്കളെ വൃദ്ധസദനത്തിൽ ആക്കിയിട്ട് വിദ്യാഭ്യാസമുണ്ടെന്നോ, പണം സമ്പാദിച്ചു എന്നോ സമൂഹത്തിൽ വലിയ വിലയുണ്ടെന്നോ ഒന്നും പറഞ്ഞിട്ട് കാര്യമില്ല. ദൈവത്തിന്റെ മുൻപിൽ അവർക്ക് ഒരു സ്ഥാനവു മില്ല. ദൈവത്തിനു പണം വേണ്ട, പരസ്പരം സ്നേഹിച്ചാൽ മതി ആളുകൾ.

കാലം ഒന്നും മറക്കില്ല. നാളെ അവരുടെ മക്കൾ അവരെ വൃദ്ധസദനത്തിൽ ആക്കുമ്പോളാണ് അവരുടെ മാതാപിതാക്കൾ അനുഭവിച്ച വേദനകളും വിഷമങ്ങളും അവർ അറിയുന്നത്. അന്നേരം പശ്ചാത്തപിച്ചിട്ടോ സങ്കടപെട്ടിട്ടോ ഒരു കാര്യവുമില്ല. ഇങ്ങനെ ഒക്കെ ചെയ്യുന്നവരോട് ഒന്നേ പറയാനുള്ളു. ഇപ്പോ നമ്മൾ എന്തൊക്കെ ദ്രോഹങ്ങൾ മാതാപിതാക്കളോട് കാണിക്കുന്നുവോ, നാളെ നമ്മുടെ മക്കളിലൂടെ ദൈവം മറുപടി തരും. സമയവും സന്ദർഭവും ആർക്ക് വേണ്ടിയും കാത്തിരിക്കില്ല ■



**AMINA P**
BA, LLB

# വിപ്ലവം ജയിക്കട്ടെ

കേവലം ഒരു പ്രണയത്തിന്റെയോ അതിനെ തുടർന്നുണ്ടായ തേപ്പിന്റെയോ കഥയല്ല മറിച്ച് ജീവിതം നന്നായി തന്നെ ജീവിച്ചു തീർത്ത ഒരു മനുഷ്യന്റെ കഥയാണ്.

വേനൽക്കാലത്തെ ഒരു വൈകുന്നേരം ക്ലാസ്സ് കഴിഞ്ഞ് ക്ഷീണിച്ച് തളർന്ന് വീട്ടിലേക്ക് മടങ്ങുമ്പോൾ പബ്ലിക് ലൈബ്രറിയുടെ മുന്നിൽ രണ്ട് ആൺകുട്ടികൾ അടിയുണ്ടാക്കുന്നത് കണ്ടത്. നമ്മൾ മലയാളികൾക്ക് റോഡിൽ എവിടെയെങ്കിലും അടി കണ്ടാൽ സിനിമയിലെ സ്റ്റണ്ട് സീൻ പോലെ അത് ആസ്വദിക്കാൻ വളരെ ഇഷ്ടമാണ്. ചുറ്റുമുള്ളവർ നോക്കികൊണ്ട് നിൽക്കുകയാണ് ഓരോരുത്തരുടെയും മുഖത്ത് ഓരോരോ ഭാവങ്ങൾ, ചിലർക്ക് കൗതുകം, ചിലർക്ക് ചിരി, മറ്റുള്ളവർക്ക് അത്ഭുതം. എന്നാൽ ലൈബ്രറിയുടെ മുൻവശത്ത് ഒരു വെള്ളമുണ്ടും നീല ഷർട്ടും ധരിച്ചിരുന്ന ഒരു സുന്ദരൻ, എന്നാൽ സൗന്ദര്യം കൊണ്ടല്ല ഞാനയാളെ നോക്കിയത്. മുഖത്തെ തമാശ രൂപേണയുള്ള ഒരു പുച്ഛം, എനിക്ക് അതങ്ങ് ഇഷ്ടപ്പെട്ടു. പച്ച സിഗ്നലിട്ടതും ബസ്സ് മുന്നോട്ടെടുത്തു. വീട്ടിലെത്തുന്നത് വരെ അതായിരുന്നു മനസ്സിൽ മുഴുവനും. പിന്നെയും ഞാൻ അയാളെ കണ്ടു, ലൈബ്രറിയിൽ വെച്ച്, സംസാരിക്കണം എന്നുണ്ടായിരുന്നു പക്ഷെ എങ്ങനെയാണ് അറിയാത്ത ഒരാളോട് പോയി സംസാരിക്കുക. അടുത്ത മാസവും ഞാൻ അയാളെ കണ്ടു ലൈബ്രറിയിൽ വെച്ച് തന്നെ. ആദ്യമായി ഞാൻ അയാളോട് സംസാരിച്ചു.

കണ്ടാൽ തന്നെ അറിയാം ഒരു കമ്യൂണിസ്റ് അനുഭാവി ആണെന്ന് കയ്യിലെ ബുക്ക് കണ്ട്, എന്റെ മുഖത്തെ ഭാവം കണ്ട് അയാൾ എന്നോട് ചോദിച്ചു. 'എന്താ ഒരു പുച്ഛം?'

പിന്നങ്ങോട്ട് പട്ടിണി പാവങ്ങളെ കുറിച്ചും, രാഷ്ട്രീയത്തെ കുറിച്ചുമായി ചർച്ച. ഞാൻ കളിയാക്കി വിളിക്കുമായിരുന്നു 'കള്ളസഖാവ്' കാരണം കമ്മ്യൂണിസത്തെ ജീവനു തുല്യം സ്നേഹിക്കുകയും അതോടൊപ്പം കമ്മ്യൂണിസ്റ്റ് നേതാക്കളെ വിമർശിക്കുകയും ചെയ്യുമായിരുന്നു അയാൾ. ആദ്യമൊക്കെ ഭയങ്കര ബോറടി ആയിരുന്നു പിന്നെ ഇഷ്ടപ്പെടാൻ തുടങ്ങി. തിയററ്റിക്കലല്ല മറിച്ച്, അത് പ്രാക്ടിക്കലാക്കുന്ന മനുഷ്യനാണ് കുലമെന്ന് പറഞ്ഞ ആ മനുഷ്യനോട് ബഹുമാനമായിരുന്നു. കമ്മ്യൂണിസ്റ്റ് പോയിട്ട് ആരാ സംസ്ഥാനം ഭരിക്കുന്നത് പോലും അറിയാത്ത എനിക്ക് കമ്മ്യൂണിസ്സമല്ല അയാൾ പറഞ്ഞു തന്നത്, പാവങ്ങൾക്ക് തണലേകുന്ന തെറ്റ് കണ്ടാൽ പ്രീതികരിക്കുന്ന നല്ല ഒരു സിറ്റിസനാകാനാണ് അയാൾ എന്നെ പഠിപ്പിച്ചത്. പറയാതെ സൂക്ഷിച്ച ഒരു ഇഷ്ടമുണ്ടായിരുന്നു.

അടുത്ത മാസം ഞാൻ ലൈബ്രറിയിൽ പോയില്ല. അതിനടുത്ത മാസം പോയെങ്കിലും അയാളെ കാണാൻ കഴിഞ്ഞില്ല. ഇപ്പോൾ ഞാൻ അയാളെ കാണുമെന്ന പ്രതിക്ഷയോടെ പോകുകയാണ് വൈകുന്നേരം എത്തിയ ഞാൻ ഒരുപാട് നേരം അയാൾക്ക് വേണ്ടി കാത്തിരുന്നു. കാണാൻ പറ്റാതെ മടങ്ങാൻ തുടങ്ങിയപ്പോൾ ഞാൻ അയാളുടെ ഒരു സുഹൃത്തിനെ കണ്ടു എന്റെ ചോദ്യങ്ങൾക്കൊന്നും മറുപടി തരാൻ അയാൾ മുതിർന്നില്ല. പകരം അടുത്ത് എന്നെ ക്ഷണിച്ചു. (പെയിന്റിംഗ് എക്സിബിഷൻ) ഞാൻ അകത്ത് കയറുമ്പോൾ ഒത്തിരി പെയിന്റിംഗ്സ്. അതിൽ പലതും പാവപ്പെട്ടവന്റെ വേദനയെയും, കർഷകന്റെ യാതനകളെയും പറ്റിയുള്ളതായിരുന്നു. പിന്നെ എനിക്ക് ഏറെ ഇഷ്ടപെട്ട ഒരു പെയിന്റിംഗ് ചിന്തിപ്പിക്കുന്നതായിരുന്നു ഇവിടുത്തെ പാവപ്പെട്ടവൻ മരുന്നിന് വേണ്ടി ആശുപത്രിയുടെ മുന്നിൽ കാത്തുനിൽക്കുമ്പോൾ ചികിത്സക്കുവേണ്ടി വിമാനം കയറുന്ന ഖദറിട്ട നേതാവിനെയാണ്. അങ്ങനെ ചിന്തിപ്പിക്കുന്ന ഒത്തിരി പെയിന്റിംഗ്സ് ഉണ്ടായിരുന്നു. പുറത്തേക്കുള്ള വഴിക്ക് മുമ്പായി ഒരു ചിത്രംകൂടി ഞാൻ കണ്ടു. മറ്റുള്ളവയിൽനിന്നും വ്യത്യസ്തമായി ഒരു ചിത്രം. ലൈബ്രറി എന്ന് എഴുതിയിരിക്കുന്ന ആർച്ചിന് മുമ്പിൽ സംസാരിച്ചുകൊണ്ട് നിൽക്കുന്ന ഒരു ആൺകുട്ടിയുടെയും പെൺകുട്ടിയുടെയും ചിത്രമായിരുന്നു. അവൾ അറിയാതെ അവളെ ഇടംകണ്ണിട്ട് നോക്കുന്ന ആൺകുട്ടിക്ക് എന്റെ കള്ള സഖാവിന്റെ സാദൃശ്യം. അയാളുടെ നോട്ടത്തിൽ പറയാതപോയ സ്നേഹം അലയടിക്കുന്നുണ്ടായിരുന്നു. ഇറങ്ങുമ്പോൾ ഒത്തിരി ചോദ്യങ്ങൾ ഉണ്ടായിരുന്നു എന്റെ മനസ്സിൽ, എന്റെ ചോദ്യങ്ങൾക്ക് ഉള്ള ഉത്തരം ഞാൻ കണ്ടു. തല ഉയർത്തി നിൽക്കുന്ന ഒരു ചുവന്ന കോടിയുടെ അരികിലായി വെച്ചിരിക്കുന്ന ഒരു ബോർഡിൽ ഒരു ഫോട്ടോ. എന്റെ കള്ള സഖാവിന്റെ ഫോട്ടോയും താഴെ അകാലത്തിൽ പൊലിഞ്ഞു പോയ ഞങ്ങളുടെ സഖാവ് 'പറയാൻ ബാക്കി വെച്ചത്' എന്ന അടിക്കുറുപ്പും. ഒരു നിമിഷം ഒന്നും മിണ്ടാതെ നിന്നു ഞാൻ. ഏറ്റവും നന്നായി ജീവിതം ജീവിച്ചുതീർത്ത പറയാൻ ഒന്നും ബാക്കി വെക്കാതെ പോയി എന്റെ സഖാവിന്, വേണ്ടി അന്ന് വരെയ്ക്കും ഒരു രാഷ്ട്രീയ പാർട്ടികൾക്ക് വേണ്ടിയും ഞാൻ ശബ്ദമുയർത്തിയിട്ടില്ല. കൊടിപിടിച്ചിട്ടില്ല. എന്നാൽ എന്റെ കൈ തടം മുറുക്കി പിടിച്ച് മുകളിലേക്ക് ഉയർത്തി ഞാൻ പറഞ്ഞു 'വിപ്ലവം വിജയിക്കട്ടെ. വിപ്ലവം വിജയിക്കട്ടെ' എനിക്ക് തെറ്റി കള്ള സഖാവ് അല്ല, ഈ മനുഷ്യനെ നോക്കി നമുക്ക് വിളിക്കാം സഖാവേ ന്ന് ■



# പ്രണയത്തിൽ അല്പം വിശപ്പ്



DIYA BIJOY
BA.LLB

ഒരുപാട് മനുഷ്യർ പ്രണയത്തെ കുറിച്ച് വാരി വലിച്ചു എഴുതുന്നത് കണ്ടിട്ടുണ്ട്.ലോകത്തിൽ ഏറ്റവും കൂടുതൽ ആൾക്കാർ എഴുതിയിട്ടുള്ള ഒരു വിഷയമാണ് പ്രണയം എന്ന് തോന്നുന്നു. അതിന്റെ അർത്ഥം ലോകത്ത് ഏറ്റവും കൂടുതൽ ആളുകൾക്ക് ഉണ്ടായ വികാരം പ്രണയമാണ്, എന്നാണോ? അങ്ങനെ ആരെങ്കിലും പറയുമോ എന്ന് എനിക്ക് സംശയം ആണ്. കാരണം എല്ലാക്കാലത്തും എല്ലാവരും ഏറ്റവും കൂടുതൽ അനുഭവിച്ച വികാരം വിശപ്പാണ്. പാവപ്പെട്ടവനും പണക്കാരനും മാത്രമല്ല എല്ലാ ജീവജാലങ്ങൾക്കും വിശപ്പുണ്ട്. എന്നിട്ടും എന്തു കൊണ്ടോ വിശപ്പിനെ കുറിച്ച് ആളുകൾ ഒത്തിരി ഒന്നും എഴുതിയിട്ടില്ല.

ഞാനിപ്പോൾ വന്നിരിക്കുന്നത് വിശപ്പിനെക്കുറിച്ചു ചിന്തിക്കുവാനും എഴുതുവാനും ജനങ്ങളെ ആഹ്വാനം ചെയ്യാൻ അല്ല, എന്റെ ചില കണ്ടെത്തലുകൾ രേഖപ്പെടുത്താൻ ആണ്. എന്റെ ഈ കണ്ടെത്തലുകൾ പുതിയതല്ല, അത് നമ്മളിൽ പലരും ശ്രദ്ധിച്ചിട്ടുള്ളവയാണ്.

വിശപ്പ് പലർക്കും പല തരത്തിലാണ് പലതിനും വേണ്ടിയാണ്. ചിലർക്ക് ഭക്ഷണം കിട്ടാൻ വേണ്ടി ആണെങ്കിൽ മറ്റു ചിലർക്ക് അവരുടേതായ കാര്യങ്ങൾ നടക്കുന്നതിനു വേണ്ടിയാണ്,അങ്ങനെ നോക്കിയാൽ പ്രണയവും ഒരു തരം വിശപ്പാണ്. നമ്മുടെ ജീവിതത്തിൽ നമുക്ക് തോന്നുന്ന പല വികാരങ്ങളും പല തരത്തിലുള്ള വിശപ്പുകളാണ്. വിശപ്പില്ലാത്ത ജീവിതം ഇല്ല എന്നത് ഒരു ലോകസത്യം തന്നെ ആണ്. ചിലരുടെ വിശപ്പ് ഉടനെ ശമിക്കുന്നു. മറ്റു ചിലരുടേത് ശമിക്കാൻ ഇത്തിരി കാലതാമസം ഉണ്ടാകുന്നു. ചിലർക്ക് ആകട്ടെ ഒരിക്കലും ശമിക്കാത്ത വിശപ്പാണ്.

പ്രണയം ഒരു തരം വിശപ്പാണ് എന്ന് ഞാൻ നേരത്തെ പറഞ്ഞല്ലോ. പ്രണയമാകുന്ന വിശപ്പിനെപ്പറ്റി ഒരുപാട് പേർ ഉപന്യാസിക്കുന്നു, കവിതകൾ എഴുതുന്നു, പുളകം കൊള്ളുന്നു, വികാരപ്പെടുന്നു, കരയുന്നു, മരിക്കുന്നു. എന്തുകൊണ്ട് എന്ന് ചിന്തിച്ചിട്ടുണ്ടോ? പ്രണയം അവരുടെ മനസിനെ അത്ര അധികം സ്വാധീനിച്ചിട്ടുള്ളത് കൊണ്ട് തന്നെ. വിശപ്പ് ആരുടെയും മനസ്സിനെ സ്വാധിനിച്ചിട്ടില്ലേ? ഉണ്ടല്ലോ, പക്ഷേ ഈ ലോകവികാരത്തെപ്പറ്റി എന്തേ ഇത്ര കുറച്ച് ഉപന്യാസങ്ങൾ, കവിതകൾ, ചിത്രങ്ങൾ. അതിനും കാരണമുണ്ട്. എഴുത്തും വായനയും അറിയാവുന്നവരല്ലേ സാഹിത്യകാരന്മാർ അവരിൽ അധികം പേരും വിശപ്പിന്റെ തീവ്രത അനുഭവിച്ചിട്ടില്ല, പക്ഷേ പ്രണയത്തിന്റെ തീവ്രത അനുഭവിച്ചിട്ടുണ്ട്. സാഹിത്യകാരന്മാർക്കും വിശപ്പുണ്ട്, അവരുടെ വിശപ്പ് പെട്ടെന്ന് ശമിക്കുന്നു, അവർക്ക് വീണ്ടും വിശക്കുന്നു, വീണ്ടും ശമിക്കുന്നു, അത് അങ്ങനെ പോവുന്നു. ഒരോ തവണ വിശപ്പ് ശമിക്കുമ്പോഴും തങ്ങൾക്ക് ഇനിയും വിശക്കും എന്ന് ആരും ഓർക്കാറില്ല. വിശപ്പിന്റെ തീവ്രത അറിഞ്ഞ ചിലരെങ്കിലും അതേപ്പറ്റി എഴുതിയിട്ടുണ്ട്. പക്ഷേ വിശപ്പ് എന്ന ലോകവികാരത്തിന്റെ പല അസഹനീയമായ അവസ്ഥകളും അനുഭവിച്ചവർ അതേ കുറിച്ച് എഴുതിയിട്ടില്ല, അതിനും കാരണങ്ങൾ ഉണ്ട്. അത്തരം അവസ്ഥകളിലൂടെ കടന്നുപോയവർ അധികവും എഴുത്തും വായനയും അറിയാത്തവരോ സാഹിത്യവാസന ഇല്ലാതിരുന്നവരോ ആയിരുന്നിരിക്കണം.

ഇപ്പോൾ ഇതെഴുതാൻ എന്നെ പ്രേരിപ്പിച്ചത് വിശപ്പാണ് എന്ന് മനസ്സിലായി കാണുമല്ലോ. എനിക്കിപ്പോൾ നല്ല വിശപ്പുണ്ട്. ഇത്തവണ വിശന്നപ്പോൾ ഞാൻ വിശപ്പിനെക്കുറിച്ച് ഇത്തിരി ചിന്തിച്ചു എന്നു മാത്രം. ■

***PS : What I wrote is relative,of course there are exceptions for all this.This is my bona fide work and I have written only those things which occurred on my head and some things that I have observed.***

# മനുഷ്യന്റെ മരവിച്ച മനസ്സുകൾ



GOPIKA G.S
BBA, LLB

ലോകം ഇന്ന് പുരോഗമനത്തിന്റെ പാത പിന്നിട്ടു കൊണ്ടിരിക്കുകയാണ്. ലോകമെമ്പാടും മാറികൊണ്ടിരിക്കുന്നു. ആ മാറ്റം മനുഷ്യനെയും സ്വാധീനിച്ചിരിക്കുന്നു. ഭൂരിഭാഗം ജനങ്ങളും സാക്ഷരത കൈവരിച്ചിരിക്കുന്നു. 'സാക്ഷര കേരളം' എന്നൊക്കെ വാഴ്ത്തിപ്പാടുന്നു. എല്ലാ മേഖലകളിലും തന്റെ ബുദ്ധിശക്തികൾ പ്രയോജനപ്പെടുത്തി വിദ്യാസമ്പന്നരായ ധാരാളം മനുഷ്യർ ലോകത്തെ പുതുക്കി പണിയുന്നു. എന്നാൽ ഇത്തരത്തിൽ ലോകം മാറികൊണ്ടിരിക്കുമ്പോൾ അതിനോടൊപ്പം മനുഷ്യ മനസ്സുകൾക്കും മാറ്റങ്ങൾ സംഭവിച്ചിരിക്കുന്നു. ലോകം പടുത്തുയർത്തുന്നതിന്റെ തിരക്കിൽ എന്തെല്ലാമോ അവർ മറന്നിരിക്കുന്നു.

അല്ലെങ്കിൽ മറന്നു പൊയ്കൊണ്ടിരുന്നു. പഴമകളൊക്കെയും തന്നെ പുതുമകൾ വിഴുങ്ങുന്ന തിരക്കിലാണ്. പടുകൂറ്റൻ വൃദ്ധസദനങ്ങളും നിർഭയ കേന്ദ്രങ്ങളുമൊക്കെ മനുഷ്യത്വം മരവിച്ചു മനസ്സുകളുടെ കൃത്യങ്ങളെ നമ്മെ ഓർമിപ്പിക്കുന്നു. പുതുമ നിറഞ്ഞ ദിനങ്ങൾ മനുഷ്യർ ഇന്ന് തേടി പോകുമ്പോൾ പഴയതൊക്കെ ഓർമയിൽ പോലും സൂക്ഷിക്കാത്ത മനസ്സിനുടമകൾ സൃഷ്ടിക്കപ്പെടുന്നു. പെറ്റുവളർത്തിയ മാതാപിതാക്കളുടെ മഹത്വം പോലും തിരിച്ചറിയാതെ തെരുവുകളിൽ വലിച്ചെറിയുന്നു.... വൃദ്ധസദനങ്ങളില്ലായിരുന്നുവെങ്കിൽ എന്താകുമായിരുന്നു അവസ്ഥ?

ഏതു സമയവും പൊട്ടിപുറപ്പെടാൻ തയ്യാറായി യുദ്ധങ്ങൾ നിലവിളികൾ ചെവിയിൽ അലയടിക്കുമ്പോൾ അറിയാതെ മനസ്സിൽ പറഞ്ഞു പോകുന്നു. ഈ ഭൂമിയിൽ ജനിക്കേണ്ടതല്ലായിരുന്നു. ഇനി മറ്റു ചിലയിടങ്ങളിലോ ഗോമാതാവിനെ സംരക്ഷിക്കാൻ വേണ്ടി നരബലികൾ നടത്തുന്ന കുറെ പേരെ കാണാം മനുഷ്യരെക്കാൾ എത്രയോ ഭേദം മൃഗങ്ങളാണന്ന് തോന്നി പോകുന്നു.

സ്ത്രീ അമ്മയാണ്, ദൈവമാണ്, സഹോദരിയാണ്. ഈ വാക്കുകൾ കേൾക്കുമ്പോൾ അഭിമാനമല്ല തോന്നുന്നത് ഭയമാണ്. ഇങ്ങനെ പറയുന്നവരും പാടിനടക്കുന്നവരും തന്നെ ആദ്യം ഇത് മറന്നു പോകുന്നു. അതിന്റെ ബാക്കി പത്രങ്ങളാണ് സൗമ്യയും, ജിഷയും, ആസിഫയും പിന്നെ എണ്ണിയാലൊതുങ്ങാത്ത സഹോദരിമാരും. സ്ത്രീ ഒരു ഉടലുമാത്രമായി കാണരുത്. അവളുടെ സ്വപ്നങ്ങളെ തച്ചുടക്കരുത്. സ്ത്രീകൾ വലിയൊരു വിഭാഗം ശക്തി പ്രാപിച്ചു വരുന്നുണ്ടെങ്കിലും മറ്റൊരു വിഭാഗം ഇന്നും ചൂഷണങ്ങൾക്ക് വിധേയമാകുന്നു.

ഇത്ര ഏറെ അറിവും വിദ്യാഭ്യാസവും നേടിയ മനുഷ്യവർഗം ഉയർന്നുവന്നിട്ടും, മാനുഷികമൂല്യങ്ങൾക്ക് യാതൊരു വിലയും നൽകാത്തവരായി മാറുന്നു പലരും. ഒരു വശത്ത് നാടിന്റെ വളർച്ചയും നന്മകളും കണ്ട് അഭിമാനത്തോടുകൂടി തല ഉയർത്തി പിടിക്കുമ്പോൾ മറുവശത്ത് ഇങ്ങനെ ചിലത് അപമാനത്താൽ തലകുനിച്ചു നിൽക്കാൻ നിർബന്ധിതനാകുന്നു. മാനുഷികമൂല്യങ്ങളെ മുറുകെ പിടിക്കുന്ന ജനതയെ വാർത്തെടുക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്. ഇനിയൊരു മധുവും, സൗമ്യയും, കെവിനുമൊന്നും ഉണ്ടാകാതിരിക്കട്ടെ ■



*"Law is not a trade, not briefs, not merchandise, and so the heaven of commercial competition should not vulgarize the legal profession."*

**- Justice V.R Krishna Iyer**



# ഒരു മുത്തശ്ശിക്കഥ

**ആലപ്പുഴജില്ലയിലെ, ചേപ്പാട് വില്ലേജിലെ തൊണ്ണൂറ്റി എട്ടുകാരിയായ കാർത്ത്യായനി അമ്മ. രാജ്യത്തെ ഏറ്റവും മുതിർന്ന സാക്ഷരത പഠിതാവ് ഇനി 53 രാജ്യങ്ങൾ ഉൾപ്പെടുന്ന കോമൺവെൽത്ത് ലേണിങ്ങിന്റെ ഗുഡ്‌വിൽ അംബാസഡർ**



**KAVYA**
BCom LLB

പഠനത്തിന് പ്രായത്തിന്റെ അതിർവരമ്പുകൾ ഒന്ന് തന്നെയില്ല പറഞ്ഞു പഴകിയ ഈ ചൊല്ലിനെ പുതിയ കാലത്ത് അന്വർത്ഥമാക്കിയ ഒരു മുത്തശ്ശിയുണ്ട് നമ്മുടെ നാട്ടിൽ.

കഴിഞ്ഞ മാസങ്ങളിൽ ഇന്ത്യയിലെ ദേശീയ ദിനപത്രങ്ങളിലെ മുൻപേജിൽ ഇടംപിടിച്ച നമ്മുടെ സ്വന്തം കാർത്ത്യായനി അമ്മ, ദേശീയ ദിനപത്രങ്ങൾക്ക് പുറമെ, മാസികകളും, വാരികകളും, യുവ നവമാധ്യമങ്ങളും കാർത്ത്യായനി അമ്മയെയും അമ്മയുടെ പഠനപ്രിയത്തെയും ഏറ്റെടുത്തു.

ആലപ്പുഴ ജില്ലയിലെ, ചേപ്പാട് വില്ലേജിലെ തൊണ്ണൂറ്റിയെട്ടുകാരിയായ കാർത്ത്യായനി അമ്മ തന്റെ തൊണ്ണൂറ്റി ഏഴാം വയസ്സിലാണ് നാലാം തരം പരീക്ഷ എഴുതുന്നത്. മരുമകൻ രാമചന്ദ്രനോടോപ്പം പരീക്ഷ എഴുതുന്ന ദൃശ്യങ്ങൾ പരീക്ഷക്കാലത്ത് തന്നെ സോഷ്യൽ മീഡിയകളിൽ വൻതരംഗം ആയിരുന്നു. പരീക്ഷ എഴുതുന്ന 'പഠിപ്പിസ്റ്റ് മുത്തശ്ശിയും' ഉത്തരം കോപ്പിയടിക്കുന്ന 'ഉഴപ്പൻ മുത്തശ്ശനും' സോഷ്യൽ മീഡിയയിൽ താരങ്ങളായി.

പരീക്ഷയുടെ റിസൾട്ട് വന്നപ്പോൾ, കാർത്ത്യായനി അമ്മയുടെ താരമൂല്യം വീണ്ടും കൂടി.

തൊണ്ണൂറ്റി എട്ട് ശതമാനം വാങ്ങി കേരള സർക്കാരിന്റെ 'അക്ഷരലക്ഷം' പരീക്ഷയിൽ കർത്ത്യായനി അമ്മ ഒന്നാമതെത്തി. ഇന്ത്യ മുഴുവനും കാർത്ത്യായനി അമ്മക്ക് അനുമോദനങ്ങളും ആശംസകളും നേർന്നു. പ്രായത്തെ വകവെക്കാത്ത പഠനമികവിന് നാനാതുറകളിൽ നിന്നും സ്വീകരണമുയർന്നു. കേരളത്തിന്റെ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നേരിട്ട് കാർത്ത്യായനി അമ്മയെ തിരുവനന്തപുരത്തേക്ക് വിളിപ്പിക്കുകയും അവിടെവെച്ച് സർട്ടിഫിക്കേറ്റ് നൽകി അനുമോദിക്കുകയും ചെയ്തു.

ഇനി നമുക്ക് കാർത്ത്യായനി അമ്മയെപ്പോലെയുള്ള 'മാണിക്യങ്ങളെ വീണ്ടെടുക്കുന്ന അക്ഷരലക്ഷം പദ്ധതിയിലേക്ക് ഒന്ന് എത്തിനോക്കാം.

യുനെസ്കോയുടെ കണക്കുകൾ അനുസരിച്ചു ഒരു പ്രദേശത്തെ ജനസംഖ്യയുടെ 90 ശതമാനവും സാക്ഷര





രാണെങ്കിൽ ആ പ്രദേശം സമ്പൂർണ സാക്ഷരത കൈവരിച്ചു എന്ന് പറയാം അത്തരത്തിൽ കേരള സംസ്ഥാനം സമ്പൂർണ സാക്ഷരത കൈവരിച്ചിട്ട് വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു എന്നാൽ കേവലം ഒരു റെക്കോർഡിനു പകരം, കേരളത്തിലെ എല്ലാ ജനങ്ങളെയും സാക്ഷരരാക്കുക എന്ന ഉറച്ച ലക്ഷ്യമാണ്, അക്ഷരലക്ഷ്യം പദ്ധതിയെ അതിന്റെ കർമ്മപഥത്തിലെത്തിച്ചത്.

2011 സെൻസസ് കണക്കുകൾ അനുസരിച്ചു കേരളത്തിൽ 18 ലക്ഷം നിരക്ഷരർ ആണ് ഉള്ളത്, ഇവരെ ഏവരെയും സാക്ഷരരർ ആക്കുക എന്നതാണ് അക്ഷരലക്ഷ്യം പദ്ധതിയുടെ ഉദ്ദേശം.

വാർഡ് തലത്തിൽ തുടങ്ങുന്ന പദ്ധതിക്ക് ഇപ്പോൾ 2086 സെന്ററുകളാണുള്ളത്. ഒരു വാർഡ് തല സർവ്വേയോടുകൂടിയാണ് പദ്ധതി ആരംഭിക്കുന്നത്. സ്കൂൾ പഠനം പാതിവഴിയിൽ ഉപേക്ഷിക്കേണ്ടിവന്നവരെയും സർവ്വേയിലൂടെ കണ്ടെത്തുന്നു. വരാന്ത്യ ക്ലാസ്സുകളിലൂടെയും സായാഹ്നക്ലാസുകളിലൂടെയും, വിദ്യാർത്ഥികളെ പഠനത്തിന്റെ വഴിയിലേക്കെത്തിക്കുകയും. ഏപ്രിൽ ആദ്യ ആഴ്ചയോടെ കൊല്ലപരീക്ഷ നടത്തുകയും ചെയ്യുന്നു.

കേരളത്തിലെ 20000 വാർഡുകളിൽ നിന്നും തിരഞ്ഞെടുത്ത ഈ 2086 വാർഡുകളിൽ പൂർണ്ണസാക്ഷരത ഈ വർഷം തന്നെ കൈവരിക്കാനാകും എന്നാണ് കേരള സാക്ഷരത മിഷൻ ഡയറക്ടർ ശ്രീമതി. പി.എസ്. ശ്രീകല പറയുന്നത്.



കേരള സാക്ഷരത മിഷൻ അക്ഷരലക്ഷം പദ്ധതിയുടെ ആദ്യഘട്ടത്തിലെ ഒന്നാം റാങ്കുകാരിയാണ് നമ്മുടെ കാർത്യായനി അമ്മ. തൂപ്പുജോലി ചെയ്ത് മക്കളെ വളർത്തിയ കർത്ത്യായനി അമ്മക്ക് പഠിക്കാനുള്ള മോഹം തുടങ്ങിയത് ഇളയമകൾ അമ്മിണി അമ്മ രണ്ട് വർഷം മുൻപ് പത്താം ക്ലാസ്സ് തുല്യത പരീക്ഷ ജയിച്ചപ്പോഴാണ്. കർത്ത്യായനി അമ്മയെപ്പോലെ നിരവധി പേരുണ്ട് നമുക്ക് ചുറ്റും. അക്ഷരകളോടുള്ള പ്രണയം ഹൃദയത്തിൽ ഒളിപ്പിച്ചു നടക്കുന്നവർ. അത്തരക്കാർക്ക് കേരളത്തിന്റെ സ്നേഹസമ്മാനമണ് അക്ഷരലക്ഷം പദ്ധതി, അവർ പഠിക്കുമ്പോൾ കേരളം അവർക്കൊപ്പമുണ്ടാകും ■





നീലക്കാറ്റ്
പുനർജ്ജനിക്കാം ജാനി

# COLLEGE DAY



# COLLEGE DAY






July 12














GREGORIO2018


July 1





**TANYA GEORGE**
Asst. Professor

The year 2018 witnessed the inaguration of MGCL moot court society with the organisation of an internal moot court competetion of the MGCL students. Though moot courts are considered as an extra cirricular activity in the field of legal education, it is accepted as an integral part of the growth and development of a lawyer. It is a mock court set up for law students in which fictional cases are argued using current laws, thus giving the students an opportunity to meet and compete all at once. In the past 7 years we have numerous teams from our college representing us at the national level. We aim at setting a firm foot into the world of mooting, ADR and client counselling in the years to come ■

# MAR GREGORIOS COLLEGE OF LAW MOOT COURT SOCIETY...














# LEGAL AID: A CONSTITUTION RIGHT

(An out-look on the Lok Adalat conducted at Vilappilsala)



**M V GEORGE.**
District and Sessions Judge (Retd.)
Professor, Mar Gregorios College of Law,
Nalanchira, Thiruvananthapuram

Article 39 A of the Indian Constitution provides:"The State shall secure that the operation of the legal system promotes justice on a basis of equal opportunity, and shall, in particular, provide free legal aid, by suitable legislation or schemes or in any other way to ensure that opportunities for securing justice are not denied to any citizen by reason of economic or other disabilities".

With the object of providing free legal aid, Union Government,by resolution dated 26th September 1980, appointed a committee for implementing legal aid schemes under the chairmanship of Mr.Justice P.N.Bhagvati. The committee evolved a model scheme for legal aid programme applicable throughout the country. But several deficiencies came across in the implementation of these programmes. Therefore in 1987, a Bill was introduced in the Parliament with a comprehensive legislation which came into our statute book known as 'The Legal Service Authority Act 1987'. It introduced new form of justice delivery system known as 'Lok Adalat' which means people's court. Lok Adalat are being organised at various places in the country under the control and supervision of Legal Service Authority at District level under the Chairmanship of the District Judge of each District and also at the High Courts and Supreme Court.

The procedure before Lok Adalat is simple, people friendly, conciliatory,voluntary, summary in



പരാതികൾ പ്രവഹിച്ചു; പരിഹരിക്കാൻ അദാലത്ത് ഒരുക്കി പഞ്ചായത്ത്

nature,speedy, with no expense but with the same result and effect of a Court Decree. The slogan is-'Justice to the door-step of the people'. The response and result of this alternate justice delivery system is tremendous. Every second Saturday or other holidays one can find the functioning of Lok Adalat at every court centre with a 'neethimela' which is a Mahamela. It is also held at least once in a week at every centre and can be organised at any place notified. The Adalat is presided by a sitting or retired Judge with an Advocate and a social worker as members which constitute the Bench. The award passed by the Lok Adalat is a deemed decree of Court.

Mar Gregorios College of Law in association with a voluntary charitable institution and Vilappilsaia Grama Panchayat under the auspices of District legal Service Authority, Thiruvananthapuram conducted a Lok Adalat In 2017 at VIlappilsala which was inaugurated by Honourable Mr. Justice P.Ubaid Judge,High Court of Kerala presided by Sri. Haripal, the Principal District and SessionsJudge Thiruvananthapuram. The occasion was blessed by His Grace Rev. Dr.Samuel Mar Iranios, the co-patron of the college and our principal Dr.E R Jayaram delivered the vote of thanks. The students of Mar Gregorios College of Law under the guidance of the faculty with the active participation of the president and Councillors of Vilappil Panchayat campaigned from door to door and received more than 700 petitions from the public. All these petitions were sorted and identified about 400 petitions for settlement in the Lok Adalat conducted by District Legal Service Authority Thiruvananthapuram at a School in Vilappilsala . The District Legal Service Authority arranged 4 booths of Lok Adalat Benches each presided by a retired District Judge. 120 cases have been settled and award passed in one day which could have consumed years and years together for a decree though Court.

The programme was a great success acclaimed by the public at large and in the judicial circle. It has brought fame and name to the Gregorios Law College of Law and no doubt, it is by the dedicated service of all the faculty members, staff and our dear students. Kudos to all !

# അദ്വൈത ദർശനം വിദ്യാഭ്യാസരംഗത്ത്



DR. PRIYA V. NAIR
Asst. Professor

വേദ്യവിഷയത്തിന്റെ സ്വരൂപത്തെ അറിയുന്നതാണ് വിദ്യ. വിദ്യയിൽ ഇന്ദ്രിയങ്ങളെക്കൊണ്ടും മനസ്സിനെക്കൊണ്ടും സ്വരൂപനിശ്ചയമുണ്ടാക്കുന്നത് ജ്ഞാനമാണ്. അറിഞ്ഞതിനെ കൂടുതൽ അറിയുവാനും വീണ്ടും ചെയ്യുവാനും പ്രയത്നിക്കുന്നതിനാണ് അഭ്യാസം എന്ന് പറയുന്നത്. ജ്ഞാനത്തെ മാത്രം പ്രദാനം ചെയ്തുകൊണ്ടിരിക്കുന്ന വിദ്യയെ ജീവിതത്തിൽ പ്രയോഗ ധർമ്മമാക്കി ഉയർത്തുന്നതിനുള്ള ഉപായമാണ് വിദ്യാഭ്യസം.

അദ്ധ്യാപകൻ-വിദ്യാർത്ഥി എന്ന രണ്ടു ധ്രുവങ്ങൾക്കിടയിൽ നടക്കുന്ന ഒരു പ്രക്രിയയാണ് വിദ്യാഭ്യാസം. രണ്ടുപേരുടെയും ബോധ്യത്തിന് അത്യഗാധമായ തലങ്ങൾ തമ്മിൽ എത്രത്തോളം അടുക്കുന്നു എന്നതനുസരിച്ചിരിക്കും വിദ്യാഭ്യാസ പ്രക്രിയ യഥാർത്ഥത്തിൽ ഫലവത്തായിതീരുന്നത്. ഒരു കുഞ്ഞിൽ രൂപംകൊള്ളുന്ന വ്യക്തിത്വം വേണം ഭാവി ജനതയുടെ സുരക്ഷിതത്വം നൽകുന്ന പ്രതിജ്ഞയായിത്തീരേണ്ടത്. അപ്രകാരം രൂപാന്തരപ്പെട്ടുവരുന്ന ഭാവി ജനത വേണം മനുഷ്യവർഗ്ഗത്തിന്റെ സമാധാന ജീവിതത്തെ ശാശ്വതീകരിക്കേണ്ടുന്നത്. ഇപ്രകാരം ശിക്ഷണം നടക്കുന്ന അദ്ധാപകരിൽ കാണുന്നത് വളർച്ചയുടെ പാരമ്യതയും പക്വതയാർന്ന പ്രശാന്തിയുമാണ്. ഇങ്ങനെ കുഞ്ഞും അദ്ധ്യാപകരും രൂപത്തിന്റെയും ഭാവത്തിന്റെയും അർത്ഥത്തിന്റെയും അത്ഭുതകരമായ പരിണമദശകളെ സുസാധ്യമാക്കുന്നതിന് വേണ്ടി ഇണങ്ങി നിൽക്കുന്ന സന്ദർഭത്തെയാണ് വിദ്യാഭാസം എന്ന് നാം വിളിക്കാനാഗ്രഹിക്കുന്നത്.

അന്യോന്യം ആകർഷിക്കത്തക്കവണ്ണം രണ്ടു കാന്തങ്ങൾ അടുപ്പിച്ചുകൊണ്ടുവന്ന് വച്ചിരിക്കുന്നതുപോലെ ഒരു സന്ദർഭമാണ് ഗുരുശിഷ്യബന്ധം. അതിന്റെ സ്വഭാവം മനസ്സിലാക്കി കൈകാര്യം ചെയ്യാൻ ഒരു പ്രത്യേക വൈദഗ്ധ്യം വേണം. ഗുരു ശിഷ്യ പാരസ്പര്യത്തിൽ ഗുരു അറിവ് നൽകുന്നു. ശിഷ്യൻ അറിവ് നേടുന്നു. ഒരു പാത്രത്തിലിരിക്കുന്ന പദാർത്ഥമോ ജലമോ വേറെ ഒന്നിലേക്ക് പകരുന്നതു പോലെ, ഗുരുവിന്റെ മനസ്സിൽ നിറച്ചുവച്ചിരിക്കുന്ന അറിവ് ശിഷ്യന്റെ മനസ്സിലേക്ക് മാറ്റി പ്രതിഷ്ഠിക്കുകയല്ല ചെയ്യുന്നത്. എരിഞ്ഞുകൊണ്ടിരിക്കുന്ന ഒരു വിളക്കിന്റെ തിരിയിൽ നിന്നും വേറൊരു വിളക്കിന്റെ തിരി കത്തിക്കുമ്പോൾ ആദ്യത്തെ വിളക്കിന്റെ പ്രകാശനാളം നഷ്ടപ്പെടുന്നില്ല. ഇതുപോലെ ഗുരുവിലിരിക്കുന്ന അറിവ് ശിഷ്യൻ ഏറ്റുവാങ്ങുമ്പോൾ ഗുരുവിന്റെ അറിവ് നഷ്ടപ്പെടുന്നില്ല, പകരം രണ്ടുപേരും അറിവുള്ളവരായിത്തീരുന്നു. അതുകൊണ്ടാണ് യേശുദേവൻ അഞ്ചപ്പം വാഴ്ത്തി പന്ത്രണ്ടു ശിഷ്യന്മാരിൽ കൂടി അയ്യായിരം ജനങ്ങൾക്ക് നൽകിയപ്പോൾ പന്ത്രണ്ട് വട്ടി അപ്പം ശേഷിച്ചു എന്ന് പറയുന്നത്. അപ്പം തിന്നാൻ അവിടെയുണ്ടായിരുന്ന ഓരോ ആളിനെയും പഞ്ചേന്ദ്രിയ ധാരികളെന്ന് പറയുന്നതിന് പകരം അയ്യായിരം പേർ എന്ന് പറയാം. ജ്ഞാനേന്ദ്രിയത്തിന് സ്വികരിക്കാൻ കഴിയുന്ന അറിവിനെ അപ്പം എന്ന് പറയുന്നത്. യേശുവിൽനിന്നും അറിവ് സ്വീകരിച്ച പന്ത്രണ്ട് ശിഷ്യന്മാരാണ് വട്ടികൾ. പന്ത്രണ്ടുപേർ അയ്യായിരം പേർക്കറിവു പകർന്നുകൊടുത്താലും ആ ഉപാധ്യായന്മാർക്ക് ഒന്നും നഷ്ടപ്പെടുന്നില്ല. അവർ പിന്നെയും അറിവിന്റെ നിറവുള്ള പന്ത്രണ്ട് വട്ടികൾ ആയിരിക്കുന്നു. ഏറ്റവും വലിയ അത്ഭുതമായി ബൈബിളിൽ കൊടുത്തിരിക്കുന്ന ഈ ദൃഷ്ടാന്തം ജനങ്ങൾ വിചാരിക്കുന്നതിലും വലിയ അത്ഭുതമാണ്. എന്തുകൊണ്ടെന്നാൽ സഹസ്രാബ്ദങ്ങളായി മനുഷ്യൻ അറിവ് പകർന്നുകൊടുത്തിടത്തെല്ലാം സംഭവിച്ചുകൊണ്ടിരിക്കുന്ന അത്ഭുതമാണ്. ആ അപ്പം ഇന്ന് നമ്മളും ഭക്ഷിച്ച് തൃപ്തരായിരിക്കുന്നു.

വിദ്യാഭ്യാസം എന്നതിന് സാർവത്രികവും മാനുഷികവുമായ ഒരടിസ്ഥാന ലക്ഷ്യമുണ്ട്. നല്ല ഒരു ജീവിതം നയിക്കാൻ മനുഷ്യനെ തയാറെടുപ്പിക്കുക എന്നതു തന്നെയാണ് ആ ലക്ഷ്യം. അറിവുകൊണ്ടു വിശാലമനസ്കതയുണ്ടാക്കുക ഒരു വിദ്യാഭ്യാസം ഉണ്ടാവുക, അത് മനുഷ്യർക്ക് മുഴുവൻ ഒരു പോലെ പ്രസക്തമായിരിക്കണം, സ്വികാര്യവുമായിരിക്കണം. അതേ സമയം അത് ഓരോ വ്യക്തിയുടെയും തുടക്കം മുതൽ ഒടുക്കം വരെ കണക്കിലെടുക്കുന്നതായിരിക്കണം.

നാരായണഗുരു പറയുന്നു: അറിവിന് ശക്തിയനന്തമുണ്ട് ആ ശക്തിയാകട്ടെ 'സമ 'എന്നും 'അന്യ 'എന്നും ഉള്ള രണ്ട് ശക്തികളാണ്. ഒന്നായി കാണപ്പെടുന്നതിനെ പറിച്ചു വച്ച് എണ്ണമറ്റ വിഷയങ്ങളിലേക്ക് നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നതിനെ അന്യ എന്നു പറയുന്നു. അനേകമനേകം വാക്കുകളിൽ വിവിധങ്ങളായ ശബ്ദങ്ങളിൽ ഒളിഞ്ഞിരിക്കുന്ന അർത്ഥത്തെ ഇണക്കി ഏകമായ സത്യദർശനം ഉണ്ടാകാൻ പോകുന്നതാണ് 'സമ 'ഈ രണ്ടു മഹാശക്തികളാണ് വിദ്യാഭ്യാസം കൊണ്ട് കുഞ്ഞിന് ലഭിക്കേണ്ടുന്നത്.

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമാണ് ഇന്ത്യ. ആ ജനാധിപത്യ രാഷ്ട്രത്തിൽ ഉയർന്ന വിദ്യാഭ്യാസം ജനസമൂഹത്തിന് എങ്ങനെ നല്കാമെന്നതാണ് അടിസ്ഥാനപരമായ പ്രശ്നം. ഇന്ത്യയിൽ ഇന്ന് നിലവിലുള്ള വിദ്യാഭ്യാസം ഒരു കോളോണിയൽ പൈതൃകവുമായി, കൊളോണിയൽ പാരമ്പര്യവുമായി, അഭേദ്യമായി ബന്ധപ്പെട്ടുകിടക്കുന്നു. അതുകൊണ്ടു തന്നെയാണ് നമ്മുടെ വിദ്യാഭ്യാസത്തിന് കാതലായ പ്രശ്നങ്ങൾ ഉരുത്തിരിഞ്ഞു വന്നിട്ടുള്ളത്.

വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യത്തെപ്പറ്റി പല തരത്തിൽ പറയും. ഭൂമിയിൽ സമാധാനവും മനുഷ്യന് സന്മനോഭാവമുണ്ടാവുക എന്നതാണ്. വിദ്യാഭ്യാസത്തെ മിക്കവാറും കണക്കാക്കിപ്പോരാറുള്ളത് നല്ല പൗരന്മാരെ വാർത്തെടുക്കാൻ വേണ്ടിയുള്ളത് എന്നാണ്. ഒരു രാജ്യത്തെ അനേകം പ്രവിശ്യകൾ ഉണ്ടായിരിക്കുകയും ആ പ്രവിശ്യകളിലെ ഭരണകൂടങ്ങൾ വ്യത്യസ്തമായിരിക്കുകയും ചെയ്യുമ്പോഴും ആ രാഷ്ട്രത്തിന് അകമേയുള്ള ഒരു ഐക്യം അവകാശപ്പെടാൻ കഴിയും. കുടുംബം കുറെ കൂടി വലുതായാൽ രാഷ്ട്രമായി രാഷ്ട്രങ്ങളുടെ ചക്രവാളത്തെ വിശ്യാസത്തോടെ വിപുലമാകുമ്പോൾ അത് ഫെഡറൽ വ്യവസ്ഥിതിയുള്ള ഏകലോകമായി എന്ന് പറയാം അങ്ങനെയുള്ള ഏകലോകത്തിൽ സമസൃഷ്ടമായ മനുഷ്യൻ സാർവത്രിക

മായ സമ്മതത്തോടെ വ്യക്തിഗതമായി ഓരോരുത്തരിലും ഇരിക്കുന്ന പരമാധികാരത്തെ മാനിച്ചുകൊണ്ട് ഏകലോകത്തിനു തന്റെ സ്വയം ഭരണത്തെ ഒരനിഷേധ്യഘടകമായി അർപ്പണം ചെയ്ത് ജീവിക്കുന്നത് അവനെ സർവ്വഥാ ലോക പൗരനായിരിക്കുവാൻ യോഗ്യനാക്കിത്തീർക്കുന്നു. അങ്ങനെയുള്ള ഒരു ലോകത്തിലെ സ്വയം ഭരണബോധവും അറിവിന്റെ പൂർണ്ണമായ ഉത്തരവാദിത്തവും ഏറ്റെടുത്ത്, മറ്റെല്ലാവരുടെയും ജീവിതത്തിൽ തന്റെ ജീവിതത്തെ പരിപൂരകമാക്കി വച്ചുകൊണ്ട് ജീവിക്കുന്ന ഒരു ഏകലോക പൗരൻ ആയിരിക്കുവാൻ തക്ക ശാരീരികവും, ഐന്ദ്രികവും, ബുദ്ധിപരവും, മാനസികവും, സാമൂഹികവും, ആദ്ധ്യാത്മികവുമായ വളർച്ച ഉണ്ടാക്കികൊടുക്കുവാൻ സഹായിക്കുന്ന വിദ്യാഭ്യാസത്തെയാണ് ഏകലോക വിദ്യാഭ്യാസം എന്ന് പറയുന്നത്.

മാനവശേഷിയുടെ വളർച്ച വിദ്യാഭ്യാസത്തിൽ അധിഷ്ഠിതമാണ്. ആ വിദ്യാഭ്യാസമാണ് നമുക്ക് ആവശ്യമായിട്ടുള്ളത്. പഴഞ്ചൻ സിദ്ധാന്തങ്ങളിൽ നിന്നും പഴഞ്ചൻ വിചാരങ്ങളിൽ നിന്നും ആധുനിക ലോകത്തിന്റെ മാറ്റത്തിന് അനുസരണമായ വിദ്യാഭ്യാസ സമ്പ്രദായങ്ങളെക്കുറിച്ച്,കലവറയില്ലാതെ തുറന്നു പറയുന്ന മനസ്സോടെ ചിന്തിക്കുവാൻ തയ്യാറാവുകയും അതിൽ പങ്കെടുക്കുന്ന എല്ലാ ജനവിഭാഗങ്ങളും അതിന്റെ കാര്യപ്രാപ്തിയെക്കുറിച്ചു ചിന്തിക്കുകയും വേണം. എങ്കിൽ മാത്രമേ പുതിയ തലമുറയ്ക്ക് മോചനമുണ്ടാകൂ.

ഒരു ശാസ്ത്രത്തെ യോഗബുദ്ധിയോടും യുക്തി യുക്തമായും കൈകാര്യം ചെയ്യാം. യുക്തിയുക്തമായ സമീപനം എപ്പോഴും യാന്ത്രികമായിരിക്കും. ഏകപക്ഷിയമായിരിക്കും. ദൈതത്തിന് സ്ഥാനമുള്ളതായിരിക്കും. പഠനങ്ങളെല്ലാം വസ്തുനിഷ്ഠമായിരിക്കണം. പ്രത്യക്ഷാനുഭവഗോചരമായ വശത്തിന് മാത്രം സ്ഥാനം നൽകിയാൽ അപ്പോൾ തന്നെ, വ്യക്തിസത്തയിലെ അനുഭൂതികമായ വശത്തെ അവഗണിക്കേണ്ടിവരുന്നു. എന്നാൽ അനുഭുതിപ്രധാനമായ ആദ്ധ്യാത്മതക്ക് പ്രാധാന്യം കൊടുക്കുന്ന വശത്തേക്ക് ചരിഞ്ഞാൽ ദ്വൈതം എന്ന ആപത്തിൽ ചെന്ന് പെടും. വ്യക്തിസത്തയിൽ സഹജമായിട്ടുള്ള വിശേഷണഗുണങ്ങളെ വേണ്ടവണ്ണം മനസ്സിലാക്കുന്ന കാര്യത്തിൽ വീഴ്ച്ച സംഭവിക്കും. ഇങ്ങനെ രണ്ടു വശത്തെയേക്കും ചാഞ്ഞുപോകാതെയുള്ള ഒരു നടുനിലമുണ്ട്. അതിനെയാണ് അദ്വൈതം എന്ന് വിളിക്കുന്നത്. അദ്വൈതഭാവങ്ങൾക്കപ്പുറത്തുള്ള അദ്വയമായ ഒരു പരമസത്യത്തിന്റെ (ബ്രഹ്മസത്യത്തിന്റെ) ഭാവസ്ഫുരണമെന്നനിലയിൽ ഈ ഇരുവശങ്ങളെ കാണുന്ന രീതിയാണിത്. ദ്വൈതഭാവങ്ങൾക്കിടം നൽകാത്തതും, നാടുനില കാത്തുസൂക്ഷിക്കുന്നതുമായ ഒരു വിദ്യാഭ്യാസ പ്രക്രിയയെ കൊണ്ട് വ്യക്തിത്വത്തിൽ അഭികാമ്യമായ മാറ്റങ്ങൾ ഉണ്ടാക്കിയെടുക്കേണ്ടത് എങ്ങനെയാണ് ചിന്തിക്കേണ്ടിയിരിക്കുന്നു. ആ വിദ്യാഭ്യാസം ക്രിയാത്മകമായ ലക്ഷ്യബോധമുള്ളതായിരിക്കും.

ആസ്തി, ഭാതി, പ്രിയം എന്നിവ അന്തർഭവിച്ചിരിക്കുകയാണ്. ജ്ഞാനത്തെ വേദാന്തം കാണുന്നത്. അതായത്, ഉണ്ടായിരിക്കുക, വക്തമായാ രൂപത്തിൽ പ്രകാശിക്കുക, പ്രിയാപ്രിയങ്ങളോടും കൂടിയതായിരിക്കുക എന്ന മൂന്നും അറിവിലുണ്ടായിരിക്കുക. അറിവ് എപ്പോഴും പ്രിയാപ്രിയങ്ങൾ കൂടി ഉൾക്കൊള്ളുന്നതാണ് എന്നർത്ഥം തിരയുക, അറിയുക എന്നാവണം ലക്ഷ്യം. അറിയേണ്ടതെല്ലാം അറിഞ്ഞിട്ടുണ്ടോ? എന്ന വീണ്ടുവിചാരത്തിന് തുനിയുമ്പോഴാണ് പരമപ്രകാശം ലഭിക്കുന്നത്.

യോഗായുക്തമായ അറിവിനെ സാധാരണ അറിവിനേക്കാൾ മഹത്തായിട്ടാണ് 'ഗീത'കാണുന്നത്. സാധാരണ അറിവ് ജീവിക്കുന്ന സത്തയല്ല. അത് വെറും ശുഷ്കമായ ആശയങ്ങൾ മാത്രമാണ്. യോഗായുകതമായ അറിവാകട്ടെ ജീവിക്കുന്നതാണ്. ജീവിതത്തിന്റെ ഭാവസ്ഥൂരമാണ്. അതുകൊണ്ടു ഒരു വിദ്യാഭ്യാസനയം വിഭാവനം ചെയ്യുമ്പോൾ അതിന്റെ മൂല്യം വിലയിരുത്തേണ്ടത് നൂറു ശതമാനം മാനുഷികത നിറഞ്ഞിരിക്കുന്നു, ജീവിക്കുന്ന മനുഷ്യനെ വാർത്തെടുക്കാൻ അത് ഉപകരിക്കുമോ എന്ന് ശ്രദ്ധിച്ചു വേണം.

ജീവിതത്തിൽ വന്നുചേരുന്ന ബാഹ്യസാഹചര്യങ്ങളുമായി വ്യക്തിസത്തയെ നിരന്തരം പൊരുത്തപ്പെടുത്തി നിർത്തുന്ന ഒരു ക്രമീകരണമെന്ന നിലയിൽ മുന്നോട്ടു പോയികൊണ്ടിരിക്കുന്നതാണ് വിദ്യാഭ്യാസം. സദാ സർഗ്ഗാത്മഗമായിരിക്കേണ്ട ഈ ക്രമീകരണ പ്രക്രിയ വ്യക്തിപരമായ ജീവിതത്തിലെന്നപോലെ സമൂഹത്തിന്റെ ആകെ ജീവിതത്തിലും പ്രതിഫലിക്കുന്നതായിരിക്കും.

ഏതൊരു വിദ്യാഭ്യാസ പരിപാടിക്കും ആധാരമായിരിക്കേണ്ടത് കുട്ടിയിലെ ജന്മസിദ്ധമായ താല്പര്യമാണ്. പുസ്തകങ്ങളിൽ എഴുതിവെച്ചിരിക്കുന്ന പാഠ്യവിഷയങ്ങളെല്ലാം കുട്ടിയിൽ മറഞ്ഞിരിക്കുന്നതിനെ വെളിപ്പെടുത്തി പുറത്തുകൊണ്ടുവരികയാണ് വിദ്യാഭ്യാസത്തിൽ ചെയ്യേണ്ടത്. വിദ്യാഭ്യാസം കുഞ്ഞിനെ കേന്ദ്രീകരിച്ചുള്ളതാവുക, ഒരു പ്രവർത്തന പ്രധാനമായിരിക്കുക ബഹ്യമായ ഇടപെടലുകളിൽ നിന്നുള്ള സംരക്ഷണം വിദ്യാഭ്യാസം പുസ്തകപ്രധാനമല്ലാതാക്കുക, അവരുടെ ജന്മസിദ്ധമായ താല്പര്യങ്ങളെ അടിസ്ഥാനമാക്കിയിട്ടുള്ള പരീക്ഷണോപാധികളാണ് മുഖ്യം എന്ന ധാരണ വളർത്തി മുതിർന്ന ഒരാളായിത്തീരുന്നവരെ കുട്ടിയെ കുട്ടിയായിരിക്കുവാൻ അനുവദിക്കുക. ഇതൊക്കെയാണ് വിദ്യാഭ്യാസഗതിക്ക് റൂസ്സോ നൽകിയ പ്രതേകതകൾ.

യുക്തിഹീനമായ വിദ്യാഭ്യാസചിന്തയുടെ പേരിൽ റൂസ്സോയെ ആളുകൾ പുച്ഛിച്ചു തള്ളിക്കളയാറുണ്ട്. ഈ വിഷയത്തിൽ വളരെയധികം തെറ്റിദ്ധരിക്കപ്പെടുകയും ആക്ഷേപിക്കപ്പെടുകയും ചെയ്തിട്ടുള്ള ആളാണ് റൂസ്സോ. എന്നിരുന്നാലും ആധുനിക വിദ്യാഭ്യാസ ചിന്തയുടെ പിതാവ് എന്ന ഉന്നതപദവി ഇപ്പോഴും അദ്ദേഹത്തിനുണ്ട്. വിദ്യാഭ്യസ ചിന്തകൾ മാത്രം അവതരിപ്പിക്കാൻ എഴുതിയ 'എമിൽ 'എന്ന പുസ്തകത്തിൽ ഇപ്രകാരം പറയുന്നു. പ്രകൃതിയ്ക്ക് അനുരോധമായിരിക്കാനാണോ അതോ സാമൂഹ്യസ്ഥാപനങ്ങൾക്ക് അനുരോധമായിരിക്കാനാണോ നിർബന്ധിതരായിത്തീരുന്നത് എന്നനുസരിച്ച് മനുഷ്യനെയാണോ രാജ്യത്തിലെ പൗരനെയാണോ വാർത്തെടുക്കേണ്ടത് എന്ന് തീരുമാനിക്കേണ്ടിവരും. രണ്ടും ഒരേ സമയം നടപ്പില്ലതാനും.

വിദ്യാഭ്യസം എന്ന പ്രശ്നത്തിന്റെ കാതലിൽത്തന്നെ തത്ത്വപരമായ ഈ വൈരുദ്ധ്യം കുടികൊള്ളുന്നു. തത്വികമായ ഈ വൈരുദ്ധ്യം ദാർശികമെന്നോ അന്തർദർശനപരമെന്നോ പറയാവുന്ന ഒന്നാണ്. മനുഷ്യപ്രകൃതിയിലുള്ള അടിസ്ഥാനപരമായ ഒരു വൈരുദ്ധ്യമാണ് ഇതിൽ അന്തർഭവിച്ചിരിക്കുന്നത്.

വിദ്യാഭ്യാസത്തിന് ഒരു ലക്ഷ്യമുണ്ട്. സാമൂഹിക പരിവർത്തനത്തിന്റെ ഏറ്റവും വലിയ ചാലകശക്തി വിദ്യാഭ്യസമാണ്. പ്രവാചകനായ നബിയും വിദ്യാഭ്യാസം വേണമെന്ന് പറഞ്ഞതിന്റെ അർത്ഥം സമൂഹത്തിന്റെ ഏറ്റവും വലിയ ചാലകശക്തി എന്നതുകൊണ്ടാണ്. ആ വിദ്യാഭ്യാസത്തെ സമൂഹത്തിന്റെ പരിവർത്തനത്തിൽ വേണ്ടി ഉപയോഗിക്കുന്ന കേന്ദ്രങ്ങളായിരിക്കണം കോളേജുകളും സർവകലാശാലകളും. അതായത് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം സമൂഹത്തിനു വേണ്ടിയുള്ള ലക്ഷ്യവുമായി ബന്ധപ്പെട്ടതായിരിക്കണം ■





**ASHWANTH**
BBA. LLB

# ഇന്നത്തെ സമൂഹവും നാളത്തെ ഭാവിയും







ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ മനുഷ്യൻ ശാസ്ത്ര സാങ്കേതിക വിദ്യകളിൽ സമ്പന്നനായി എങ്കിലും ജീവിതത്തിന്റെ അർത്ഥവും ലക്ഷ്യവും അറിയാതെ അലയുകയാണ്. ഇന്നത്തെ തലമുറയാണ് നാളത്തെ അഭിമാനം. പക്ഷെ ഇന്നത്തെ തലമുറയുടെയും ഇന്നത്തെ സമൂഹത്തിന്റെയും അവസ്ഥ പറയാതിരിക്കാൻ പറ്റില്ല. ഇന്നത്തെ സമൂഹത്തിന്റെ പോക്ക് എങ്ങോട്ടാണെന്ന് ആർക്കും പറയാൻ പറ്റില്ല. മനുഷ്യൻ അത്രക്ക് അധഃപതിച്ചിരിക്കുകയാണ്. ഒരിക്കൽ വൈദ്യുതി പോലും ഇല്ലാതെ ജീവിച്ചവർക്ക് ഇന്നത്തെ ജീവിതത്തിൽ മൊബൈൽ ഫോണും, ഇന്റർനെറ്റും, വാട്സാപ്പും ഒന്നുമില്ലാതെ ജീവിക്കാൻ കഴിയാത്ത അവസ്ഥയാണ്. മനുഷ്യൻ അധഃപതിച്ച് അധഃപതിച്ച് മൃഗമെന്ന് പോലും വിളിക്കാൻ കഴിയാത്ത നിലവാരത്തിൽ എത്തിയിരിക്കുകയാണ്. ലൈംഗികസുഖം ഒന്നുമാത്രമാണ് ഇന്നത്തെ മനുഷ്യന്റെ ലക്ഷ്യം. സാക്ഷരതയിലും സമ്പന്നതയിലും മുന്നിൽ എത്തിയ കേരളത്തിലെ ജനങ്ങൾ മദ്യപാനത്തിന് വർഷംതോറും ചെലവിടുന്നത് പതിനായിരം കോടി രൂപയിൽ അധികമാണ്. ഇന്നത്തെ ഈ സമൂഹത്തിൽ ഒരു കുടുംബത്തിൽ ഒരു മദ്യപാനിയെങ്കിലും കാണാതിരിക്കില്ല. മദ്യപിച്ച് വഴിയിൽ ബോധം പോലും ഇല്ലാതെ കിടക്കുന്ന സംസ്കാരമാണ് ഇന്നത്തെ മനുഷ്യന്റെ. പണത്തിനും ആർഭാടജീവിതത്തിനും വേണ്ടി സ്വന്തം മകളെയും, അമ്മയെയും, പെങ്ങളെയും വരെ കണ്ടവരുടെ മുൻപിൽ കാഴ്ചവയ്ക്കാൻ മടിക്കാത്തവരാണ് ഇന്ന് ഈ കൂട്ടത്തിൽ ഉള്ളത്. മതത്തിന്റെ പേരിൽ ലഹളയും വേർതിരിവും കാണിക്കുന്നവരാണ് നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്നത്. മനുഷ്യൻ മനുഷ്യത്വത്തിനും വർഗ്ഗസ്നേഹത്തിനും നൽകേണ്ട പ്രാധാന്യം ഇന്ന് മതത്തിനാണ് നൽകുന്നത്. എല്ലാ മതത്തിനെയും എല്ലാ ദൈവങ്ങളെയും എല്ലാ മനുഷ്യരെയും ഒന്നായി കാണുകയും എല്ലാത്തിനെയും ഉൾ ക്കൊള്ളുന്നവരെയുമാണ് ഇന്നത്തെ സമൂഹത്തിന് ആവശ്യം.

ഇന്റർനെറ്റ് അശ്ലീലവും, കഞ്ചാവും, മദ്യവും, പുകവലിയും കഴിഞ്ഞാൽ പഠിക്കുവാൻ ഇന്നത്തെ സമൂഹത്തിൽ വിദ്യാർത്ഥികൾക്ക് സമയം ഇല്ല. ഇന്നത്തെ സമൂഹത്തിൽ പകുതിയിൽ കൂടുതൽ യുവജനങ്ങളും ലഹരിക്ക് അടിമയാണ്. നവമാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കുന്നത് അധികവും പീഡനകഥകളാണ്. മനുഷ്യൻ ഒരു നികൃഷ്ടജീവിയായി മാറിക്കൊണ്ടിരിക്കുകയാണ്. പിഞ്ചു കുഞ്ഞുങ്ങളെ മുതൽ വൃദ്ധരെ വരെ പ്രായഭേദമന്യേ കാമകണ്ണോടെ കാണുന്ന സമൂഹമാണ് ഇന്നുള്ളത്. ആണായി പിറന്ന എല്ലാവർക്കും അപമാനമാണ് ഇതേപോലത്തെ ചില മനുഷ്യമൃഗങ്ങൾ. പിഞ്ചുകുഞ്ഞുങ്ങളെ വെളിയിൽ ഇറക്കാൻ തന്നെ ഇന്ന് ഒട്ടുമിക്ക അമ്മമാർക്കും ഭയമാണ്. അത്ര അധഃപതിച്ചിരിക്കുകയാണ് നമ്മുടെ സമൂഹം. പണത്തിനു വേണ്ടി സ്വന്തം മകളെ ലൈംഗികവ്യത്തി നടത്തുന്നവർക്ക് കൂട്ടികൊടുക്കുന്ന മാതാപിതാക്കൾ വരെ ഇന്നത്തെ സമൂഹത്തിലുണ്ട്.

ഒരു തെറ്റും ചെയ്യാത്ത പിഞ്ചുകുഞ്ഞുങ്ങളെ അതിക്രൂരമായിട്ട് ലൈംഗിക പീഡനത്തിന് വിധേയമാക്കുകയും അവസാനം കൊന്നുകളയുകയും ചെയ്യുന്നു. മനുഷ്യനായി പിറന്ന ആർക്കും ഉൾക്കൊള്ളാൻ കഴിയാത്ത ഒന്നാണിത്. നമ്മുടെ സ്വന്തം എന്ന് പറയുന്ന ആർക്കെങ്കിലും ഇതുപോലത്തെ അവസ്ഥ വന്നാലേ ഇതിന്റെ കാഠിന്യം മനുഷ്യൻ പഠിക്കുകയുള്ളൂ.

മാറണം മനുഷ്യൻ മാറണം, അല്ല മനുഷ്യന്റെ മനസ്സ് മാറണം. മനുഷ്യന്റെ മനസ്സ് മാറിയാൽ ഉള്ള പ്രശ്നമേ ഉള്ളൂ. മനുഷ്യൻ നേരായരീതിയിൽ കൂടി ചിന്തിക്കണം, നേരായ രീതിയിൽ കൂടി പ്രവർത്തിക്കണം. സ്വയം മാറാനേ കഴിയുകയുള്ളൂ അല്ലാതെ മറ്റാർക്കും ആരെയും മാറ്റുവാനും നന്നാക്കാനും കഴിയുകയില്ല



# വിദ്യാഭ്യാസം: ഒരു സാംസ്കാരിക ദൗത്യം

**PARVATHY V.NAIR**
BCom, LLB

> **ഗുരുമുഖത്തുനിന്നും പകർന്നുതരുന്ന അറിവ് ചൈതന്യം തുടിക്കുന്ന സജീവമായ ഒരു ആവേശമാമാകണം, അപ്പോൾ വിദ്യാഭ്യാസം സചേതനമായ ഒരു സംവാദമാകുന്നു.**

വർത്താന കാലഘട്ടത്തിൽ ഒരുവന്റെ ബഹുമുഖമായ വികാസത്തെ പരിപൂർണ്ണതയിൽ എത്തിക്കുന്ന പൂർണ്ണതയുടെ ബഹിർപ്രകടനമാണ് വിദ്യാഭ്യാസം. വ്യക്തിയിൽ അന്തർലീനമായിരിക്കുന്ന കഴിവുകൾ തിരിച്ചറിഞ്ഞു വികസിക്കുന്നതിലൂടെ സമ്പൂർണ്ണവും പരിപൂർണ്ണവുമായ ഒരു വ്യക്തിത്വരൂപികരണം എന്ന ആശയത്തിധിഷ്ഠിതമാണ് എന്നും വിദ്യാഭ്യാസം. അമ്മയുടെ ഗർഭപാത്രത്തോട് വിടവാങ്ങി ബാല്യത്തിൽ ആദ്യ ചവിട്ടുപടി വെക്കുമ്പോൾ ഓരോ വ്യക്തികളും വിദ്യാഭ്യാസം എന്ന മഹത്തായ പ്രക്രിയയിലേക്കു പ്രവേശിക്കുന്നു.

ഈ പ്രപഞ്ചത്തിൽ തന്റെ ദൗത്യം വിജയകരമായി നിർവഹിക്കാൻ മനുഷ്യനെ പ്രാപ്തനാക്കുന്നത് വിദ്യാഭ്യാസമാണ്. തന്നിൽ അർപ്പിതമായ ആശയങ്ങളെ പുറത്തുകൊണ്ടുവരാനും, പ്രപഞ്ചത്തിലെ മഹനീയ സ്ഥാനങ്ങൾ അലങ്കരിക്കാനും വിദ്യാഭ്യാസത്തിലൂടെ മാത്രമേ സാധിക്കുകയുള്ളൂ. തിരഞ്ഞെടുക്കപ്പെട്ട ഗുരുക്കന്മാരിൽ നിന്നും, പ്രവാചകന്മാരിൽ നിന്നും പാരമ്പര്യമായി സ്വായത്തമായി നേടിയ അറിവ് വരുംതലമുറയിലേക്ക് കൈമാറുന്നു. കേവലം ഉദ്ധരണിൾക്കപ്പുറം സത്യ-അസത്യങ്ങളും നന്മതിന്മകളും തിരിച്ചറിഞ്ഞു ജീവിത ഔന്നത്യങ്ങളിലേക്ക് ഒരു ചവിട്ടുപടിയായിരുന്നു ആദ്യ കാലഘട്ടം വിഭാവനം ചെയ്തിരുന്ന വിദ്യാഭ്യാസം.

വിദ്യാഭ്യാസത്തിലൂടെ മുന്നോട്ടു നീങ്ങിയ കാലഘട്ടത്തിലെല്ലാം മനുഷ്യരാശി ശാന്തിയും സമാധാനവും പുരോഗതിയും കൈവരിച്ചു. എല്ലാ അന്ധകാരങ്ങളിൽ നിന്നും മാനവരാശിയെ മോചിപ്പിച്ചെടുത്തു യഥാർത്ഥ പ്രകാശത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കും ആനയിക്കാൻ കെൽപ്പുറ്റ ഒരു ദാർശനിക ജീവിതവ്യവസ്ഥയും കൈവശമുള്ള സമൂഹം രംഗപ്രവേശനം ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്.

കൂട്ടിപ്പിണഞ്ഞു കിടക്കുന്ന പല പ്രശ്നങ്ങൾ നമ്മുടെ വിദ്യാഭ്യാസ മേഖലയെ കാർന്നുതിന്നുകൊണ്ടിരിക്കുന്നു. അടിസ്ഥാനപരാമായി എല്ലാവരും പഠിക്കേണ്ട കാര്യങ്ങൾ കാലം മാറിയാലും മാറ്റാൻ പറ്റില്ല. മാർക്കിനു വേണ്ടിയുള്ള മത്സരയോട്ടത്തിനിടയിൽ സിലബസിന് പുറത്തുള്ള കാര്യങ്ങൾ വായിക്കാനോ പാഠഭാഗങ്ങൾ ആസ്വദിക്കാനുമുള്ള അവസരം തീർത്തും അന്യമാകുന്നു. “ഇന്നിന്റെ നെറുകയിൽ നിന്ന്, ഗൃഹാതുരതയുടെ കുടചൂടി ഒരു തിരിച്ചുപോക്ക് ഇന്നലകളിലേക്ക്... എല്ലാം എരിഞ്ഞടങ്ങിയെങ്കിലും മറവിയുടെ പായയിൽ വഴുതി ഞാൻ എന്നെ തന്നെ മറന്നു പോവാതിരിക്കാൻ എൻ കലാലയത്തിലൂടെ ആരോ കുറിച്ചിട്ട അനുപമ പ്രണയത്തിന് വീഥിയിലൂടെ ആരോ കുറിച്ചിട്ട അനുപമ പ്രണയതിന് വീഥിയിലൂടെ.. “കവിവചനങ്ങൾ വാഴ്ത്തുന്ന ഓമൽ കലാലയ സ്വപ്നങ്ങൾ അക്ഷരത്തിൽ ഒരുങ്ങി ഒരു വില്പനച്ചരക്കായി മാത്രം ഇന്നു മാറുന്നു.

തന്റെ കുട്ടികളെ കലാലയങ്ങളിലേക്ക് പറഞ്ഞയിക്കുമ്പോൾ ഒരായിരം പ്രതീക്ഷ നിറഞ്ഞ മാതാപിതാകളെ നമുക്ക് കാണാം. പാഠപുസ്തകത്തിലെ ഓരോ വരിയും വിഴുങ്ങി, തരുന്ന ഉത്തരകടലാസുകളിലേക്ക് ഛർദിച്ചു വെക്കുന്നവൻ മിടുക്കൻ, മറിച്ചാണെങ്കിലോ അവൻ “അത്ര പോരാ “. വിദ്യാഭ്യാസത്തിലൂടെ നേടുന്നത് കേവലം മാർക്കുകൾ നിറഞ്ഞ ഒരു ഉത്തരക്കടലാസുകൾ മാത്രമല്ല ഒരു വ്യക്തിയുടെ സ്വഭാവരൂപീകരണം, സാംസ്കാരികരൂപീകരണം മുതലായവയാണ്.

ബാല്യമെന്ന ഓമൽ സ്വപ്നം

പോലെയാണ് ഒരു വ്യക്തിക്ക് തന്റെ ഓമൽ കലാലയം സമ്മാനിക്കുന്ന ഓർമയുടെ നിറകുടം. പക്ഷെ സ്വാശ്രയവൽക്കരണത്തിനു ബലികൊടുക്കേണ്ടി വരുന്ന ഒരായിരം യുവത്വങ്ങൾ നമുക്കിക്കിടയിലുണ്ട്. “സ്കൂളിൽ നിന്നും സ്കൂളിലേക്ക് “അതാണ് പല ക്യാമ്പസ്സുകളുടെയും യഥാർത്ഥ ചിത്രം. ഇത്തരം ക്യാമ്പസ്സുകൾ മണ്ണിൽ നിന്നും ഉയരുമ്പോൾ മൂന്ന് ശവക്കല്ലറകൾ നമുക്ക് കാണാം “യൗവനം, വിപ്ലവം,സർഗ്ഗാത്മകത”ഈ മൂന്നു ശവക്കല്ലറകളുടെ മുകളിലൂടെ ഷൂസും സോക്സും ധരിച്ചു ചലിക്കുന്ന യന്ത്രങ്ങൾ അതാണ് ഇന്നിന്റെ വിദ്യാർത്ഥി സമൂഹം.

വിദ്യാർത്ഥികളെയും അവന്റെ പരിസരത്തെയും ക്രിയാത്മകമായി സമീപിക്കുന്ന രീതികൾ ഗുണപരമായി അനിവാര്യമാണ്. “തെരുവിലെ കാളകൂറ്റൻ ക്ലാസ്സ്മുറിയിലേക്ക് കടന്നുവരുന്ന പ്രതീതിയാകരുത് അധ്യാപകന്റെ ക്ലാസ്സ്റൂം പ്രവേശനം “. ഒരു വിദ്യാർത്ഥി ഒരിക്കലും ഒഴിഞ്ഞ പാത്രമല്ല സ്വയമേവ അറിവ് നേടാൻ ദൈവം നൽകിയ അക്ഷയപാത്രമാണെന്നുമുള്ള തിരിച്ചറിവാണ് ആത്യന്തികമായി ഉടലെടുക്കേണ്ടത്.

മിടുക്കന്മാരും മണ്ടന്മാരും ഇടകലർന്ന ഒരു ക്ലാസ്സ്റൂമല്ല ഇന്നുള്ളതു. മിടുക്കന്മാർ മാത്രമുള്ളതാണ്. കുട്ടികളിലെ വൈവിധ്യമാർന്ന കഴിവുകൾ കണ്ടെത്തി അവ പരിപോഷിപ്പിക്കുന്നതിലാണ് ഒരു യഥാർത്ഥ അധ്യാപകന്റെ കർത്തവ്യം. അജ്ഞാനമാകുന്ന ഇരുട്ടിനെ കീറിമുറിച്ചു വിജ്ഞാനത്തിന്റെ ഓരോ സൂര്യകിരണങ്ങളുമാണ് വിദ്യാഭ്യാസം. പണമുണ്ടാക്കണം, അധികാരം നേടണം, പ്രശസ്തി വളർത്തണം ഇതിനൊക്കെ സഹായകരമായ ഒരു തൊഴിൽ വേണം. അടിത്തറയില്ലാതെ പണിതുയർത്തുന്ന വീടുപോലെയുള്ള വിദ്യാഭ്യാസം ലഭിക്കുന്നതിലൂടെ ഏതു നിമിഷവും നിഷ്കരുണം തകർന്നുവീഴുന്ന ഒരു ചീട്ടുകൊട്ടാരം മാത്രമാണ് ഓരോ കുട്ടികളും കാരണം ജീവിക്കാൻ വേണ്ടി മാത്രമുള്ള അറിവ് മാത്രമാണ് അവർ സ്വായത്തമാകുന്നത്.

“മാതാ-പിതാ-ഗുരു-ദൈവം “എന്നീ ചതുർഭുജ സ്തൂപങ്ങൾ പടുതുയർത്തിയ ഭാരതീയ സംസ്കൃതി ആദ്യാവാസാനം വെല്ലുവിളി നേരിടുമ്പോൾ സംസ്കാരം തന്നെ ചെറു കഷ്ണങ്ങളായി വിൽപ്പനക്കു വെച്ചിരിക്കുന്ന സമൂഹത്തിൽ മൂല്യങ്ങളെ മഷിയിട്ട് നോക്കിയാലും കാണാതെ നടക്കുകയാണ് നിക്ഷ്പക്ഷമതിയായ ഓരോ വ്യക്തിക്കും.

“തങ്ങളുടെ ഉള്ളിലുള്ള ഏറ്റവും നല്ല ഭാവത്തെ പുറത്തേക്കു കൊണ്ടുവരുന്നതാണ് യഥാർത്ഥ വിദ്യാഭ്യാസം, മനുഷ്യത്വമെന്ന പുസ്തകമല്ലാതെ മറ്റേത് പുസ്തകമാണുള്ളത്" എന്ന മഹാത്മജിയുടെ വാക്കുകൾക്ക് ഊന്നൽ കൊടുക്കുന്ന ഒരു ഭാവി തലമുറയാണ് വളരേണ്ടത്. വിദ്യാഭ്യാസം എക്കാലവും ഒരു അക്ഷയപാത്രമാണ്, പക്ഷെ അർഹിക്കുന്നവന്നുമാത്രം വിളമ്പാൻ ഉതകുന്ന ഒന്ന്. ഗുരുമുഖത്തുനിന്നും പകർന്നുതരുന്ന അറിവ് ചൈതന്യം തുടിക്കുന്ന സജീവമായ ഒരു ആവേശമാമാകണം, അപ്പോൾ വിദ്യാഭ്യാസം സചേതനമായ ഒരു സംവാദമാകുന്നു. യഥാർത്ഥ ഗുരുവും ശിഷ്യനും കേവലം വ്യക്തികളല്ല, മറിച്ചു വ്യക്തി പ്രഭാവങ്ങളാണ്. ഒരു ദീപത്തിൽ നിന്നും മറ്റൊരു ദീപത്തിലേക്ക് ജ്വലിക്കുന്ന കെടാവിളക്കാകട്ടെ എന്നും നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം അതിനായി നമുക്ക് പ്രാർത്ഥിക്കാം.... പ്രത്യാശിക്കാം ■

---



**JOEL .E**
BCom LLB

# സുഹൃത്ത്



സുഖത്തിലും ദുഃഖത്തിലും കൂടെനിക്കുന്നവനാണ് യഥാർഥ സുഹൃത്ത്. സുഹൃത്തുക്കളെ ലഭിക്കുകയെന്നത് സൂര്യോദയം പോലെയാണ് കാരണം അത് ദിവസവും സംഭവിക്കും.

നല്ല സുഹൃത്തുക്കളെ കണ്ടെത്തുക എന്നത് മഴ പോലെയാണ്. കാരണം അത് വർഷത്തിൽ ഇടക്കു സംഭവിക്കും പ്രകൃതിയുടെ നിശബ്ദ സമ്മാനമാണ് സുഹൃത്ത്. പാഴാക്കുന്നതിനനുസരിച്ച് ശക്തി കൂടും. ആഴം കൂടുന്നതിനനുസരിച്ച് തെളിമ കൂടും.

അടുക്കുന്നതിനനുസരിച്ച് ഊഷ്മളമാകും. സുഹൃതബന്ധത്തോടു വിടപറഞ്ഞു മറ്റൊരു കാലത്ത് എത്തിച്ചേരുമ്പോൾ മനസ്സിൽ പ്രീയസം അനുഭവപ്പെട്ടാൽ ഓർത്തെടുത്ത് സന്തോഷിക്കാൻ പഴയ സുഹൃത്ബന്ധത്തിന്റെ അനുഭവങ്ങൾ മാത്രമേ ഉണ്ടാവുകയുള്ളൂ ഒരു യഥാർഥ സുഹൃത്തിന് ■

(എന്റെ എല്ലാ കൂട്ടുകാർക്കും വേണ്ടി)



**AKASH SP**
BA.LLB

# നിരോധനങ്ങളുടെ കാലത്ത് നിശബ്ദമാകുന്നുവോ ക്യാമ്പസ്.....?

നിരോധനങ്ങളുടെ കാലമാണ്. വളരെയേറെ ഭീകരതയോടു കൂടി ജീവൻപോലും നിരോധിക്കപ്പെടുന്ന ഒരു കാലം. നമ്മുടെ രാജ്യം ഒരു ഇരുണ്ട കാലത്തിൽ കൂടിയാണ് കടന്നുപോകുന്നത്. ജനാധിപത്യത്തിന്റെ പരമോന്നത അവകാശപ്പെടുന്ന നമ്മുടെ ഭാരതത്തിലേക്ക് ഒന്ന് തിരിഞ്ഞുനോക്കുന്നത് നല്ലതായിരിക്കും. കാരണം ജനാധിപത്യത്തിനും മതേതരത്വത്തിനും സാഹോദര്യത്തിനും വർഗീയഫാസിസ്റ്റുകളിൽ നിന്നും കടുത്ത വെല്ലുവിളികൾ നേരിടേണ്ടി വരുന്നു.

ഇത്തരം നിരോധനങ്ങളിലേക്ക് ശക്തമായ പ്രതികരണവും പ്രധിഷേധവും അഴിച്ചുവിടേണ്ടത് ചുറുചുറുക്കിന്റെ യൗവനങ്ങളാണ്. അതിലേക്ക് ആത്യന്തികമായി ക്യാമ്പസുകളിൽ നിന്നും പ്രധിഷേധ ജ്വാല ഉയരണം. ഇന്ത്യയിലെ രാഷ്ട്രീയ സ്വാതന്ത്ര്യ സമരകാലങ്ങളിലെല്ലാം കലാലയങ്ങൾ സജീവമായിരുന്നു. കലാലയം വിട്ട് സ്വാതന്ത്ര്യ സമരത്തിലേക്ക് ഇറങ്ങിപ്പോയ വിദ്യാർത്ഥികൾ, സ്കൂൾ പരിസരത്ത് ഇന്ത്യൻ പതാക ഉയർത്തി ജയിലിൽ പോയ വിദ്യാർത്ഥികൾ.... അങ്ങനെ നീണ്ട പരമ്പര തന്നെ നമുക്കുണ്ട്. രാജ്യത്ത് ഉയർന്നുവരേണ്ട രാഷ്ട്രീയ സാംസ്കാരിക പ്രതിരോധത്തിന് കൃത്യമായ ദിശാബോധം കൈവരിക്കണം. അതിന് ചെറുപ്പക്കാരുടെ ഇടയിൽനിന്നും വിദ്യാർത്ഥികളുടെ ഇടയിൽനിന്നും വ്യാപകമായ ആശയപ്രചരണവും സംവാദങ്ങളും ഉയർന്നുവരണം.

വിദ്യാർത്ഥികളുടെ പ്രഥമവും ആത്യന്തികവുമായ ലക്ഷ്യം 'പഠനമാണ് '. കൃത്യവും വ്യക്തവുമായി ഒരു കാര്യത്തെ കുറിച്ച് പഠിച്ചാൽ മാത്രമേ അവന് സമൂഹത്തിൽ എന്തെങ്കിലും ഒരു മാറ്റം കൊണ്ടുവരാൻ സാധിക്കുകയുള്ളു. ഒരുവൻ തന്റെ വിദ്യാഭ്യാസ കാലയളവിൽ ദൗത്യമായ പഠനം എങ്ങനെ ക്രമീകരിക്കുന്നുവോ അതിനനുസരിച്ചാകും നാളത്തെ സമൂഹത്തിന്റെ ഗതി നിർണ്ണായകമാകുന്നത്. എന്നാൽ ആ പഠനം വെറും പാഠപുസ്തകങ്ങളിൽ മാത്രം ഒതുങ്ങുന്നതല്ല. അവൻ സമൂഹത്തിലേക്ക് ഇറങ്ങി ചെല്ലണം. സമൂഹത്തിലെ മാറ്റങ്ങൾ ക്രിയാത്മകമായി കണ്ടുമനസ്സിലാക്കണം. അവിടെ അരങ്ങേറുന്ന അനീതികളെ ശക്തമായി എതിർക്കണം. എങ്കിൽ മാത്രമേ ആ പഠനം കൊണ്ട് സമൂഹത്തിന് ഗുണമുണ്ടാവുകയുള്ളു. ലോകത്തിന്റെ ഏത് കോണിൽ നോക്കിയാലും ചരിത്ര ഗതിവിഗതികൾ പരിശോധിച്ചാൽ ക്യാമ്പസ്സിന്റെ തനതായ ഈ ദൗത്യസ്വഭാവം വെളിപ്പെടും.

എല്ലാ വിദ്യാർത്ഥികൾക്കും അവരുടേതായ വ്യക്തമായ രാഷ്ട്രീയ ബോധം അനിവാര്യമാണ്. കാരണം നാളത്തെ ഭരണം ഇന്നത്തെ യുവത്വങ്ങളിലാണ്. ആഗോളവത്കരണ നയങ്ങൾ നമ്മുടെ രാജ്യത്ത് അടിച്ചേൽപ്പിക്കാൻ തുടങ്ങിയ ഘട്ടത്തിൽ വിദ്യാർത്ഥി രാഷ്ട്രീയത്തെപ്പറ്റി സജീവമായ ചർച്ചകൾ പൊട്ടിപ്പുറപ്പെട്ടു. വിദ്യാഭ്യാസം എന്നത് രാഷ്ട്രീയത്തിൽ നിന്ന് വിമുക്തമായ ഒന്നല്ല. ഓരോ സാമൂഹ്യവ്യവസ്ഥയ്ക്കെതിരെ മാറിക്കൊണ്ടിരിക്കുന്ന ഒന്നാണ്. പണ്ട് ജാതിവ്യവസ്ഥ കൊടുമ്പിരികൊണ്ടിരിക്കുന്ന കാലത്ത് വിദ്യാഭ്യാസം എന്നത് താഴ്ന്ന ജാതിക്കാർക്ക് നിഷേധിക്കപ്പെട്ടിരുന്ന ഒരു വസ്തുതയായിരുന്നു. എന്നാൽ ഒട്ടനവധി സാമൂഹിക-രാഷ്ട്രീയ നവോദ്ധാനത്തിന്റെ അനന്തരഫലമായിട്ടാണ് അത് എല്ലാവരിലേക്കും കേന്ദ്രീകരിക്കപ്പെട്ടത്. വിദ്യാർത്ഥികളുടെ രാഷ്ട്രീയബോധത്തെ കുറിച്ച് ഗാന്ധിജി ഒരിക്കൽ പറയുകയുണ്ടായി "വിദ്യാർത്ഥികളാണ് ഈ രാജ്യത്ത് ഏറെ കാലം ജീവിക്കേണ്ടത്, അതുകൊണ്ട് തന്നെ ഭാവി ഭാരതം രൂപപ്പെടുന്നതിൽ അവർ ക്രിയാത്മകമായ പങ്ക് വഹിക്കേണ്ടതുണ്ട്". ഒരു ജനാധിപത്യ രാഷ്ട്രത്തിന്റെ സംബന്ധിച്ചിടത്തോളം ആ രാജ്യത്തിന്റെ ഭരണ സംവിധാനത്തെ നിർണ്ണയിക്കുന്നതും നിശ്ചയിക്കുന്നതും നിയമനിർമ്മാണ സഭകളാണ്. രാഷ്ട്രീയ രംഗത്തുള്ളവരാണ് പാർലമെന്ററി ജനാധിപത്യം നിലനിൽക്കുന്ന നമ്മുടെ രാജ്യത്ത് ഇതിലേക്ക് തിരഞ്ഞെടുക്കപ്പെടുക. ഇവിടങ്ങളിൽ സമൂഹത്തിന്റെ ഏറ്റവും ക്രിയാത്മകമായി ചിന്തിക്കുകയും ജനങ്ങൾക്കുവേണ്ടി ഇടപെടുകയും ചെയ്യുന്നവർ എത്തിച്ചേരുക എന്നത് രാഷ്ട്രപുരോഗതിക്ക് തന്നെ അനിവാര്യമാണ്.

കോടിക്കണക്കിനാളുകൾ പട്ടിണി കിടക്കുന്ന നമ്മുടെ നാട്ടിൽ ആരെങ്കിലും എന്തെങ്കിലും കഴിക്കുന്നുണ്ടോ എന്ന ജനാധിപത്യപരമായ അന്വേഷണം നടത്താതെ, ആരെന്തു കഴിക്കണം എന്ന് തീരുമാനിക്കുന്ന ഒരു ഭരണവ്യവസ്ഥിതിയിലൂടെയാണ് നാം കടന്നുപോകുന്നത്. പ്രതികരിയ്ക്കുന്നവനെയും വിമർശിക്കുന്നവനെയും വെട്ടിത്തള്ളുന്ന പരുക്കൻ വർഗ്ഗീയത നിറഞ്ഞ ഈ കാലയളവിൽ നല്ലൊരു മാറ്റം കൊണ്ടുവന്നു നാടിനെ കാക്കേണ്ടത് നമ്മൾ യുവതലമുറകളായിരിക്കണം. ആശയപരമായി എതിർത്തു തോൽപ്പിക്കാനുള്ള പ്രാപ്തി കൂടി വേണം. അതിനാൽ പോരാട്ടപെരുമയെ ഒരുവശത്തു നിർത്തിക്കൊണ്ട് തന്റേടത്തോടുകൂടി ഈ ജനതയെ നയിക്കുവാനുള്ള സർഗ്ഗപരമായ കരുത്തിന്റെ പ്രതീകമാകണം നമ്മുടെ കലാലയങ്ങൾ. ■

**വിദ്യാർത്ഥികളുടെരാഷ്ട്രീയ ബോധത്തെക്കുറിച്ച് ഗാന്ധിജി ഒരിക്കൽ പറയുകയുണ്ടായി.. "വിദ്യാർത്ഥികളാണ് ഈ രാജ്യത്ത് ഏറെ കാലം ജീവിക്കേണ്ടത്, അതുകൊണ്ട് തന്നെ ഭാവി ഭാരതം രൂപപ്പെടുന്നതിൽ അവർ ക്രിയാത്മകമായ പങ്ക് വഹിക്കേണ്ടതുണ്ട്."**





**DEVIKA**
Bcom LLB

# എന്താണ് മുത്തലാഖ് ? എന്താണ് ഇതിന്റെ ഫലം ?

മുതാലാഖ് ഒറ്റ വാക്കിൽ പറഞ്ഞപ്പോൾ കാര്യം വളരെ നിസാരം. എന്നാൽ ഇതിന്റെ അനന്തര ഫലം എത്രത്തോളം വലുതെന്നു നാം ചിന്തിക്കുന്നില്ല. നമ്മുടെ രാജ്യവും ഇവിടുത്തെ നിയമ വ്യവസ്ഥയും ഇത്രത്തോളം മുന്നേറി. ഇന്ന് ഈ 21 ആം നൂറ്റാണ്ടിലെത്തി നിൽക്കുമ്പോൾ, പുരോഗമന പ്രസ്ഥാനങ്ങൾ ഇവിടം വാഴുമ്പോഴും ഇന്നും നമ്മുടെ നാട്ടിൽ ഇത്രെയും വലിയ ഒരു ദുരാചാരം നിലനിൽക്കുന്നു എന്നത് വളരെ വിചിത്രം തന്നെ. മുത്തലാഖ് എന്നാൽ എന്തെന്നും അതിന്റെ ഫലം എന്തെന്നും നമ്മൾ എത്രപേർ മനസിലാക്കിയിട്ടുണ് ? മുത്തലാഖ് എന്നാൽ അധികം കടന്നു ചിന്തിക്കാതെ തന്നെ ആരും പറയും ഇസ്ലാം വ്യക്തി നിയമ പ്രകാരം മൂന്ന് വട്ടം തലാഖ് ചൊല്ലി വിവാഹബന്ധം വേർപെടുത്തുന്നത് ആണെന്ന്. അതിൽ കൂടുതൽ ആ ആചാരത്തിന്റെ ഫലങ്ങളെപ്പറ്റി അല്ലെങ്കിൽ ഇത്തരത്തിൽ ഒരു ദുരാചാരം ഇന്നും തുടരുന്നതിനെപ്പറ്റി എന്തുകൊണ്ട് ആരും ചിന്തിക്കുന്നില്ല. മുതാലാഖ് എന്ന ആചാരത്തിൽ കുരുങ്ങിക്കിടക്കുന്ന ഒരു പെണ്ണിന്റെ ജീവിതവും ഭാവിയും എന്തുകൊണ്ട് ആരും സ്മരിക്കുന്നില്ല !

മുഹമ്മദീയൻ നിയമപ്രകാരം നിക്കാഹ് എന്ന കരാറിലൂടെ വിവാഹബന്ധത്തിലേർപ്പെടുന്ന ഒരു സ്ത്രീയും പുരുഷനും വിവാഹമോചനം നടത്തുന്നതിന് 'തലാഖ് 'അല്ലെങ്കിൽ 'തലാഖ് നാമ 'എന്ന് വിശേഷിപ്പിക്കുന്നു. തലാഖ് ചെയ്യുന്നത് പുരുഷനാണ്. ഭർത്താവിന് മാത്രമാണ് അതിനുള്ള അവകാശം നിയമം നിൽക്കുന്നത്. ഒരു ഭർത്താവി





ARSHID.MS
BA LLB

# സിനിമയും ജീവിതവും

ദൃശ്യമാധ്യമമെന്ന നിലയിൽ സിനിമയോളം ജനപ്രീതിയും അംഗീകാരവും ലഭിച്ച മറ്റൊരു കലയും ലോകത്തുണ്ടാകില്ല. ഒന്നിലധികം കലാരൂപങ്ങളുടെ മിശ്രിതമാണ് സിനിമ. അഭിനയം, സംഗീതം, നൃത്തം തുടങ്ങി സാങ്കേതിവിദ്യകൾ ഉൾപ്പെടെ അനവധി ഘടകങ്ങൾ ഒരു സിനിമയിൽ ചേർന്നിരിക്കുന്നു. മറ്റൊരു കലയ്ക്കും കിട്ടാത്ത പ്രാധാന്യം ഇന്ന് സിനിമയ്ക്ക് കിട്ടുന്നുണ്ട്. മനുഷ്യന്റെ ജീവിതത്തിൽ ഒരിക്കലെങ്കിലും സിനിമ എന്ന വാക്ക് കടന്ന് പോയിട്ടുണ്ടായേക്കാം.

സിനിമ എന്നത് ഒരിക്കലും ഒരാളുടെ മാത്രം കഴിവല്ല. മറിച്ച് ഒരു സംഘം ആൾക്കാരുടെ മാനസികവും ശാരീരികവുമായ പ്രയത്നത്തിൽ നിന്നും രൂപം കൊള്ളുന്നതാണ്. സംവിധായകൻ മുതൽ പ്രേക്ഷകൻ വരെയുള്ള ഓരോ ഘടകങ്ങളും അതിന്റെ ജീവനാഡികളാണ്. മുൻപ് പറഞ്ഞതുപോലെ ഇതൊരു സമ്മിശ്രകല യാണ്.

51A




▲
ഇന്ത്യൻ സിനിമാ ചരിത്രത്തിലെ അവിസ്മരണീയ നാഴികക്കല്ലുകളിലൊന്നായ **പഥേർ പാഞ്ചാലി**യിൽ നിന്നും

എന്നാൽ സിനിമ എന്നത് പോലെ തന്നെ ഊർജം ഏറിയ മറ്റൊരു കലയാണ് 'നാടകം'. ദൃശ്യപ്രധാനമായ കലാരൂപമാണ് നാടകം. ജീവിതാംശങ്ങളുടെ ആവിഷ്കരണമാണവ. രംഗസംവിധാനം, ഭാവാഭിനയം, സംഭാഷണം, എന്നിവയാണ് അതിലെ പ്രധാന ഭാഗങ്ങൾ. തെറ്റിയാൽ അത് തിരുത്താൻ ഒരവസരം കൂടികിട്ടാത്ത ഒരു തത്സമയ കലയായ നാടകം ഇന്ന് ഒട്ടേറെ വെല്ലുവിളികൾ നേരിടുന്നുണ്ട്. എന്നാൽ ഇന്ന് നാടകങ്ങൾക്ക് കാണികൾ കുറവായി വരുന്നത് കാണാം. സിനിമ എന്നപോലെ നാടകങ്ങൾ ചിലർക്ക് ആസ്വാദ്യകരമാകുന്നില്ല. ഒട്ടേറെ കടമ്പകൾ കടന്നും ഉറക്കം ഒഴിച്ചും വേദിയിലെത്തുന്ന ഒരുപിടി കലാകാരന്മാരുടെ അഭിനയമുഹൂർത്തങ്ങൾ നേരിട്ട് കണ്ട് നമ്മൾ മനസിലാക്കേണ്ടതുണ്ട്. എന്നാൽ ഇതൊക്കെ ആസ്വദിക്കാൻ ഉത്സവപ്പറമ്പുകളിൽ പോലും ഗണ്യമായ കുറവുണ്ട്.

നാടകത്തിൽ നിന്നും സിനിമയിലെത്തിയ ഒരുപിടി കലാകാരന്മാർ ഇന്നുണ്ട്. അതുപോലെ മിമിക്രി വേദികളിൽ നിന്നും നമ്മുടെ സിനിമ ലോകത്തേക്ക് കടന്നുവന്നവരും ചുരുക്കമല്ല. ഒരുപാട് പേരുടെ ജീവിതാശ്രയമായി ഇന്ന് സിനിമ മാറിക്കഴിഞ്ഞിരിക്കുന്നു. പതിനായിരക്കണക്കിന് ആളുകൾക്ക് തൊഴിൽ നൽകുന്ന ഒരു വ്യവസായം കൂടിയാണിത്.

സംവിധാനം, തിരക്കഥ, അഭിനയം, എഡിറ്റിംഗ്, ഗാനരചന, ഗാനാലാപനം, നൃത്തം, പ്രകാശ സംവിധാനം, മേക്കപ്പ്, കലാസംവിധാനം, പ്രൊഡക്ഷൻ അസിസ്റ്റൻസ്,ഛായാഗ്രഹണം തുടങ്ങി തിയറ്റർ, പോസ്റ്റർ പതിക്കൽ എന്നിങ്ങനെ അസംഖ്യം മേഖലകളിലായി ലക്ഷക്കണക്കിന് ആളുകൾ സിനിമയെ ജീവിതോപാധിയായി മാറ്റിയിരിക്കുന്നു.

എന്നാൽ സിനിമയുടെ പുറകിൽ വർഷങ്ങളോളം നടന്നിട്ടും അവസരങ്ങൾ കിട്ടാതെയും ജൂനിയർ ആർട്ടിസ്റ് ആയി പിന്തള്ളി പോകുന്ന ആളുകളും ധാരാളം ഉണ്ട്. ഇത്തരത്തിലുള്ള അനുഭവങ്ങൾ എന്റെ ജീവിതത്തിലൂടെയും കടന്നുപോയിട്ടുണ്ട്. നമ്മുടെ മനസ്സിനെ മുറിപ്പെടുത്തുന്ന പല അനുഭവങ്ങളും ഇത്തരക്കാർക്ക് ഉണ്ടായിട്ടുണ്ട്. അവസാനം പോരാടി വിജയിച്ചവരും ചുരുക്കമല്ല. സാങ്കേതികവിദ്യയുടെ വിപ്ലവകരമായ മാറ്റങ്ങൾ ആധുനിക സിനിമകളിൽ നമുക്ക് കാണാൻ സാധിക്കും.തീർത്തും അസാധ്യമായി കാണപ്പെടുന്ന സംഭവങ്ങൾ പോലും അവിശ്വസനീയമായി ചിത്രീകരിച്ചിരിക്കുന്ന സിനിമകൾ ലോകത്തിലുണ്ട്.

എപ്പോഴും കാഴ്ചകൾക്ക് മനുഷ്യമനസ്സുകളിൽ വളരെയധികം സ്വാധീനം ചെലുത്താൻ കഴിയും. ഒരു നല്ല സിനിമയെന്ന് പ്രേക്ഷകലക്ഷങ്ങൾ വിലയെഴുതുന്ന ചിത്രങ്ങളൊക്കെയും ഒരു നല്ല സന്ദേശം മനുഷ്യസമൂഹത്തിന് നൽകുന്നവയായിരിക്കും.സിനിമയിലെ കഥാപാത്രങ്ങൾക്ക് കിട്ടുന്ന അതേ മൂല്യം തന്നെ ചിലപ്പോൾ അതിനേക്കാൾ ഏറെ മൂല്യം ആ സിനിമയുടെ 'കഥ'യ്ക്ക് കിട്ടിയേക്കാം.ഒരു സിനിമ കണ്ട് കുറേ നേരം മനുഷ്യമനസ്സുകളിൽ ആ കഥയും കഥാപാത്രങ്ങളും നിറഞ്ഞുനിന്നേക്കാം.സമകാലിക വിഷയങ്ങളെ വിമർശനാത്മകബുദ്ധിയോടെ,പക്ഷപാതരഹിതമായി ജനങ്ങൾക്കിടയിൽ അവതരിപ്പിക്കുവാൻ സിനിമയിലൂടെ സാധിക്കും. ഓരോ സിനിമയും സമൂഹത്തോട് പ്രതിബദ്ധതയുള്ളവ ആയിരിക്കണം. ചില സിനിമകൾ അങ്ങനെയാണ്. ഒരു വ്യക്തിയെ തന്നെ സ്വാധീനിച്ച് മാറ്റങ്ങൾ ഉണ്ടാക്കിയേക്കാം. ഇന്ന് യുവമനസ്സുകളിൽ സിനിമയുടെ പ്രഭാവം വളരെ വലിയ തോതിലാണ്. അനുകരണശീലം അവർക്കിടയിൽ ഉയർന്നരീതിയിൽ കണ്ടുവരുന്നു. ഒരിക്കലും നമ്മൾ വിവേകം ഉള്ളവർ സിനിമയെയും ജീവിതത്തെയും തമ്മിൽ കൂട്ടിക്കുഴക്കരുത്. അത് സിനിമയാണ് എന്ന രീതിയിൽ വിലയിരുത്തുക.

ഇന്ന് സിനിമയ്ക്ക് പിന്നിൽ വലിയ ചൂഷണം അനുഭവിക്കന്നവരും ചുരുക്കമല്ല. ഏതൊരു കാര്യവും മാധ്യമങ്ങൾ ഗുണത്തിലും ദോഷത്തിലും ഏറ്റെടുക്കുകയാണ്. അക്രമസംഭവങ്ങളെയും സംസ്കാരശൂന്യമായ അനുകരണങ്ങളെയും കഴിവതും സിനിമയിൽ നിന്നും ഒഴിവാക്കുന്നതും ജീവിതമൂല്യങ്ങളെ പറ്റിയുള്ള തനതു സന്ദേശം നൽകുന്നതും ഭാവിതലമുറയോടുള്ള കർത്തവ്യമായി ഓരോ സിനിമാക്കാരനും കരുതേണ്ടതുണ്ട്. ■



**ARYA J CHANDRAN**
BBA LLB

ഈ സമൂഹത്തിന് വളരെ അധികം ഭീഷണി ഉയർത്തുന്ന മത ഭ്രാന്തിനെ തന്നെ ആദ്യം പരിചയപ്പെടുത്താം. മതം, മനുഷ്യനെ നന്മയിലേക്ക് നയിക്കാനും സ്നേഹത്തിന്റെ വഴി കാണിക്കുന്നതിനും പൂർവ്വികർ കണ്ടെത്തിയ ഉപാധി. ഗീതയും ബൈബിളും ഖുറാനും വായിച്ചാൽ നമുക്ക് അത് മനസ്സിലാക്കാം... എല്ലാത്തിന്റെയും സാരാംശം ഒന്ന് തന്നെയാണ്. എന്നാൽ ആധുനിക മനുഷ്യൻ അവന്റെ സ്വകാര്യ ലാഭത്തിനു വേണ്ടി മതത്തെ ആയുധമാക്കുന്ന കാഴ്ചയാണ് നാം ഇന്ന് കാണുന്നത്. ഒരു ബുദ്ധിമാൻ തന്റെ സ്വകാര്യ നേട്ടത്തിന് വേണ്ടി മത തീവ്രവാദം വളർത്തുകയും മതങ്ങളെ തമ്മിലടിപ്പിക്കുകയും ചെയ്യുമ്പോൾ തങ്ങൾ പോലും അറിയാതെ വിഡ്ഢികളാക്കുന്ന സാധാരണ ജനം അതിൽ വിശ്വസിച്ച് മറ്റു മതസ്ഥരെ അകറ്റി നിർത്തുന്ന കാഴ്ച ലജ്ജാവഹമാണ്. മത തീവ്രവാദികളെ കണ്ടെത്തി സമൂഹത്തിൽ നിന്നും മാറ്റി നിർത്തുകയും എല്ലാ മത വിഭാഗങ്ങളിൽ പെട്ടവരെയും ഒരുപോലെ കാണാൻ പഠിക്കുകയും ചെയ്യുന്ന അന്ന് മാത്രമേ നമ്മുടെ സമൂഹത്തിന് മത ഭ്രാന്തിൽ നിന്ന് മോചനമുള്ളു...

ഏവർക്കും സുപരിചിതമായ ജാതി വർഗ്ഗീയ ഭ്രാന്തുകളെ തന്നെ അടുത്തതായി പരിചയപ്പെടുത്താം. ശാസ്ത്രം പുരോഗതിയിലേക്ക് എത്തിനോക്കുന്ന ഈ 21-ാം നൂറ്റാണ്ടിലും പേരിന്റെ വാലറ്റത്ത് ജാതി പേരുകൾ കോർത്തിടുന്നതും ജാതിയുടെയും മതത്തിന്റെയും പേരിൽ മനുഷ്യൻ മനുഷ്യനെ മാറ്റി നിർത്തുന്നതും വിദ്യാഭ്യാസ-തൊഴിൽ രംഗങ്ങളിലെ സീറ്റുകൾ നിഷേധിക്കപ്പെടുന്നതും വേദനജനകമായ കാഴ്ചകളാണ്. "ഒരു ജാതി, ഒരു മതം, ഒരു ദൈവം, മനുഷ്യന്" എന്ന് പറഞ്ഞ ശ്രീനാരായണ ഗുരുവിന്റെ കാലഘട്ടം കഴിഞ്ഞിട്ടും... ശരീരത്തിന് നിറം നൽകുന്ന വസ്തു ശാസ്ത്ര ലോകം കണ്ടെത്തിയിട്ടും... യാതൊന്നും തന്നെ മനുഷ്യനെ ജാതി വർഗ്ഗീയ ഭ്രാന്തുകൾ ശമിക്കാൻ വഴിയൊരുക്കിയില്ല.

ഇന്ന് നമ്മുടെ സമൂഹത്തിനെ പൂർണ്ണമായി കാർന്നു തിന്നുന്ന വിപത്താണ് അധികാര ഭ്രാന്ത്. അധികാരത്തിനു വേണ്ടി മനുഷ്യൻ മനുഷ്യനെ കൊല്ലുന്ന അതി ഭയാനകമായ കാലഘട്ടത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. ജനനന്മയ്ക്ക് വേണ്ടി ജീവൻ പോലും ത്യജിക്കാൻ തയ്യാറാകുന്ന രാഷ്ട്രീയ പ്രവർത്തനം മാറി പകരം ഏത് തരത്തിലുള്ള രാഷ്ട്രീയ കുതന്ത്രങ്ങൾ മുഖേനയും നേതൃസ്ഥാനത്ത് എത്തുന്നതിലും അധികാരം കയ്യാളുന്നതിലും



ശ്രദ്ധ കേന്ദ്രീകരിച്ച്, അതേ അധികാരം ഉപയോഗിച്ച് സാധാരണ ജനത്തെ തെറ്റിദ്ധരിപ്പിക്കുകയും ഉപദ്രവിക്കുകയും ചെയ്ത്, അഴിമതിയും അക്രമവും കൈമുതലാക്കിയ രാഷ്ട്രീയക്കാർ നമ്മുടെ നാടിന് ഭീഷണി ഉയർത്തുന്നു. സത്യസന്ധനും, ജനങ്ങൾക്ക് വേണ്ടി മാത്രം പ്രവർത്തിക്കുന്നതും ആയ ഒരു പ്രവർത്തകന് ഏതൊരു പാർട്ടിയിലും അധികാര സ്ഥാനത്തെ പറ്റി ചിന്തിക്കാൻ പോലും കഴിയുന്നില്ല എന്നത് ദുഃഖ ജനകമായ യാഥാർത്ഥ്യമാണ്. ഇന്ന് അധികാരത്തിന് വേണ്ടി ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന രാഷ്ട്രീയ കളികളുടെ വേദിയായിരിക്കുകയാണ് നമ്മുടെ സമൂഹം. ഇത്തരത്തിലുള്ള കപാലികരെയും അവരുടെ ഉദ്ദേശവും മനസ്സിലാക്കാതെ ഇതിൽ നിന്ന് ഒരു മോചനം അപ്രാപ്യമാണ്.

പണത്തോടും ആഭരണത്തോടും ഉള്ള ഭ്രാന്താണ് അടുത്തതായി പരിചയപ്പെടുത്താൻ ആഗ്രഹിക്കുന്നത്. ഏത് വിധേനയും പണം സംഭരിക്കാനുള്ള വ്യഗ്രതയും ആഭരണത്തോടുള്ള ചില സ്ത്രീകളുടെ അടങ്ങാത്ത ആഗ്രഹവും പല കുടുംബങ്ങളെയും നാശത്തിലേക്ക് നയിച്ച കഥകൾ സുലഭമാണ്. ജീവിക്കാനാവശ്യമായ പണം മാത്രമേ ആവശ്യമുള്ളൂ എന്ന സത്യം മനസ്സിലാക്കാതെ അതിനു പിറകെ പോയി കുടുംബം വഴിയാധാരമാകുന്ന കാഴ്ചകൾ ഇന്ന് സമൂഹത്തിൽ വർദ്ധിച്ച് വരുന്നുണ്ട്. ഇതിന് കടിഞ്ഞാണിടാൻ കഴിയുന്നില്ല എന്നുണ്ടെങ്കിൽ അത് സമൂഹത്തെ വലിയ വിപത്തിലേക്ക് നയിക്കും.

സുപ്രധാനവും അതിഭയാനകവും ആയ മനുഷ്യന്റെ മറ്റൊരു ഭ്രാന്താണ് ലഹരി. ലഹരി ഉള്ളിലെത്തുന്ന മനുഷ്യൻ അവൻ പ്രവർത്തതിക്കുന്നതും പെരുമാറുന്നതും എന്തെന്ന് അറിയുന്നില്ല. പലപ്പോഴും ലഹരിയുടെ ബലത്തിൽ ബോധം നഷ്ടപ്പെടുന്ന മനുഷ്യൻ അമ്മയെയും പെങ്ങളെയും പോലും തിരിച്ചറിയനാകാത്ത വിധത്തിൽ മൃഗമായി മാറുന്നു.

മദ്യവും മയക്കുമരുന്നും ആയിരുന്നു ഒരു സമയത്ത് ലഹരിയെങ്കിൽ ഇന്ന് ലൈംഗിക ബന്ധം പോലും ഒരു തരത്തിലുള്ള ലഹരിയായി മാറിയിരിക്കുന്ന കാഴ്ചയാണ് നമുക്ക് കാണാൻ ആകുന്നത്. പിഞ്ചു കുഞ്ഞെന്നോ വൃദ്ധയായ സ്ത്രീ എന്നോ വ്യത്യാസമില്ലാതെ പീഡന നിരക്ക് ക്രമാതീതമായി വർദ്ധിച്ച് വരുന്നത് നമ്മുടെ സമൂഹത്തിന്റെ ഏത് അവസ്ഥയെയാണ് വിളിച്ചോതുന്നത്? മദ്യപാനവും ലഹരി ഉൽപന്നങ്ങളുടെ ഉപയോഗവും നിർത്താൻ ഡീ അഡിക്ഷൻ സെന്റർ ഉള്ളതുപോലെ ലൈംഗിക ഭ്രാന്തിന് ഒരു പരിഹാരത്തിനായി ഉറ്റു നോക്കുകയാണ് സമൂഹവും നിയമവും.

എന്തിന് ഏറെ പറയുന്നു... പ്രണയം പോലും ഭ്രാന്തായി മാറിയിരിക്കുന്ന ഒരു സമൂഹത്തിലാണ് നാം ജീവിക്കുന്നത് എന്നത് എത്രത്തോളം വിശ്വാസനീയമാണ്? പ്രണയം പറയാനാവാത്ത, അനുഭവിച്ച് മാത്രം അറിയുന്ന ദിവ്യ അനുഭൂതി എന്ന് പറഞ്ഞ് വർണ്ണിച്ച് സാഹിത്യകാരന്മാരുടെ നാട്ടിൽ തന്നെയാണ് പ്രണയാഭ്യർത്ഥന നിരസിച്ചതിന് പെൺകുട്ടിയെ അരുംകൊല ചെയ്തതും എങ്ങനെ യഥാർത്ഥ പ്രണയമാകും? ഇത് തന്നെയല്ലേ പ്രണയവും ഭ്രാന്താകുന്നത്? ഒരേ സമയം ഒരുപാട് പേരെ പ്രണയിക്കുന്ന തരത്തിലുള്ള ഭ്രാന്തും സമൂഹത്തിൽ പകർന്നുപിടിച്ചിട്ടുണ്ട്.

ഇത്തരത്തിൽ ചിന്തിച്ചാൽ നമ്മുടെ സമൂഹത്തിലെ ഭൂരിഭാഗം പേരും ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽപെട്ട ഭ്രാന്തുകൾക്ക് അടിമകളാണ്. ഈ പകർച്ച വ്യാധികളായ ഭ്രാന്തുകൾ സമൂഹത്തെ തളർത്തുകയും കുടുംബബന്ധങ്ങളെ നശിപ്പിക്കുകയും ചെയ്യുന്നു. ഇതിൽ നിന്ന് സമൂഹത്തിന് ഒരു മോചനം പ്രാപത്മാക്കുക എന്നത് ഏതൊരു പൗരന്റെയും ഉത്തരവാദിത്തമാണ്. ■



**VAISHNAVI.SR**
BA LLB

# മാനുഷികമൂല്യങ്ങൾ മണ്മറഞ്ഞു പോയോ..?




മനുഷ്യാവകാശം ലംഘിക്കപ്പെടുന്ന ഈ കലിയുഗത്തിൽ നന്മയുടെ നാമ്പുകൾ നശിക്കപ്പെടുകയാണ്. സ്വയം സ്വാർത്ഥതയും അഹങ്കാരവും ക്രൂരതയും മാത്രം ഇന്നു വേണ്ടുവോളം നീളുന്നു. സ്വതാല്പര്യത്തിനായി അച്ഛനെന്നും, അമ്മയെന്നുമില്ലാതെ സ്വന്തം സഹോദരങ്ങളെപ്പോലും കൊടുംക്രൂരതയ്ക്കിരയാക്കുന്നു. എവിടെയും അനീതിയും അക്രമവും പെരുകുന്ന നാട്ടിലെ ഭരണകൂടത്തിന്റെ പേരിനും ജനാധിപത്യം എന്നു തന്നെയാണെന്ന് വിശ്വസിക്കുവാൻ കഴിയുന്നില്ല. രാഷ്ട്രത്തെ രക്ഷിക്കാനും ജനങ്ങളെ സംരക്ഷിക്കാനും, സേവിക്കാനുമായി തിരഞ്ഞെടുക്കപ്പെടുന്ന രാഷ്ട്രീയനേതാക്കളാണ് ഒരു തരത്തിൽ എല്ലാ കൊള്ളരുതായ്മയ്ക്കും കൂട്ടു നിൽക്കുന്നത്. കൊല്ലും കൊലയും സ്ഥിരം രംഗങ്ങളാകുന്ന നാടിന് "വിവേകാനന്ദ സ്വാമികൾ" ചാർത്തിയ 'ഭ്രാന്താലയം' എന്ന വിശേഷണത്തേക്കാൾ ദാരുണമാണ് ഇന്നത്തെ അവസ്ഥ. മനുഷ്യനെ കൊന്നൊടുക്കി, ഇല്ലായ്മ ചെയ്തും മനുഷ്യാവകാശത്തെ തച്ചുടച്ചും ചൂഷണം ചെയ്തും ലോകരാഷ്ട്രങ്ങൾ തമ്മിൽ നടന്ന യുദ്ധങ്ങളുടെ പേര് ലോകമഹായുദ്ധം ഒന്നും രണ്ടും. പിന്നീട് അതിന്റെ അനന്തരഫലങ്ങളായി ഇന്നും മനുഷ്യർ നാശനഷ്ടങ്ങൾക്ക് ഇരയായി ജീവിക്കുന്നതിന് കണക്കില്ല എന്നുതന്നെ പറയുന്നതാവും ശരി. നിങ്ങൾ അറിയുന്നുവോ ഇതൊക്കെ? ഹൈഡ്രജൻ ബോംബുകളും ആറ്റം ബോംബുകളും വിക്ഷേപിച്ച് മനുഷ്യാവകാശലംഘനം വിപുലമാക്കി ലോകത്താണ് നാം ഓരോരുത്തരും ജീവിക്കുന്നത് എന്നോർക്കുക. ശുദ്ധവായുവിനും, ജലത്തിനും, ഭക്ഷണത്തിനും എന്തിനു പറയണം വസ്ത്രങ്ങൾക്കോ അടിസ്ഥാനസൗകര്യങ്ങൾക്കോപോലും മാർഗ്ഗമില്ലാത്ത എത്രയെത്ര ആളുകളാണ് ഇന്ന് നമുക്കുചുറ്റുമുള്ളത്. ഓർക്കുക. അധികാരികളുടെ മോഹിപ്പിക്കുന്ന വാഗ്ദാനങ്ങളും കേട്ട് അധികാരങ്ങൾ മാത്രം സ്വപ്നം കണ്ട് ഭരണാധികാരികളാകുന്ന പലരും മനുഷ്യന്റെ അവകാശങ്ങൾക്ക് പലപ്പോഴും ഒരു വിലയും നൽകാറില്ല എന്നുതന്നെ പറയാം.

നെഹ്റുവും, സ്റ്റാലിനും, ലെനിനും സ്വപ്നം കണ്ടതുപോലുള്ള അവകാശങ്ങൾ എവിടെയും ലഭ്യമാകുന്ന സ്ഥിതികൾ.... അതാണ് നല്ലൊരു നാളെയ്ക്കായി വേണ്ടതെന്ന് മനസ്സിലാക്കുക. മനുഷ്യനന്മയ്ക്കായി ഇനിയും മഹാന്മാർ പിറവിയെടുക്കേണ്ടതുണ്ട്. അടിസ്ഥാന മാനുഷിക മൂല്യങ്ങൾ പോലും നേടിത്തരാൻ ആകുന്നില്ല എങ്കിൽ ഭരണവും ഭരണാധികാരികളും എന്തിനാണ്.. ?? ചിന്തിക്കുക... ■



**NANDAGOPAN**
BBA LLB

# സ്ത്രീകൾക്ക് ഇനി “വിവേചനം”വേണ്ട

# GENDER IN'EQUALITY



ആധുനികതയുടെയും വർണ്ണശബളമായ “മാസ്സ്മീഡിയ”എന്ന് ഓമന പേരിട്ടിരിക്കുന്ന ശാസ്ത്ര സാങ്കേതികതയുടെയും ലോകത്താണ് നാം ഇന്ന് ജീവിക്കുന്നത്.

ലോകത്തെ സമസ്ത മേഖലയിലും എന്നപോലെ ഈ അത്യാധുനിക യുഗത്തിലും സ്ത്രീ-പുരുഷ വിവേചനം മേല്പറഞ്ഞ മാസ്സ്മീഡിയയിലും പരസ്യമായൊരു രഹസ്യമാണ്. സ്കൂളുകളിൽ, കോളേജുകളിൽ, തുടങ്ങിയ വിദ്യാഭ്യാസ രംഗത്തും, ജോലികളിലും ജനാധ്യപത്യത്തിന്റെ നട്ടെല്ലായ തിരഞ്ഞെടുപ്പുകളിൽ പോലും ഈ വിവേചനം നാം കാണുന്നുണ്ട്, അനുഭവിക്കുന്നുണ്ട്. എന്തിനേറെ പറയുന്നു. നാം ധരിക്കുന്ന വസ്ത്രങ്ങളിലും, നാം ഉപയോഗിക്കുന്ന വാഹനങ്ങളിലും, നമ്മുടെ മക്കൾ ഉപയോഗിക്കുന്ന കളിക്കോപ്പുകളിൽ പോലും ഇത്തരം ലിംഗ വിവേചനം നമുക്ക് കാണാൻ കഴിയും. ഇന്ത്യൻ ജനാധിപത്യത്തിന്റെ അടിസ്ഥാന ശിലയായ ഭരണഘടന പറയുന്നത് ഇത്തരം ലിംഗ വിവേചനങ്ങൾ പാടില്ല എന്നാണ്. പക്ഷെ എന്ത് ചെയ്യാം ചിലകാര്യങ്ങൾ നിയമം അനുശാസിക്കുന്നത് പോലെ ചെയ്യാൻ കഴിയില്ല എന്നതിന്റെ തെളിവാണ് നാം ഇന്ന് കാണുന്ന പല കാര്യങ്ങളും.







ഒരു ഉദാഹരണം എടുത്താൽ നാം ഈ കാണുന്ന പരസ്യചിത്രങ്ങൾ. ലക്ഷം രൂപ മുടക്കി എടുക്കുന്ന ഇത്തരം പരസ്യചിത്രങ്ങളിൽ തന്നെ നമുക്ക് ലിംഗ വിവേചനം കാണാം. വിവേചനം മാത്രമല്ല ചില പരസ്യങ്ങളിൽ അധിക്ഷേപങ്ങളും കാണാൻ സാധിക്കും. പരസ്യചിത്രങ്ങൾ പ്രദർശിപ്പിച്ചു തുടങ്ങിയ സമയങ്ങളിൽ തന്നെ അതായത് 1840-50 കാലഘട്ടത്തിൽ തന്നെ സ്ത്രീകളെ മോഡലുകൾ ആക്കിയായിരുന്നു പെൺപക്ഷ സാമഗ്രികൾക്ക് വേണ്ടിയുള്ള പരസ്യങ്ങൾ ചിത്രികരിച്ചിരുന്നത്. വാഷിംഗ് മെഷീൻ, വാഷിംഗ് സോപ്പ്, അടുക്കള ഉപകരണങ്ങൾ തുടങ്ങി സ്ത്രീകളെ ലക്ഷ്യം വച്ചുള്ള പരസ്യങ്ങളിൽ സ്ത്രീകൾ തന്നെയായിരുന്നു നായികമാർ.

പിന്നീട് പുരുഷന്മാർക്ക് വേണ്ടിയുള്ള സിഗരറ്റ്, മദ്യം, ഷാംപൂ, സ്പ്രേ തുടങ്ങിയവയിലും സ്ത്രീകളെ കേന്ദ്രമാക്കി ചിത്രീകരണം തുടങ്ങി.യഥാർഥത്തിൽ സ്ത്രീകളെ ഒരു വിധത്തിൽ ഇത്തരം കമ്പനികൾ ചൂഷണം ചെയ്യുകയായിരുന്നു. അല്പവസ്ത്ര ധാരികളാക്കി കാമാസക്തി പൂണ്ടുനിൽക്കുന്ന മദാലസകളെ പോലെയാക്കി പുരുഷന്മാരെക്കൊണ്ട് തങ്ങളുടെ ഉത്പന്നം വാങ്ങിപ്പിക്കുക എന്നതായിരുന്നു ഇത്തരം കമ്പനികളുടെ ലക്ഷ്യം. തങ്ങളുടെ സൗന്ദര്യം വിറ്റ് കാശാക്കുക എന്നതായിരുന്നു മോഡലുകൾക്കുള്ള ജോലിയും. ഇത്തരം മോഡലിംഗ് സ്ത്രീകൾ തങ്ങളുടെ വസ്ത്രങ്ങളുടെ അളവ് കുറക്കുന്നതോടെ തങ്ങളുടെ ഉത്പന്നം വിറ്റ് പോകാം എന്ന് ചില കമ്പനികൾ കരുതി. അത്തരം കരുനീക്കങ്ങൾ ഇന്ന് കാണുന്ന പോലെയുള്ള മൂല്യ ചോർച്ചകൾക്കും സ്ത്രീ പീഡനങ്ങൾക്കും കാരണമാണ് എന്നത് പറയാതിരിക്കാൻ ആവില്ല. തങ്ങളുടെ ശരീരത്തിന് യാതൊരു ബഹുമാനവും കൊടുക്കാതെ ലോക കുത്തക കമ്പനികൾക്ക് വേണ്ടി ഒരു നാണവും മറക്കാതെ വസ്ത്രം ഉരിയുന്ന ഇത്തരം മോഡലുകൾ ആണ് ഇന്നത്തെ പെൺപക്ഷവാദികൾ എന്നോർക്കുമ്പോൾ അവരെ വിശ്വസിച്ച് അവരോട് ആരാധന വച്ചുപുലർത്തുന്ന എന്റെ സഹോദരിമാരോട് എനിക്ക് ലജ്ജ തോന്നുന്നു.

പരസ്യങ്ങളിൽ മാത്രമല്ല ഇത്തരം നഗ്നതാ-മേനി പ്രദർശനം വ്യാപകമാകുന്നത്. ഒരു പ്രമുഖ സ്പ്രേ കമ്പനി തങ്ങളുടെ പരസ്യത്തിൽ ചിത്രീകരിച്ചിരിക്കുന്നത് അവരുടെ സ്പ്രേ ഉപയോഗിച്ച് പുരുഷന്മാരുടെ ഇടയിലേക്ക് ഉന്മാദവതിയായി വിവസ്ത്രയായി ഓടി വരുന്ന സ്ത്രീകളെയാണ്. ഒരു മണം കൊണ്ടു മാത്രം സ്ത്രീകളെ വശീകരിച്ച് കാര്യം സാധിക്കാം എന്ന തെറ്റായ ഒരു സന്ദേശമാണ് അവർ നൽകുന്നത്. എന്നാൽ ഇതിനെതിരെ പ്രതികരിക്കാൻ ഒരു സ്ത്രീവിഭാഗവും മിനക്കെട്ടില്ല.

സമത്വം വേണം എന്ന് അപലപിക്കാനും നാലാളുകൂടുന്ന വേദികളിൽ ഘോരഘോരം പ്രസംഗിക്കാനും മാത്രമാണ് ഇത്തരം സംഘടനാ നേതൃത്വ നിരയ്ക്ക് താല്പര്യം. കേരളത്തിൽ തിരുവനന്തപുരം ആസ്ഥാനമാക്കി "ഇവൾ"എന്നൊരു സംഘടന പ്രവർത്തിക്കുന്നുണ്ട്. അച്ഛനാലും സഹോദരന്മാരാലും കാമുകനാലും ലൈംഗികമായി പീഡിപ്പിക്കപ്പെട്ട നിരാലംബരായ കൗമാരക്കാരികൾ, കൗമാരം പോലും എത്താത്ത ബാലികമാർ, വനിത കമ്മീഷനോടോ പോലീസിനോടോ കോടതികളിലോ തങ്ങളുടെ നീതിക്കുവേണ്ടി സംസാരിക്കാൻ കഴിയാതെ മാനസികമായി തകർന്ന ഇത്തരം സ്ത്രീകൾക്ക് വേണ്ടി പ്രവർത്തിക്കുന്ന സംഘടനയാണ് "ഇവൾ". "ഇവളു"ടെ പ്രവർത്തനങ്ങളിൽ ഇത് വരെയും നമ്മുടെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ യാതൊരു വിധത്തിലുള്ള സഹായങ്ങളും ചെയ്തിട്ടില്ല എന്നത് തികച്ചും വേദനാജനകമായ ഒരു കാര്യമാണ്.

സ്ത്രീകളുടെ വസ്ത്രം ശരിയല്ല, അതിനേക്കാൾ അവരുടെ വസ്ത്രധാരണ രീതി മാറ്റണം എന്നൊക്കെ വലിയ വേദികളിൽ പ്രസംഗിച്ച് കയ്യടി നേടാനല്ലാതെ സ്വന്തം മകളുടെ വസ്ത്രധാരണ രീതി മാറ്റാനോ സ്വന്തം മകന് സ്ത്രീകളോട് ബഹുമാനപൂർവ്വം പെരുമാറാനുള്ള ഉപദേശം നൽകാനോ ഇവർ മെനക്കെടാറില്ല.

നമ്മുടെ വിഷയം ലിംഗ വിവേചനം എന്നതാണ്. നൂറ്റാണ്ടുകൾക്ക് മുൻപേ തുടങ്ങിയ ഇത്തരം വിവേചനം ഇന്നത്തെ ഈ അത്യാധുനിക ശാസ്ത്ര യുഗത്തിലും എത്തിനിൽക്കുന്നു എന്നോർക്കുമ്പോൾ ലജ്ജയല്ലാതെ മറ്റൊരു വികാരവും പ്രകടിപ്പിക്കാൻ കഴിയില്ല. ലോകരാജാക്കന്മാർ എന്ന് സ്വയം അഹങ്കരിക്കുന്ന അമേരിക്കയ്ക്ക് ഇന്ന് വരെ ഒരു വനിതാ പ്രസിഡന്റിന്റെ കീഴിൽ രാജ്യഭരണം നടത്താൻ കഴിഞ്ഞിട്ടില്ല എന്നത് തന്നെ അവരുടെ സ്ത്രീ വിവേചനം പുറത്തു കൊണ്ടുവരുന്നു. ആ കാര്യത്തിൽ ഇന്ത്യാ മഹാരാജ്യം ബഹുദൂരം മുന്നിലാണ്. ശ്രീമതി ഇന്ദിര ഗാന്ധി പ്രധാനമന്ത്രി പദത്തിനാലും ശ്രീമതി പ്രതിഭ പട്ടേൽ പ്രസിഡന്റ് പദത്തിനാലും ഇന്ത്യയ്ക്ക് വനിതാ നേതൃത്വത്തിനോടുള്ള അനുഭാവം വ്യക്തമാക്കിക്കഴിഞ്ഞു. ലോകരാജ്യങ്ങളുടെ മുന്നിൽ ഇന്ത്യ എന്നും അപമാനിക്കപ്പെടുന്നത് സ്ത്രീ വിരുദ്ധ പ്രവർത്തനങ്ങളുടെ പേരിലാണ്. ദില്ലിയിൽ നടന്ന "നിർഭയ" കൂട്ടബലാത്സംഗ കേസും പിന്നാലെ യു.പി,മധ്യപ്രദേശ് സംസ്ഥാനങ്ങളിൽ നടന്ന ബലാത്സംഗ കേസുകളും ഇന്ത്യയ്ക്ക് കുപ്രസിദ്ധി നേടിക്കൊടുത്തു. സ്ത്രീകൾക്ക് ഒരിക്കലും ജീവിക്കാൻ കഴിയാത്ത രാജ്യം എന്ന വിശേഷണം വരെ ചില മാധ്യമങ്ങൾ ഇന്ത്യയ്ക്ക് നൽകി.

എന്നാൽ സമൂഹത്തിന്റെ അതിരുകളിൽ ജീവിക്കുന്ന ചില കാമഭ്രാന്തന്മാരുടെ ഇത്തരം ദുഷ്പ്രവർത്തികൾ മാറ്റി നിർത്തിയാൽ സ്ത്രീകളെ എന്നും ബഹുമാനിക്കുന്ന രാജ്യമാണ് ഇന്ത്യ. ദൈവമായി ആരാധിക്കുന്നത് പോലും സ്ത്രീകളെ ആണ്. ചില സംസ്ഥാനങ്ങളിൽ പെൺകുഞ്ഞുങ്ങൾ ജനിക്കുന്നത് പാപമായി കാണുമ്പോൾ മറ്റു സംസ്ഥാനങ്ങളിൽ പെൺകുഞ്ഞുങ്ങൾ ആ കുടുംബത്തിന്റെയും ഐശ്വര്യമായി കരുതുന്നു. എന്നാൽ മാധ്യമലോബി









കൾ തങ്ങളുടെ വിലകുറഞ്ഞ കച്ചവടതന്ത്രം പയറ്റുന്നത് കൊണ്ട് മോശമായ വാർത്തകൾ മാത്രമേ പുറത്ത് വരുന്നുള്ളു.

അമ്മയെയും, സഹോദരിയെയും, ഭാര്യയെയും ബഹുമാനിക്കാൻ നിഷ്കർഷിക്കുന്ന വേദങ്ങളും സംസ്കൃത ഗ്രന്ഥങ്ങളും ഉണ്ട്. സാഹിത്യത്തിലായാലും സമൂഹത്തിലായാലും പുരുഷകേസരികളോടൊപ്പം പിടിച്ചു നിൽക്കാൻ സാധിച്ച വനിതകളെ നമുക്ക് ലഭിച്ചിട്ടുണ്ട്. ശതമാനകണക്ക് വച്ചു നോക്കുമ്പോൾ പുരുഷന്മാരേക്കാൾ കുറവാണ് എങ്കിലും അവരുടെ സംഭാവനകൾ വച്ച് നോക്കുമ്പോൾ അവയുടെ വലുപ്പം എത്രയോ വലുതാണ് എന്ന് നമുക്ക് മനസിലാകും. സുഗതകുമാരി, ബാലാമണി അമ്മ, കമല സുരയ്യ തുടങ്ങി സാഹിത്യത്തിൽ ഇവർ തീർത്ത നാഴികക്കല്ലുകൾ ഒരിക്കലും മറക്കാൻ കഴിയില്ല.

പാകിസ്ഥാൻ പോലെ തികച്ചും കലുഷിതമായ രാഷ്ട്രീയ സാഹചര്യം ഉള്ള രാജ്യത്തിൽ നിന്നും താലിബാൻ, ലഷ്കർ-ഇ-തൊയ്ബ തുടങ്ങിയ മത ഭീകരവാദികളുടെ ഇടയിൽ നിന്നും രാഷ്ട്രീയമായി പാകിസ്താനെ വളരെയേറെ മുന്നോട്ടു നയിച്ച ബേനസീർ ഭൂട്ടോ എന്ന പ്രധാനമന്ത്രി മറ്റ് വനിതാ പ്രധാനമന്ത്രിമാരിൽ നിന്നും വ്യത്യസ്തയായി നിൽക്കുന്നു. ബേനസീർ ഭൂട്ടോയുടെ പിൻഗാമിയെന്ന് വിശേഷിപ്പിക്കുന്ന ഒരു അപൂർവ്വ വ്യക്തിത്വമാണ് മലാല യൂസഫ്സായ്. സ്ത്രീകളുടെ വിദ്യാഭ്യാസത്തിന് വേണ്ടി സധൈര്യം വെടിയുണ്ടകൾക്ക് നേരെ നെഞ്ചുവിരിച്ച ഈ പാകിസ്ഥാൻ സുന്ദരിക്ക് ലോകം സമാധാനത്തിനുള്ള നോബേൽ നൽകി ആദരിച്ചപ്പോൾ അത് ലോകത്തിലെ സകല സ്ത്രീകൾക്കും ഉള്ള ആദരവായി ആണ് കണക്കാക്കേണ്ടത്.

സ്ത്രീകൾ അപലകൾ അല്ല, തങ്ങൾക്കും തങ്ങളുടേതായ ഇടം ഉണ്ട്, അത് തങ്ങൾക്ക് വേണം എന്ന് അവകാശപ്പെടുന്നവർ ഇത്തരം സ്ത്രീകളെ ഒന്ന് നോക്കിക്കാണുക. സമത്വം വേണം, അവകാശപ്പെടാൻ പോലും. അതിനുള്ള യോഗ്യത നേടി എടുക്കുക, പ്രവർത്തിക്കുക.

മാറ്റം ലോകനിയമമാണ്. നമ്മുടെ ലോകം മാറുന്നു എന്നതിന്റെ തെളിവാണ്. പണ്ട് സ്ത്രീക്ക് ചെയ്തിരുന്ന പല കാര്യങ്ങളും പുരുഷന്മാർക്കുകൂടി വീതിച്ചു കൊടുക്കുന്നുണ്ട്. മോഡലിംഗ് രംഗത്ത് ഇന്ന് സ്ത്രീകളെ പിന്നിലാക്കി പുരുഷന്മാർ കടന്ന് വന്നിരിക്കുന്നു. സ്ത്രീ ഉത്പന്നങ്ങളിൽ പുരുഷന്മാരെ കേന്ദ്ര കഥാപാത്രം ആക്കുന്നതുവഴി സമത്വം എന്ന വാക്കിന്റെ ചെറിയൊരു പതിപ്പ് നമ്മുടെ മീഡിയകളിൽ ലഭിക്കുന്നു എന്നതിന്റെ തെളിവാണ് ഇത്.

ഇന്നും വിവേചനം പൂർണ്ണമായി മാറി എന്ന് അവകാശപ്പെടാൻ കഴിയില്ല. എങ്കിലും വിപ്ലവാത്മകരമായി ലോകം മാറുന്നതിൽ, നമ്മുടെ പ്രവർത്തികൾ മാറുന്നതിൽ, നമ്മുടെ ചിന്തകൾ മാറുന്നതിൽ, നമുക്ക് അഭിമാനിക്കാം, ആശ്വസിക്കാം.

നാളെ നമ്മുടെ പെണ്മക്കൾ യാതൊരുവിധ ചൂഷണത്തിനും ഇരയാകാതെ സമാധാനത്തോടെയുള്ള ലോകത്തായിരിക്കാം ജീവിക്കുന്നത് എന്നോർത്ത് നമുക്ക് നിർഭയം സ്വപ്നം കാണാം.

മഹാനായ അന്തരിച്ച രാഷ്ട്രപതി അബ്ദുൽ കാലാം പറഞ്ഞതുപോലെ നിങ്ങൾ സ്വപ്നം കാണുക, ആ സ്വപ്നം യാഥാർഥ്യമാക്കാൻ പ്രയത്നിക്കുക.നമ്മുടെ പെണ്മക്കളുടെ നല്ല ഭാവിക്ക് വേണ്ടി നമുക്ക് പ്രയത്നിക്കാം. ■



**RUKMINI S. NAIR**
BA LLB

# വ്യത്യസ്തമായ ചില ശരികൾ

വ്യത്യസ്തതകളെ അതിന്റെ അന്തസത്തയിലൂന്നി വിശ്വസിക്കുവാൻ ഭാരതസമൂഹത്തിനെന്നും വിമുഖതയായിരുന്നു. തന്നിൽ നിന്നു വ്യത്യസ്തനായി ജീവിക്കുന്നവനെ ഏതോ ന്യൂനതയിൽ കെട്ടിയിട്ടുകൊണ്ട് 'ന്യൂനപക്ഷം'എന്ന് ഓമനപ്പേരിട്ട് വിളിക്കുവാൻ നമ്മൾ ഉത്സാഹഭരിതരായിയുന്നു എന്ന് വേണം കരുതാൻ. ന്യൂനപക്ഷ പ്രഹസനത്തിന്റെ അവസാനത്തെ ഇര 'എൽ. ജി. ബി. റ്റി 'സമൂഹമാണെന്ന് വേണമെങ്കിൽ പറയാം.

ലെസ്ബിയൻ, ഗേയ്, ബൈസെക്ഷ്വൽ, ട്രാൻസ്ജെൻഡറുകൾ തുടങ്ങിയ വ്യത്യസ്ത ലൈംഗിക താല്പര്യങ്ങൾ വച്ചുപുലർത്തുന്നവരെ നാം ന്യൂനപക്ഷത്തോൽ അണിയിക്കുന്നതിനിടയിൽ ആണ് ഇക്കഴിഞ്ഞ ജൂലൈ 17 ന് സുപ്രീം കോടതി ഇന്ത്യയിൽ മഴവില്ല് വിരിയിക്കുന്ന സുപ്രധാന വിധിപ്രഖ്യാപനം നടത്തിയത്.

ചീഫ് ജസ്റ്റിസ് ദീപക് മിശ്ര, ജസ്റ്റിസ് ആർ. എഫ്. നരിമാൻ, ജസ്റ്റിസ് എ.എം. ഖാൻവിൽക്കർ, ജസ്റ്റിസ് C.Y ചന്ദ്രചൂഡ്, ജസ്റ്റിസ് ഇന്ദു മൽഹോത്ര എന്നിവരടങ്ങുന്ന അഞ്ചംഗ ബെഞ്ച് ഇന്ത്യൻ ശിക്ഷ നിയമത്തിലെ 377-ാം വകുപ്പ് ഭാഗികമായി റദ്ദാക്കിയതോടെ ഇന്ത്യയിലെ പുതിയ ന്യൂനപക്ഷ വിഭാഗമായ എൽ. ജി. ബി. റ്റി സമൂഹത്തിന് പ്രതീക്ഷയുടെ പുത്തനുണർവ് പകരാൻ ഇന്ത്യൻ നിയമ സംവിധാനത്തിന് സാധിച്ചു.

നർത്തകനായ നവതേജ് ജൗഹർ, ഷെഫ് റിതു സാൻവിയ, അമൻ നാഥ്, കേശവ് സുരി, ബിസിനസ് എക്സിക്യൂട്ടീവ് ആയ ആയേഷ കപൂർ, ജേർണലിസ്റ്റ് സുനിൽ മെഹ്റ തുടങ്ങിയവർ നൽകിയ ഹർജിയിന്മേലാണ് 377-ആം വകുപ്പിനെ കുറ്റമല്ലാതാക്കുന്ന സുപ്രധാന വിധിയിലേക്ക് സുപ്രീം കോടതി ചെന്നെത്തിയത്.

ലൈംഗിക ബന്ധത്തിലെ വിശുദ്ധിയും പങ്കാളിയോടുള്ള വിശ്വസ്തതയും മതങ്ങളുടെ നിഷ്കർഷയാണ്. സ്ത്രീ -പുരുഷ ലൈംഗിക ബന്ധത്തിനപ്പുറം വ്യത്യസ്തതയാർന്ന മറ്റുബന്ധങ്ങളെ, അധാർമികവും സദാചാരലംഘനമായും കണക്കാക്കുന്ന ഒരു ജനസമൂഹത്തിനിടയിലേക്ക് ഇത്തരത്തിലുള്ള വിധി കടന്നുവരുമ്പോഴുണ്ടാകുന്ന അനന്തരഫലങ്ങളെ പാടെ അവഗണിച്ചുകൊണ്ട്, ഭരണഘടനയിലൂന്നിയ ഒരു തീരുമാനമാണ് ഇക്കാര്യത്തിൽ കോടതി കൈക്കൊണ്ടത്.

മതത്തിനും സദാചാരത്തിനും മേലെയായി ഭരണഘടനയെ ഉയർത്തിപിടിച്ചുകൊണ്ടാണ് ഇത്തരത്തിൽ ഒരു വിധി കോടതി സ്വീകരിച്ചത്. ഇന്ത്യൻ നിയമസംവിധാനത്തിലും ജനജീവിതത്തിലും ഭരണഘടനയുടെ പങ്ക് എത്രത്തോളമാണെന്ന് നിർലോപം തെളിയിക്കുകയായിരുന്നു ഐപിസി 377-ാം വകുപ്പ് ഭാഗികമായി അസാധുവാക്കികൊണ്ടുള്ള ഈ വിധി.

സ്വന്തം ലൈംഗിക സ്വാതന്ത്ര്യത്തെ കുറ്റകൃത്യമായി കണക്കാക്കുന്ന ഒരു രാജ്യത്ത് ജീവിക്കേണ്ടി വരുന്ന ഒരു വ്യക്തിയുടെ മാനസിക പ്രയാസവും നാം ചിന്തിക്കേണ്ടതാണ്. കേവലം ഒരു സുപ്രഭാതത്തിൽ വിരിഞ്ഞ മാരിവില്ലല്ല എൽ. ജി. ബി. റ്റി സമൂഹത്തിന് അവരുടെ ലൈംഗിക സ്വാതന്ത്ര്യം. കാലങ്ങളുടെ തീച്ചൂളയിൽ നിന്നും പൊരുതി നേടിയതാണ് അവർ ഇതൊക്കെയും. ഭൂരിഭാഗവും ലൈംഗിക വൈകൃതമെന്നും പ്രകൃതിവിരുദ്ധമെന്നും അധിക്ഷേപിക്കുമ്പോഴും ഇന്ത്യ അടക്കമുള്ള രാജ്യങ്ങളിൽ അവർ നേടിയെടുക്കുന്ന ഈ സ്വാതന്ത്ര്യം, അത് അവരുടെ സ്വത്വത്തിന്റെ പ്രകാശനമാണ്.

2009-ൽ ഡൽഹി ഹൈക്കോടതിയിൽ ജസ്റ്റിസ് എ. പി. ഷായും ജസ്റ്റിസ് മുരളീധറും ചേർന്ന് ഇന്ത്യൻ ശിക്ഷ നിയമത്തിലെ 377-ാം വകുപ്പ് ഭാഗികമായി അസാധുവാക്കിയ വിധിയിലാണ്, ഇടക്കാലത്തെ തിരിച്ചടികൾക്ക് ശേഷം ഇപ്പോൾ ശേരിവയ്ക്കപ്പെട്ടിരിക്കുന്നത്.

ഹൈക്കോടതിയുടെ വിധിക്കെതിരെ സുരേഷ്കുമാർ കൗശൽ നൽകിയ അപ്പീലിൽ ജസ്റ്റിസ് സിംഗ്വി ജസ്റ്റിസ് മുഖ്യോപാധ്യായ തുടങ്ങിയവർ അനുകൂലമായ വിധി നൽകുകയും ഡൽഹി വിധി അസാധുവാക്കുകയും ചെയ്തു.

അഞ്ചുവർഷങ്ങൾക്കിപ്പുറം സ്വാതന്ത്ര്യത്തിന്റെ ആകാശത്തിൽ വീണ്ടും മഴവില്ല് വിടർന്നിരിക്കുകയാണ്. ഇന്ന്, ലൈംഗികബന്ധത്തിനുള്ള സ്വാതന്ത്ര്യം എന്ന പേരിൽ അവഗണിക്കാവുന്ന ഒരു ചെറിയ സംഭവമല്ല ഇത്. ജനാധിപത്യത്തിൽ നിലനിൽക്കുന്നതും നിലനിർത്തേണ്ടതുമായ എല്ലാ വ്യത്യസ്തതകൾക്കുമുള്ള അംഗീകാരമാണിത്. മാനവികതയിൽ നിന്നും തുല്യത പടവാളാക്കി പൊരുതി നേടിയ ഈ വിധി ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്തിൽ സ്വാതന്ത്ര്യത്തിന്റെ പുതിയ ചലനങ്ങൾ ഉണ്ടാക്കിയിരിക്കുന്നു ■



**AMJITH ALIKHAN**
BA LLB

# പരമോന്നതിയിലെ കടന്നുകയറ്റം

രാജ്യത്തിന്റെ ചരിത്രത്തിൽ തന്നെ ആദ്യത്തേതും വളരെ പ്രാധാന്യത്തോടെ കാണേണ്ടതും ആയ ചില പ്രവണതകളാണ് പരമോന്നത നീതിപീഠത്തിന് ചുറ്റിപ്പറ്റി നടന്നുകൊണ്ടിരിക്കുന്നത്. നീതിന്യായവ്യവസ്ഥയിലെ ഇത്തരം അപരിഷ്കൃതമായ പ്രവണതകൾക്കെതിരെ ജഡ്ജിമാർ തന്നെ വാർത്താസമ്മേളനം നടത്തിയത് കഴിഞ്ഞവർഷമാണ്. നിയമം അംഗീകരിക്കാത്തവരുടെ ഹിംസയെക്കാൾ സമൂഹത്തിന് ദോഷം ചെയ്യുന്നത് നിയമം അംഗീകരിക്കുന്നവരുടെ മൗനമാണെന്ന് രാജ്യത്തെ ഏറ്റവും മുതിർന്ന 4 ജഡ്ജിമാരുടെ വാക്കുകൾ ഓർമ്മിപ്പിച്ചു.

പരസ്യമായ വാർത്താ സമ്മേളനത്തിലൂടെ പുകമറകളില്ലാത്ത സത്യങ്ങൾ വിളിച്ചുപറയാൻ അവർ ശ്രമിച്ചു. കൈകടത്തലും നീതിനിഷേധവും പരമോന്നത നീതിപീഠത്തിൽ പടർന്നുപിടിക്കുമ്പോൾ ഭരണഘടനയുടെ അന്തസത്തയും റിപ്പബ്ലിക് എന്ന വാചകവും ചോദ്യം ചെയ്യപ്പെടുകയാണ്. നമ്മളെ ആരു ഭരിക്കണമെന്ന് നമ്മൾ തന്നെ തീരുമാനിക്കുന്ന അവസ്ഥയാണ് റിപ്പബ്ലിക്. ജനങ്ങളുടെ പരമാധികാരമാണ് റിപ്പബ്ലിക്കിന്റെ അന്തസ്സത്ത. ജനങ്ങൾ ജനങ്ങളാൽ ജനങ്ങൾക്കുവേണ്ടി തിരഞ്ഞെടുത്ത ഭരണസംവിധാനം നിലവിൽ വന്നിട്ടും ഭരണഘടന വിഭാവനംചെയ്യുന്ന ജാതിക്കും, മതത്തിനും ,വർഗ്ഗത്തിനും, വർണ്ണത്തിനും, വിവേചനങ്ങൾക്കും അതീതമായ ജനതയെ വാർത്തെടുക്കാൻ കഴിഞ്ഞിട്ടില്ല എന്നത് യാഥാർത്ഥ്യമാണ്. ധാരാളം വിവേചനങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ഭരണകൂടങ്ങൾ തന്നെ അത്തരം പ്രവണതകൾക്ക് പിന്തുണ നൽകുന്നു എന്നത് വാസ്തവമാണ്. ഭരണഘടന വാഗ്ദാനം ചെയ്യുന്ന നീതി സ്വാതന്ത്ര്യം സമത്വം സാഹോദര്യം എന്നീ മൂല്യങ്ങൾ ഉറപ്പാക്കാൻ ഭരണഘടനാ പിൻബലത്തിൽ ജീവിക്കുന്ന ഏതൊരാളുടെയും കടമയാണ്.

ഭരണഘടന അടിസ്ഥാനത്തിൽ ജനങ്ങൾ വിശ്വാസമർപ്പിച്ചിരുന്ന സ്ഥാപനങ്ങൾ ഇന്നേവരെ ഇല്ലാത്ത രീതിയിൽ വിവാദങ്ങൾ നേരിടുന്നു. ഇത് ഗുരുതര സ്ഥിതിവിശേഷമാണ്. റിസർവ്ബാങ്ക്, സിബിഐ, യുജിസി, സുപ്രീംകോടതി, ചീഫ് ഇൻഫർമേഷൻ കമ്മീഷൻ, മുതലായ പൊതുസ്ഥാപനങ്ങൾ വിവാദങ്ങൾക്കിടയിലാണ്. ഇതെല്ലാം ഭരണഘടനയുടെ വിശ്വാസ്യതയെ ബാധിക്കുന്ന സംഭവങ്ങളാണ്. ഭരണഘടനയോടും മൗലികതത്വങ്ങളോടും ബഹുമാനം കുറയുന്ന സാഹചര്യം സൃഷ്ടിക്കുന്നത് ഒട്ടും നല്ലതല്ല. ഇത്തരം നിഷ്ക്രിയമായ ഹീനതകൾ ഇന്ത്യൻ സമൂഹത്തിന് ഒരിക്കലും ശാശ്വതമായവയല്ല.

ഭരണഘടനാ സ്ഥാപനങ്ങൾ വലിയ പരീക്ഷണങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. സംരക്ഷിക്കാൻ ബാധ്യസ്ഥരായവരാണ് ഇത്തരം സാഹചര്യങ്ങൾ ഉണ്ടാകുന്നത്. വേലി തന്നെ വിളവ് തിന്നുന്നതാണ് പ്രശ്നം. സംരക്ഷിക്കേണ്ടവർതന്നെ അതിനെ മലിനമാക്കുന്നു. ഭരണഘടനാ സ്ഥാപനങ്ങളുടെയും സംവിധാനങ്ങളുടെയും നിഷ്പക്ഷതയും സംശുദ്ധിയും സുതാര്യതയും ഉറപ്പാക്കേണ്ടത് ജനാധിപത്യത്തിന്റെ നിലനിൽപ്പിന് അനിവാര്യമാണ്.

ഇത്തരം കാര്യങ്ങളെ മുഖവിലയ്ക്കെടുത്തുകൊണ്ട് തന്നെ പറയട്ടെ ചീഫ് ജസ്റ്റിസിനെതിരെ നാല് ജഡ്ജിമാർ നടത്തിയ വാർത്താസമ്മേളനത്തെ പ്രശംസിക്കുകയും അവരുടെ ആ പ്രവർത്തിയിൽ അഭിമാനിക്കുകയും ചെയ്യുന്നു. സുപ്രീംകോടതിയുടെ വഴിവിട്ട പോക്കിനെതിരെ ഉള്ള ശക്തമായ നിലപാട് ആയി അതിനെ കാണാം. കോടതിയിലെ നടത്തിപ്പിലും ജഡ്ജിമാരുടെ നിയമനത്തിലും എല്ലാം ഗുണപരവും സമൂലമായ മാറ്റം അവരുടെ പരസ്യമായ വാർത്താ സമ്മേളനത്തിന് ശേഷം ഉണ്ടായിട്ടുണ്ട്. ഇത്തരം ഭരണഘടനാ വിരുദ്ധ പ്രവർത്തനങ്ങൾ താഴേക്കിടയിലും, മേലേക്കിടയിലും ദിനംപ്രതി വർധിച്ചു വരികയാണ്. ഘടനാ സംവിധാനങ്ങൾ അംഗീകരിക്കാത്ത ഒരു കൂട്ടം കപട രാജ്യസ്നേഹത്തിന്റെ മറവിൽ രാജ്യത്ത് മുന്നോട്ടു വരുന്നുണ്ട്. അത്തരം പ്രവണതകളെ ചെറുത്തുതോൽപ്പിച്ച് ഭരണഘടനാ മൂല്യങ്ങൾ സംരക്ഷിക്കേണ്ടത് ഭരണഘടനാ തത്വങ്ങളിലും മൂല്യങ്ങളിലും വിശ്വസിക്കുന്ന ഏതൊരാളുടെയും കടമയാണ് ■

# മനുസ്മൃതിയല്ല ഭരണഘടന !



ARISLAL SAINU
BA, LLB

കത്തിച്ച് കളയണം എന്ന വാദങ്ങളും പ്രതിവാദങ്ങളും അതിരൂക്ഷമായി അലയടിക്കുമ്പോൾ നേരേ നോക്കി നിവർന്ന് നിന്ന് പറയാനാകണം കാലഹരണപ്പെട്ടതിനെ കത്തിച്ച് തന്നെയാണ് ജനനമെന്ന്. തീയിൽ കുരുത്തത് വെയിലത്ത് വാടില്ല എന്ന ആത്മബോധത്തോടെ തന്നെ. സ്വാതന്ത്ര്യം, സാഹോദര്യം, സമത്വം എന്നിവയിലുറച്ച സാമൂഹിക സങ്കൽപ്പമാണ് നിലവിലെങ്കിലും ചരിത്രത്തിന് ഒരു പക്ഷെ അപരിചിതമാണിതൊക്കെ. ഒരു കാലത്ത് ജാതി വ്യവസ്ഥരുടെ അടിയാളൻമാരായിരുന്ന ഇന്ത്യൻ സമൂഹത്തിന് വ്യക്തിസ്വാതന്ത്ര്യത്തെക്കുറിച്ചോ സമത്വത്തെക്കുറിച്ചോ സങ്കൽപ്പിക്കാൻപോലും കഴിയുമായിരുന്നില്ല. അടിമത്വത്തിന്റെയും അടിച്ചമർത്തലിന്റെയും, ജാതി മേൽക്കോയ്മകളുടെയും അനുഭവ പാഠങ്ങൾ മാത്രം ശിരസ്സാവഹിക്കേണ്ടിവന്ന സമൂഹം. സാമൂഹ്യനീതിക്കുവേണ്ടി നടന്ന പ്രക്ഷോപങ്ങളും സമരങ്ങളും അതിന്റെ അടിസ്ഥാനത്തിൽ ബ്രട്ടീഷ് ഭരണകൂടവും മറ്റ് നാട്ടുരാജാക്കന്മമാരും നടത്തിയ നിയമനിർമ്മാണങ്ങളും സ്വാതന്ത്ര്യം, സാഹോദര്യം, സമത്വം എന്നീ സങ്കൽപ്പങ്ങളെ പ്രജ്വലിപ്പിക്കുകയും ജനമനസ്സിൽ ഉറപ്പിക്കുകയും ചെയ്യുന്നതിന് സഹായിച്ചു എന്നത് വസ്തുതയാണ്.

അടിയാളനാവാൻ വിധിക്കപ്പെട്ടവന്റെ ആത്മബോധത്തിന്റെ വിജയം. ആ വിജയവിമോചന സമരത്തിന്റെ പടയാളി തന്നെ ഭരണഘടനയുടെ നിർമ്മാണത്തിന് ചുക്കാൻ പിടിച്ചു എന്നത് കാലത്തോളം മായ്ക്കാനാകാത്ത ചരിത്രനിയോഗമായി കാണാം.

ജന്മിത്വത്തിന്റെയും ജാതിമേൽക്കോയ്മകളുടെയും പടവുകളിലിരുന്നെഴുതിയുണ്ടാക്കിയ അന്ത:പ്പുര നിയമസംഹിതകളെ ഉടച്ച് വാർത്തുകൊണ്ട് സ്വാതന്ത്ര്യം, ജനാധിപത്യം, മതനിരപേക്ഷത, സമത്യം, സാഹോദര്യം എന്നീ മൂല്യങ്ങളെ പുരോഗമന പാതയുടെ നട്ടെല്ലായി വിളക്കിച്ചേർക്കുക എന്ന സുപ്രദാനമായ കർമ്മ നിർവഹണമാണ് ഭരണഘടനാനിർമ്മാണത്തിലൂടെയുണ്ടായത്. പാരമ്പര്യത്തിൽ ഇഴുകിച്ചേർന്ന ഉച്ചനീചത്വങ്ങളെ പൂർണ്ണമായും തള്ളിക്കളയുകയും ജാത്യാടിസ്ഥാനത്തിലുള്ള സമൂഹിക ക്രമത്തിന് പകരം സ്വതന്ത്ര വ്യക്തിയെ അടിസ്ഥാനപ്പെടുത്തി ഉള്ള രാഷ്ട്രസങ്കല്പം മുന്നോട്ടുവയ്ക്കുകയും ചെയ്യുന്നു ഇന്ത്യൻ ഭരണഘടന. ഇത് നിസ്സാര മാറ്റമല്ലെന്നും തുടർച്ചയായ പ്രക്ഷോപങ്ങളും സമരങ്ങളുടെയും ഇടപെടലുകളുടെയും ഫലമുണ്ടായ സാമൂഹ്യ മാറ്റമാണെന്നും കാണാം.

കാലഹരണപ്പെട്ട ഉച്ചനീചത്വങ്ങളിൽപ്പെട്ട് കിടന്ന സമൂഹമനസിനെ ഉടർച്ചുവാർത്തെടുത്ത് സ്വതന്ത്ര വ്യക്തിത്വങ്ങളിലേക്ക് പരിവർത്തനപ്പെടുത്തിയതിന്റെ പ്രശംസാപത്രം ഇന്ത്യൻ ഭരണഘടനക്ക് അവകാശപ്പെട്ടതാണ്. ഭരണഘടനാ ശിൽപയായ ഡോ. ബി.ആർ അംബേദ്ക്കർ 1927 ഡിസംബർ 25 ന് മനുസ്മൃതി കത്തിച്ചു കൊണ്ടാണ് ഇന്ത്യൻ ഭരണഘടനാ നിർമ്മാണത്തിലേക്ക് ചുവടടുപ്പിക്കുന്നത്.

ജാതി അടിസ്ഥാനപ്പെടുത്തിയ വിഭജനത്തിൽ ഊന്നിയ നിയമാവലികൾ ഉൾക്കൊള്ളുന്ന മനുസ്മൃതി കത്തിക്കുന്നതിലൂടെ എല്ലാ വിഭാഗീയതകൾക്കും ഉച്ചനീചത്വങ്ങൾക്കുമെതിരായ പ്രതിഷേധവും അതിലധിഷ്ഠിതമായ സാമൂഹ്യക്രമങ്ങൾക്കെതിരായ വിട്ടുവീഴ്ചയില്ലാത്ത നിലപാടാണ് അംബേദ്കർ വിളിച്ചുപറഞ്ഞത്.

എന്നാൽ ഭരണഘടന നിലവിൽവന്ന് 69 ആണ്ട് പിന്നിടുമ്പോൾ ചുരുക്കം ചില മനസ്സുകളിൽ എങ്കിലും കത്തിച്ചുകളഞ്ഞവയുടെ അകത്താളുകൾ മായാതെ നിൽക്കുന്നു എന്നത് അത്രയേറെ ഗൗരവത്തോടെ കാണേണ്ടതാണ്. കാലഹരണപ്പെട്ട അതിനെ ശിരസ്സാവഹിക്കുന്ന പരിഷ്കൃതസമൂഹം വിരൽ ചൂണ്ടുന്നതും ആരോപണപ്രത്യാരോപണങ്ങൾ എയ്യുന്നതും മഹത്തായ ഇന്ത്യൻ ഭരണഘടനയ്ക്ക് നേരെയാണ്. ആശയദാരിദ്ര്യത്തിന്റെ ആവിർഭാവത്തിൽ കത്തിച്ചു കളയേണ്ടതാണ് എന്ന ആഹ്വാനം ശൈലികൾ തെരുവോരങ്ങളിൽ ഉറഞ്ഞു കേൾക്കുന്ന മൂല്യം ഉള്ളതിനെ വിൽപ്പനച്ചരക്കാക്കി മനുസ്മൃതി ആശയങ്ങളെ തിരികെയെത്തിക്കാൻ ശ്രമിക്കുന്നവർ നാടിനാപത്ത് എന്ന് തിരിച്ചറിയേണ്ടിയിരിക്കുന്നു.

ജാതിക്കും മതത്തിനും മുകളിൽ വ്യക്തിയെ നിർത്തുകയും സമത്വവും, സാഹോദര്യവും, അഭിപ്രായസ്വാതന്ത്ര്യവും ഏറ്റവും മുകളിൽ പ്രതിഷ്ഠിക്കുകയും ചെയ്യുന്നതിലൂടെ ഇന്ത്യയുടെ സമൂഹ രൂപീകരണത്തിൽ വിപ്ലവകരമായ പങ്കുവഹിക്കുന്ന ഇന്ത്യൻ ഭരണഘടനയെ, അതിന്റെ മൂല്യങ്ങളെ അതേപടി സംരക്ഷിച്ച് സംരക്ഷിക്കുക എന്നത് ജാതിക്കും മതത്തിനുമപ്പുറം രാജ്യത്തെയും സഹജീവികളെയും ഒന്നായി കാണുന്ന ഏതൊരാളുടെയും കടമയാണ് ■



**ANJALI P.NAIR**
BBA LLB

# ഒരു കുഞ്ഞ് വലിയ വെള്ളപ്പൊക്കം

“നാടെവിടയാ...? “

“ആലപ്പുഴ “

“എങ്ങനാ വീട്ടിലൊക്കെ വെള്ളം കയറിയിരുന്നോ ?”

ഇക്കഴിഞ്ഞ ആഗസ്റ്റ് മാസത്തിലെ വെള്ളപ്പൊക്കത്തിന് ശേഷം ഞാൻ ഏറ്റവും കൂടുതൽ കേട്ട ഒരു ചോദ്യം ആണ് മുകളിൽ കൊടുത്തിരിക്കുന്നത്. ചോദ്യം തികച്ചും ന്യായമാണ് കുറ്റം പറയാൻ പറ്റില്ല. പക്ഷേ ഉത്തരം പറയാൻ ഇത്തിരി കുഴങ്ങും. കാരണം വെള്ളം കയറിയോ എന്നുചോദിച്ചാൽ, കയറി. വെള്ളം കയറിയില്ലല്ലോ എന്ന് ചോദിച്ചാൽ, കയറിയില്ല.

വീടിന് ഒരു തുരുത്തുപോലെ വളഞ്ഞു കൊണ്ട് ചുറ്റും വെള്ളമായിരുന്നു. വടക്കു നിന്നും കിഴക്കൻ നാട്ടിൽനിന്നും പമ്പയും അച്ചൻകോവിലാറും വഴി അടിച്ചു കയറി വരുന്ന ചെളി വെള്ളം. പടിഞ്ഞാറ് നിന്നും കൊച്ചിയും തിരുവനന്തപുരവും തമ്മിൽ ബന്ധിപ്പിക്കുന്ന ഞങ്ങൾ പിള്ളത്തോട് എന്നു വിളിക്കുന്ന ഒരു കനാൽ നിറഞ്ഞു വരുന്ന ഓരു ചേർന്ന വെള്ളം. എന്തായാലും വെള്ളത്തിന് യാതൊരു കുറവുമില്ല. പക്ഷേ രണ്ടു ദിവസത്തിനുള്ളിൽ സാമുവൽ കോളറിഡ്ജിന്റെ കവിത പോലെയായി കാര്യങ്ങൾ.

“ വെള്ളം വെള്ളം സർവത്ര
തുള്ളികുടിക്കാനില്ലത്രേ”

പ്രളയം വിഴുങ്ങിയ കിണറുകൾ കൊണ്ട് യാതൊരു പ്രയോജനവും ഇല്ലാതായി. വേനൽക്കാലത്ത് വെള്ളത്തിൽ ഒരല്പം ഓരു കലർന്നിരിക്കും എന്നല്ലാതെ മറ്റൊരു വിധത്തിലും ജനങ്ങളെ ഉപദ്രവിക്കാത്ത ഞങ്ങളുടെ കിണറുകൾ ഒറ്റയടിക്ക് പണിമുടക്കിക്കളഞ്ഞു. സ്ത്രീകളും കുട്ടികളും പുരുഷന്മാരും എല്ലാ വീട്ടിൽനിന്നും റോഡിലേക്ക് ഇറങ്ങി നിന്ന് വടക്കു നിന്നും, പടിഞ്ഞാറുനിന്നും വെള്ളം കയറി വരുന്നത് സസൂക്ഷ്മം നിരീക്ഷിച്ചു കൊണ്ടിരുന്നു. അതിനിടയിൽ അവർ തമാശ പറയുകയും പൊട്ടിച്ചിരിക്കുകയും ചെയ്തുകൊണ്ടിരുന്നു. സത്യം പറയാമല്ലോ, ഉള്ളിൽ ഭയത്തിന് മാലപ്പടക്കവുമായി നാട്ടിലേക്ക് ചെന്നുകയറിയ എനിക്ക് ഇതൊക്കെ കണ്ടപ്പോൾ ഉള്ളിൽ ഉത്സവത്തിന്റെ പൂത്തിരി കത്തുന്ന സന്തോഷമാണ് തോന്നിയത്.

അതിന് വേറെയും കുറെ കാരണങ്ങളുണ്ട്. ഞാൻ ചെല്ലുമ്പോൾ പഴയ അതിർത്തി തർക്കത്തിന്റെ പേരിൽ തമ്മിൽ കണ്ടാൽ മിണ്ടാത്ത ഗോപി കൊച്ചാട്ടനും ശ്രീധരൻ കൊച്ചാട്ടനും വെള്ളത്തിന്റെ കയറ്റിറക്കുകളെ കുറിച്ച് വാതോരാതെ സംസാരിക്കുകയായിരുന്നു. പ്രീത ചേച്ചിയുടെ വീട്ടിലെ അരി തീർന്നതുകൊണ്ട് ഇന്ദിരാമ്മ അവർക്കുള്ള അരിയുമായി വെള്ളത്തിലൂടെ പതുക്കെ നടക്കുന്നു. വീട്ടിൽ വെള്ളം കയറിയത് കൊണ്ട് പ്രസന്നൻ പിള്ളയും കുടുംബവും അടുത്തുള്ള ഗുരുമന്ദിരത്തിന്റെ കെട്ടിടത്തിലേക്ക് മാറി. സമയം സന്ധ്യയോടടുത്തു തുടങ്ങിയിരിക്കുന്നു വിജയമ്മാമ്മയുടെ വീട്ടിൽ കുരിശു വരയ്ക്കാൻ തുടങ്ങുന്ന സമയമായപ്പോഴേക്കും റസിയ ആന്റി തൊട്ടടുത്തുള്ള മുറിയിൽ നിസ്ക്കാര പായ വിരിക്കുകയായിരുന്നു.

കൊള്ളാം മൊത്തത്തിൽ ഒരു സന്തോഷം. മറ്റൊരു കാഴ്ച അപ്പോഴാണ് കാണുന്നത്. അന്തർമുഖനായ എന്റെ അച്ഛൻ നാട്ടിലെ തല്ലിപ്പൊളി കൂട്ടങ്ങളോട് എന്തൊക്കെയോ കാര്യമായി സംസാരിക്കുന്നു. ആഹാ..ബഹുസന്തോഷം... എല്ലാവരിലും എന്തൊക്കെ

യോ മാറ്റങ്ങൾ ഉണ്ടായല്ലോ. എന്റെ അനിയൻ അടക്കമുള്ള കുട്ടികൾ വെള്ളത്തിൽ ചാടി മറിയാനും വാഴ ത്തട വെട്ടി ചങ്ങാടം ഉണ്ടാക്കുവാനും തുടങ്ങിയിരുന്നു. ചാറ്റൽമഴ കണ്ടാൽ പോലും അവരെ പുറം വഴി അടിക്കാറുള്ള അവരുടെ അമ്മമാർ ഇത്തവണ ഒന്നും മിണ്ടിയില്ല. ശ്രദ്ധിച്ചില്ല എന്ന് വേണം പറയാൻ. അമ്മൂമ്മമാരും അപ്പൂപ്പന്മാരും ഇതുപോലുള്ള വെ ള്ളപ്പൊക്കം ഇന്നേ വരെ സംഭവിച്ചിട്ടില്ല എന്ന് തന്നെ തറപ്പിച്ച് പറഞ്ഞു. എന്റെ പ്രായത്തിലുള്ളവർ ആരും ചുറ്റുവട്ടത്തിൽ ഇല്ലായിരുന്നതുകൊണ്ട് ഞാൻ ഇതെല്ലാം കണ്ടും കേട്ടും വെറുതെ ഇരുന്നു. മടുക്കുമ്പോൾ എൽ കെജിയിലും, യുകെജിയിലും പഠിക്കുന്ന സുഹൃത്തുക്കൾക്ക് പേപ്പർ ബോട്ടുകൾ ഉണ്ടാക്കാൻ സഹായിക്കും. അങ്ങനെയൊക്കെ ഇരിക്കുമ്പോഴാണ് ചിലകാര്യങ്ങൾ ഓർത്തത്. പടിഞ്ഞാറെ പുളിയുടെ ചുവട്ടിൽ ഒരു അരണ കുഞ്ഞു ഉണ്ടായിരുന്നു അത് വെള്ളപ്പൊക്കത്തിൽ എവിടെ പോയോ ആവോ. ഒരു കാൽ ഒടിഞ്ഞ് കുറേയേറെ പ്രസവങ്ങളുടെ ആലസ്യവുമായി നടന്ന അമ്മച്ചി പട്ടിയെയും കാണാനില്ല. "കാരി സതീഷ് "എന്ന് ഞങ്ങൾ വിളിക്കാറുള്ള കരിമ്പൂച്ച തെങ്ങിൻചുവട്ടിൽ ഇടയ്ക്ക് പ്രത്യക്ഷപ്പെടാറുള്ള ഒരു എട്ടടി മൂർഖൻ"

ലക്ഷ്മിച്ചേച്ചിയുടെ കോഴികളെ കൊന്നു തിന്നുന്ന 2 കീരികൾ. പിന്നെ ലക്ഷോപലക്ഷം പച്ചക്കുതിരകൾ, ചീവീടുകൾ, കുഴിയാനകൾ, ഉറുമ്പുകൾ, അടയ്ക്കാമരത്തിൽ ലേഡീബേഡ്സ്, കീടങ്ങൾ, ചിലന്തികൾ എന്നിവയെ കുറിച്ച് യാതൊരു വിവരവുമില്ലായിരുന്നു.

ഹാ... ഇവിടെ മനുഷ്യന്റെ കാര്യം നോക്കാൻ തന്നെ സമയമില്ല അപ്പോഴാ ബാക്കിയുള്ളതിനെ ഞാൻ എന്റെ തലയ്ക്കു തന്നെ ഒരു കൊട്ടു കൊടുത്തു. ഇമ്മാതിരി ചിന്തകളെ ഒക്കെ ഡിലീറ്റ് ചെയ്തുകളഞ്ഞു. സമയം മാറിത്തുടങ്ങി ഇരുട്ടു വീഴാൻ തുടങ്ങിയതോടെ എല്ലാവരും അവരവരുടെ വീടുകളിലേക്ക് മടങ്ങി തുടങ്ങി. വടക്കുനിന്നും പടിഞ്ഞാറുനിന്നും പ്രളയ ബാധിതരുമായി ടിപ്പറുകൾ ക്യാമ്പിലേക്ക് പോയിക്കൊണ്ടിരുന്നു. കാലങ്ങൾക്ക് ശേഷം വീട്ടിൽ ഞങ്ങൾ രണ്ടു മക്കളും അച്ഛനും അമ്മക്കും ഒപ്പം ഒരു മുറിയിൽ ഉറങ്ങി. അതുവരെ സന്തോഷം നിറഞ്ഞാടിയ എന്റെ മനസ്സിലേക്ക് ഭയം തുളച്ചുകയറാൻ തുടങ്ങി. മഴയുടെ ശബ്ദം അരോചകവും, അസഹനീയവുമായി തോന്നി. ഓരോ അഞ്ച് മിനിറ്റിലും മുറ്റത്തെ വെള്ളത്തിന്റെ അളവ് ഞാൻ നോക്കിക്കൊണ്ടിരുന്നു. തിരിച്ചുവന്ന് അമ്മയുടെ കൈകൾക്കുള്ളിൽ ഒളിക്കുമ്പോൾ ഒരുതരം സുരക്ഷിതത്വബോധം എന്നെ സമാധാനിപ്പിച്ചുകൊണ്ടിരുന്നു.

ഞാൻ ആൻഫ്രാങ്കിനെ ഓർത്തു. കുട്ടിക്കാലത്ത് ആൻഫ്രാങ്ക് ആകാൻ ആഗ്രഹിച്ച ഒരു ഹൃദയം ഈ പ്രളയകാലത്ത് വീണ്ടുമുണർന്നു. എന്റെ വീട് ആനിന്റെ ആംസ്റ്റർഡാമിലെ ഒളിത്താവളം ആണെന്നും വെള്ളം നാസി പടയാളികൾ ആണെന്നും ഞാൻ വെറുതെ കഥ മെനഞ്ഞു.

വെള്ളം എന്തായാലും എന്നെ കോൺസെൻട്രേഷൻ ക്യാമ്പിലേക്ക് കൊണ്ടുപോകില്ല ആശ്വസിക്കാൻ വകയുണ്ട്. എങ്ങനെയൊക്കെയോ നേരം വെളുത്തപ്പോഴേക്കും വെള്ളം വീടിന്റെ ചവിട്ടുപടി വരെയെത്തിയിരുന്നു. അച്ഛനും അമ്മയും സാധനങ്ങൾ മുകളിലേക്ക് മാറ്റികൊണ്ടിരുന്നു. അനിയൻ ഉറക്കമാണ്. അച്ഛനെന്നോട് ആവശ്യമുള്ള സർട്ടിഫിക്കറ്റുകളും ബുക്കുകളും എടുത്ത് റെഡിയാകാൻ പറഞ്ഞു. 10 മിനിറ്റിനുള്ളിൽ ഞാൻ റെഡിയായി. പിറകെ അച്ഛനും അമ്മയും അനിയനും സാധനങ്ങളുമെടുത്ത് തയ്യാറായി. എങ്ങനെയാണ് പോവുക എങ്ങോട്ടാണ് പോകുക എന്നത് എനിക്ക് ഒരു ധാരണ ഉണ്ടായിരുന്നില്ല. ചുറ്റും വെള്ളമാണ്. ഒരു വാഹനവും വരില്ല. ഇനി ഞങ്ങൾ വള്ളത്തിൽ ആയിരിക്കുമോ പോകുന്നത്. ആലപ്പുഴക്കാരി ആയിരുന്നിട്ടും ഇതുവരെ വള്ളത്തിൽ കയറിയിട്ടില്ലാത്ത എന്റെ മനസ്സ് വീണ്ടും സന്തോഷിച്ചു. അനിയൻ വിളിച്ചപ്പോഴാണ് ഞാനത് കണ്ടത് വീടിന് മുറ്റത്ത് കൂടി ഒരു ചെറിയ വള്ളം തുഴഞ്ഞു ഒരാൾ പോകുന്നു. ആഹാ കൊള്ളാം അങ്ങനെ എന്റെ വീട്ടുമുറ്റത്തും വള്ളം വന്നു. വള്ളത്തിൽ കയറാം എന്ന ത്രില്ലടിച്ച് നിൽക്കുമ്പോൾ അച്ഛൻ തലയ്ക്ക് ഒരു തട്ട് തന്നിട്ട് നടക്കാൻ പറഞ്ഞു. എന്റെ ആഗ്രഹങ്ങൾ വീണ്ടും അസ്ഥാനത്തായി.

കുറച്ചു ദൂരം നടന്നതിനുശേഷം അച്ഛന്റെ സുഹൃത്തിന്റെ വാഹനത്തിൽ ഞങ്ങൾ ബന്ധുവീട്ടിലേക്ക് മാറി. അപ്പോഴേക്കും ഭയവും കൗതുകവും എല്ലാം യാഥാർത്ഥ്യത്തിന് വഴിമാറി തന്നിരുന്നു. ഞങ്ങളുടെ അവസ്ഥ എന്താണെന്ന ബോധം എനിക്ക് അപ്പോഴാണ് ഉണ്ടായത്. ഇത്രയും കാലത്തെ അധ്വാനഫലമായി കരുതിയിരുന്നവയെല്ലാം നഷ്ടപ്പെടാൻ പോവുകയാണ്. തിരിച്ചു വീട്ടിലേക്ക് എത്തുമ്പോൾ എന്തായിരിക്കും അവസ്ഥ ? അത് സങ്കൽപ്പിക്കുവാൻ ഉള്ള ധൈര്യം എനിക്കുണ്ടായിരുന്നില്ല. ന്യൂസ് ചാനലിലെ പ്രളയക്കെടുതികൾ എന്നെ ഭയപ്പെടുത്തി കൊണ്ടിരുന്നു. ഞാൻ എല്ലാവരിൽ നിന്നും മാറി നിൽക്കാൻ ആഗ്രഹിച്ചു. ഓരോ ശബ്ദവും എന്നിൽ ഭയവും അസ്വസ്ഥതയും ഉണ്ടാക്കി. അവ അകാരണമായ ദേഷ്യത്തിന് വഴിമാറുമെന്ന് തോന്നിയപ്പോൾ ഞാൻ എന്റെ അച്ഛന്റെ അടുത്ത് ചെന്നിരുന്നു. അച്ഛൻ ഒന്നും മിണ്ടാതെ ചെയ്യുന്ന ചെയ്യുന്ന മഴ നോക്കിയിരിക്കുകയായിരുന്നു.

" അച്ഛന് പേടിയില്ലേ? "

മഴയിൽ നിന്ന് കണ്ണെടുക്കാതെ തന്നെ അച്ഛൻ പറഞ്ഞു "പേടിച്ചിട്ട് കാര്യമൊന്നുമില്ല '' ഞാൻ കുറച്ചു നേരത്തേക്ക് ഒന്നും മിണ്ടാതെയിരുന്നു. അച്ഛൻ വീണ്ടും പറഞ്ഞു തുടങ്ങി. ഇതിപ്പോൾ നമുക്ക് ഒന്നും ചെയ്യാൻ പറ്റാത്ത ഒരു പ്രതിഭാസമാണ്. മഴ തീരാൻ പ്രാർത്ഥിക്കാം അതിനപ്പുറം ഒന്നും ചെയ്യാനില്ല. ഇതിലിപ്പോൾ ഭയപ്പെടാനോ ആശങ്കപ്പെടാൻ ഒന്നുമില്ല. ഇപ്പോഴത്തെ അവസ്ഥയിൽ നമ്മുടെ കയ്യിലും ഒന്നുമില്ല തിരിച്ചുചെല്ലുമ്പോൾ വീടും സാധനങ്ങളും അവിടെ ഉണ്ടെങ്കിൽ ഉണ്ടെന്ന് പറയാം. ഇല്ലെങ്കിൽ എല്ലാം ആദ്യം മുതൽ വീണ്ടും തുടങ്ങണം.

അച്ഛന്റെ നിസ്സംഗത സത്യത്തിൽ എന്നെ അമ്പരപ്പിച്ചു കൊണ്ടിരിക്കുകയായിരുന്നു. എന്തിനാണ് ഭയപ്പെടുന്നത് എന്ന് ഞാൻ സ്വയം ചിന്തിച്ചു തുടങ്ങി. എന്നെക്കാൾ ദുരിതത്തിലാണ് എന്റെ നാട്ടിലെ പലരും അവർക്കായി എന്തെങ്കിലും കൂടി ചെയ്യുകയാണ് ഈ സമയത്ത് ഞാൻ ചെയ്യേണ്ടത്. അല്ലാതെ വെള്ളത്തിൽ ആണ്ടുപോയ വീടിനെപ്പറ്റിയോ, ഒഴുകിപ്പോയ വീട്ടുസാമാനങ്ങളും പറ്റിയോ അല്ല. അത് തികച്ചും ബാലിശമായി പോകും. വെള്ളത്തിൽ അകപ്പെട്ടു കിടക്കുന്ന ഒരു പെൺകുട്ടി ആയ എനിക്ക് പുറത്തേക്ക് പോകാൻ വഴികൾ ഉണ്ടായിരുന്നില്ല. കൈയിലുണ്ടായിരുന്ന മൊബൈൽ ഫോണായിരുന്നു ആകെയുള്ള ആയുധം. നാട്ടിലെ ഫെയ്സ്ബുക്ക് ഗ്രൂപ്പിനൊപ്പം രക്ഷാപ്രവർത്തന ഗ്രൂപ്പുകളിലും, ഹെൽപ്പ് സെന്റർ കാൾ അറ്റന്ററായും ഞാൻ പ്രവർത്തിച്ചു തുടങ്ങി. എന്റെ ഭയവും ആശങ്കയും ഞാൻ മറന്നു തുടങ്ങിയിരുന്നു. നഷ്ടപ്പെട്ടതൊക്കെ നഷ്ടപ്പെടട്ടെ, നമുക്ക് ആദ്യം മുതൽ തുടങ്ങാവുന്നതേയുള്ളൂ എന്ന് ഞാൻ എന്നെത്തന്നെ പതുക്കെ പറഞ്ഞു പഠിപ്പിച്ചു ■





**KASTHOORI**
BBA LLB

# കോൺവെക്സ്

കണ്ണിന്റെ കാഴ്ച ശക്തി കുറയുന്നു. ദൂരക്കാഴ്ചയോടെ കിടപിടിക്കാൻ ആകുന്നില്ല, തൊട്ടടുത്തുള്ളതിനെ മതിവരുവോളം വീക്ഷിക്കാൻ ആകുന്നുണ്ട്. പ്രശ്നം ലവലേശം ഇല്ലതാനും. ഇനിയുള്ളത് അകലങ്ങളിലെ കാഴ്ചമറ മാറ്റലാണ്. പ്രതിവിധി എന്നവണ്ണം ഒരു കണ്ണട വാങ്ങി മുഖത്തിനു നന്നായി യോജിച്ചതും സൗന്ദര്യത്തെ തീണ്ടാത്തതുമായ ഒരെണ്ണം. കറുത്ത നിറം ചാലിച്ച പുറംചട്ടയും പുറത്തേക്ക് തള്ളിയ ലെൻസും ആകർഷണം. കാലം മാറുകയാണ് കാലത്തിനൊത്ത് സ്വയം മാറണമെന്ന ചിന്താഗതി കണ്ണടയുടെ ആവരണം ഇല്ലാത്തപ്പോൾ മാത്രമായി ചുരുക്കി അതിനെ ആചാരം എന്ന ഓമനപ്പേരിട്ടും, പുറത്തേക്ക് തള്ളിയ കാഴ്ചകളെ ദുരാചാരം എന്ന പേര് ചേർത്തും വിളിക്കാൻ തുടങ്ങി.

ആചാര ദുരാചാരങ്ങളെ കോർത്തിണക്കി സമൂഹത്തിൽ സമാന്തരമായ ഒരു നിയമസംഹിത പടച്ചുണ്ടാക്കി നാടിനൊപ്പം ഓടില്ലായെന്ന കാലത്തിന് ഉപമിക്കാനാവാത്ത തലക്കനവും ചുമലിലേറ്റി തെരുവോരങ്ങളിൽ സ്വയം നഗ്നത പ്രദർശിപ്പിക്കുന്നു. ഇത്തരം നഗ്നതാപ്രദർശന ധാരികളായ ജീവികൾ ഈയിടെയായി സമൂഹത്തിൽ ശക്തി പ്രാപിച്ചു വരുന്നുണ്ട്. പണ്ടും ഇവരുണ്ടായിരുന്നു എന്നത് മറച്ചുവയ്ക്കാൻ ആകുന്നതല്ല. എന്നിരുന്നാലും മാറിയ കാലത്ത് മാറാതെ സ്വയം ഉണ്ടാക്കിയ സമാന്തര നിയമങ്ങളെ തോളിലേറ്റി സ്വയം ശിക്ഷ നടപ്പാക്കുന്ന ചില ജീവികൾ.അത്തരം ജീവികളെ സമൂഹം ഒരു ഓമനപ്പേരിട്ടു വിളിച്ചു "സദാചാരഗുണ്ടകൾ".

സദാചാരികൾ എന്നതിലുപരി ഇവരെ ഗുണ്ടകളായി കണക്കാക്കാനാവില്ല. ഒരു സമാന്തര നിയമസംഹിത സമൂഹത്തിൽ നിർമ്മിക്കുന്ന ഒരുതരം കുടില ജന്തുവർഗം ശിക്ഷ വിധിക്കുകയും നടപ്പിലാക്കുകയും എന്നത് സ്വയമേവ ശിരസാവഹിച്ച ഒരുകൂട്ടം. ഒരു പ്രതിക്കും അവരുടെ ഭാഗം ന്യായീകരിക്കാൻ സമയം നൽകാറില്ല, അതിന്റെ ആവശ്യവുമില്ല.സ്വന്തം നാട്ടിലെ, സമൂഹത്തിലെ സദാചാരം സംരക്ഷിക്കുക എന്നത് കടമയായി ഏറ്റെടുത്തിരിക്കുന്നവർ. സ്വന്തം ഭാര്യയേയും മക്കളെയും നോക്കിയില്ലെങ്കിലും അന്യന്റെ ഭാര്യയുടെയും മക്കളുടെയും മേൽ സദാ ഇവരുടെ കണ്ണുകൾ ഉണ്ടായിരിക്കും. ഒരാണിനേയും പെണ്ണിനേയും ഒരുമിച്ച് കണ്ടാൽ ഇവരുടെ രക്തം തിളക്കും. ഇതാണ് കുറ്റവാളികളെ കാണുമ്പോഴുണ്ടാകുന്ന സിഗ്നൽ. ചോദ്യവും പറച്ചിലും ഒന്നുമില്ല കൂട്ടാളികളെ കൂട്ടി ശിക്ഷ വിധിക്കുന്നു. ഇവിടെ പ്രതികളുടെ പ്രായം പ്രശ്നമല്ല, അവർ എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത് എന്നതും പ്രശ്നമല്ല. ആരെന്ന് പറഞ്ഞാലും എന്തെന്ന് പറഞ്ഞാലും ശിക്ഷാവിധി മുഖംനോക്കാതെ എടുത്തിരിക്കും. വഴിവക്കിലെ മയിൽക്കുറ്റികളിൽ കുത്തിയിരുന്ന് നാടിന്റെ സമസ്ത മേഖലകളിലും കണ്ണോടിക്കും. നാട് ഗുണ്ടകളായി മുദ്രകുത്തിയ സദാചാര കാവൽഭടന്മാർ.

നാട് അറയ്ക്കുന്ന ഭാഷയിലും വാചകങ്ങളിലും അധിക്ഷേപിച്ച് പ്രതികളെ മാനസികമായി തളർത്തുകയാണ് ശിക്ഷയിലെ ആദ്യപടി. വളഞ്ഞിട്ടുള്ള സ്നേഹപ്രകടനമാണ് പ്രധാനവിനോദം. ദയാഹർജി ഇല്ലാത്ത ലളിതമായ വധശിക്ഷ നടപ്പാക്കുക എന്ന സാങ്കേതികതയാണ് പ്രധാന കൈമുതൽ. ഇനി വധശിക്ഷ ഇല്ലാതെ വെറുതെ വിട്ടാലും ഒരുവിധം പേരൊന്നും പിന്നെ സന്തോഷത്തോടെ ജീവിക്കുന്നത് കണ്ടിട്ടില്ല. പലരും ആത്മഹത്യ ചെയ്യുകയാണ് പതിവ്.

പ്രതികരിക്കേണ്ട സമൂഹം വളരെ ലാഘവത്തോടെ കണ്ണടയ്ക്കുമ്പോൾ വരാനിരിക്കുന്ന വിപത്ത് കാലത്തിനു പോലും രേഖപ്പെടുത്താൻ ആകാത്തത് ആയിമാറും. തെരുവോരങ്ങളിൽ നിന്നും അയൽപക്കം വരെയെത്തിയവൻ പിന്നാമ്പുറം വഴിയും ഉമ്മറം വഴിയും തന്റെ കിടപ്പറയിൽ സ്ഥാനമുറപ്പിക്കുന്നത് അധികം കാത്തിരിക്കാതെ കാണേണ്ടതായി വരും. ■



*What else can we have in India?*
*Whatever the States may have or may not have, it is impossible and inconceivable and indesirable to think in any other terms but in terms of the Republic in India.*

**- Jawaharlal Nehru**



**MIDHUN**
BA LLB

# An Outlier's **Quest**

Comparison is evil. We are often confronted by this issue from our childhood. Parents may or may not be the only perpetrators of this heinous crime. Ironically, it is not only verbal but expressive as well. The same can also be done by several family members, friends, and any person with whom one is consider ideal. Yet what they fail to understand is that this may leave an indelible mark in the mind of the children and so their actions, Individuals have certain characteristics within themselves; a kind of untapped energy that may be diverted to productive things if supported and taught to do so. We divert this energy to what the society demands of us and most of us become what is part of a large societal propaganda framework, more or less following the herd thus losing the uniqueness that every organism is born with.

It needs tremendous courage to be freed from this emotion or the perpetrators whom the individuals considers important. But once out of this self-imposed shell, the individual should survive and set an example for more to come. History has proven this through the lives of several self-established personalities.

But yet again, we get lost in translation and look up to becoming these personalities while ignoring what we alone are capable of doing. This is often forced upon the individuals and eventually their thought process is altered to give a falsified impression of a goal or an aim.

We are often taught that competition is good and all of us are involved in a competition to survive, therefore it is mandatory to be successful or to put it simply good at surviving. A simple example from an Indian perspective can be the comparison of a new born girl child with an unborn boy. (Then onwards she is tossed into a system where she struggles to survive, on her playground, amongst other peers, while confronting social norms, her exams that she should fare really well to succeed and many more until she expires without a meaning in her life on the female aspect of this example then that is where they should go wrong.) All our genders, explained and unexplained face the same competition that strips meaning and reason out of their lives.

It is true that there is an end to this comparison, but the rationale behind it is often stark. It stops only when an individual succeeds, in clear societal terms or expires. It is for us to decide whether we should thrive in a world, that is comparative, competitive and contradicting. As the old saying goes, what's a 6 for one is 9 for another, neither can be compared to or assigned a hierarchy as both are important to our numeral system and without which mathematics loses its beauty.

Humans never tend to follow and never can follow a straight line that could be drawn on blank sheet of paper. All of us are outliers in a chimerical world that weaves the wonderful fabric of life ■




# HARTAL'S own people

**STEFANIE**
BA LLB

It's just three short to hit century. Ninety-seven not out. With 11 more days left in this year as I write this article, we can expect more surprises. The three political fronts in Kerala have called 97 hartals in the state in 2018, whereas it was 120 last year. For an average Keralite, it is only a matter of maths. But the tourism sector, the mainstay of Kerala economy, is bleeding from the impact of the unmindful hartals. It is learned that each hartal burns a Rs 200-crore hole in the economy of the state with the tourism sector coming to a grinding halt.

There is always two sides to a story. On one side when a hartal is observed, people including foreign tourists are stranded at railway stations. Being forced to spend the whole day in a public space without having anything to do, anything to eat, anything to drink is something traumatic especially for children and women. On the other side on the eve of the grand hartals, there are long queues in front of Beverages Corporation outlets and a heavy rush is seen in poultry shops. People are collecting the necessary ingredients to celebrate the hartal. But what exactly is the idea behind observing a hartal?

Part IVA of the Indian Constitution, introduced by the 42nd Constitution (Amendment) Act, '1976, enumerates mandatory fundamental duties for the citizens of India. Article 51A (b) states that it shall be the duty of every citizen "to cherish and follow the noble ideals that inspired our national struggle for freedom." There is near unanimity among historians that Ahimsa and Satyagraha propounded by Mahatma Gandhi, were noble ideals that inspired our national struggle. Fundamental duty to strike under the






Constitution to exist, Satyagraha, as understood by the Mahatma, included strikes. Satyagraha is a compound word that includes 'satya' and 'aghra.' Coined by the Mahatma himself in South Africa, Satyagraha literally refers to "insistence on truth" or "holding on to truth". This philosophy of Satyagraha or civil disobedience was the main idea behind the practise of it by a number of methods, including fasts, cessation of work, hartals and public demonstrations.

Mahatma laid great emphasis on the just nature of the demand. A strike was not a valid Satyagraha unless workers had a "real grievance." He suggested that in making a demand one should be guided by a sense of justice. Mahatma made a distinction between economic and political strikes. Strikes for economic betterment could not have a political end as an ulterior motive. On the other hand political strikes, must be treated on their own merits and never mixed up with or related to economic strikes. Sympathetic strikes, according to him, must be taboo until it could be conclusively proved that the affected men had exhausted all the legitimate means at their disposal. It was certain that no unjust strike could succeed. No victory was just unless it was achieved by pure means.

When Article 51(1)(b) exhorts Indian citizens to "cherish and follow the noble ideals that inspired national struggle for freedom" it includes a fundamental duty to strike. But secondly and most importantly, strikes may be said to have been "inspired by our national ideals" only if it satisfies the conditions of "just demand", "non-violence" and "willingness to submit the dispute for arbitration".

If you think hartals are anti-democratic and the people suffer greatly, no political party will agree with you. Each one of them says the hartals they observe are for the public good and those protests called by other parties are against the public interest. The political parties and organizations that call for strike, purportedly espousing the cause of public should realize that they are, in effect, harming the public itself. Often, people are not bothered even to know for what 'cause' the hartal is being observed. If you decide to object hartal, they will call a hartal to protest your objection too ■









**HAIRA**
BA LLB

# WOMEN EMPOWERMENT, GENDER JUSTICE & THE CONSTITUTION OF INDIA

**"You can tell the condition of a nation by looking at the status of its women"**

– Pt. Jawaharlal Nehru

India is a complex country. We have, through centuries, developed various types of customs, traditions and practices. These customs and traditions, good as well as bad, have become a part of our society's collective consciousness. We worship female goddesses; we also give great importance to our mothers, daughters, sisters, wives and other female relatives or friends. But at the same time, Indians are also famous for treating their women badly both inside and outside their homes.

Indian society consists of people belonging to almost all kinds of religious beliefs. In every religion women are given a special place and every religion teaches us to treat women with respect and dignity. But somehow the society has so developed that various types of ill practices, both physical and mental, against women have become a norm since ages. For instance, sati pratha, practice of dowry, parda pratha, female infanticide, wife burning, sexual violence, sexual harassment at work place, domestic violence and other varied kinds of discriminatory practices; all such acts consist of physical as well as mental torture element. It is the critical role of religion as a powerful force of influence on the quality of life experienced by women and girls throughout the world and advocate the moral responsibility of religions in improving those lives. Declarations including the Universal Declaration of Human Rights, the Declaration towards Global Ethic issued at the 1993 Parliament of the World's Religions, the United Nation's 1979 international treaty (and bill of rights for women) entitled Convention on the Elimination of all Forms of Discrimination Against Women (CEDAW) enunciates provisions for welfare of women. The struggle for the dignity and equal rights of women is the global human and civil rights struggle of our time. War and violence, economic disparity and impoverishment, environmental damage and its devastating consequences fall disproportionately upon women and girls who also suffer the most prevalent injustices in our world today. Violence, child marriage, slavery and forced prostitution, rape and sexual assault, domestic brutality and abuse, "honour killings" and immolation, bodily and genital mutilation, gendercide of girls and selective abortion of female foetuses, and legitimized murder of women are pandemic. Throughout the world, one in three women has been raped, beaten or violently assaulted, seven hundred million women were children when they were married, more than one hundred and thirty three million girls and women have experienced some form of female genital mutilation (FGM), more than twenty thousand women a year are victims of "honour killings," usually committed by their fathers, uncles, or brothers.

Institutions in which women are given little voice impose constraints on women's basic freedoms to control their own bodies, move about freely, own property, choose to marry or obtain a divorce, retain custody of their children, receive an education, work, or have their testimony given equal weight in court. All over the world, they risk being ostracized, abused, or killed if they try to change these unjust conditions. Even where advances toward equality have been made, women continue to suffer disproportionately from poverty and environmental devastation, from violence and abuse, lifedamaging discrimination in access to education and health care, the burdens of unpaid care-giving and unequal pay, and the systematic exclusion from decision-making within religious and other institutions that determine the quality of their lives. These shameful violations of women's dignity and human rights are based on the false premise that men and boys are superior to women and girls, an outdated view perpetuated by too many religious leaders and adherents who choose to misinterpret or use carefully selected scriptures, texts, and teachings to proclaim the inferiority of women and girls. These harmful and religiously justified beliefs permeate societies and contribute to the pervasive deprivations and abuse suffered by women and girls throughout the world. Women empowerment and the fruition of gender justice is one of the ways in which the social evils could be minimized.

In simple words, women empowerment is giving power to women to decide for their own lives or inculcating such abilities in them so that they could be able to find their rightful place in the society. (The Supreme Court in Vishaka & Ors v. State Of Rajasthan & Ors on 13 August, 1997 having regard to the definition of 'human rights' in Section 2 (d) of the Protection of Human Rights Act, 1993, and taking note of the fact that the then civil and penal laws in India, which was not adequate to provide for specific protection of women from sexual harassment in work places and that enactment of such legislation will take considerable time, it is necessary and expedient for employers in work places as well as other responsible persons or institutions to observe certain guidelines to ensure the prevention of sexual harassment of women and thus declared that "it shall be the duty of the employer or other responsible persons in work places or other institutions to prevent or deter the commission of acts of sexual harassment and to provide the procedures for the resolution, settlement or prosecution of acts, of sexual harassment by taking all steps required." )

According to the United Nations, women's empowerment mainly has five components- Generating women's sense of self-worth; Women's right to have and to determine their choices; Women's right to have access to equal opportunities and all kinds of resources; Women's right to have the power to regulate and control their own lives, within and outside the home; and Women's ability to contribute in creating a more just social and economic order. Thus, women empowerment is nothing but recognition of women's basic human rights and creating an environment

where they are treated as equals to men.

The position in India; from ancient to modern period, women's condition-socially, politically and economically- has not remained same and it kept changing with times. In ancient India, women were having equal status as men; in early Vedic period they were very educated and there are references to women sages such as Maitrayi in our ancient texts. But with the coming of famous treatise of Manu i.e. Manusmriti, the status of women was relegated to a subordinate position to men. All kinds of discriminatory practices started to take from such as child marriage, devadasi pratha, nagar vadhu system, sati pratha etc. Women's socio-political rights were curtailed and they were made fully dependent upon the male members of family. Their right to education, right to work and right to decide for themselves were taken away.

During medieval period the condition of women got worsened with the advent of Muslim rulers in India; as also during the British period. But the British rule also brought western ideas into the country. A few enlightened Indians such as Raja Ram Mohan Roy influenced by the modern concept of freedom, liberty, equality and justice started to question the prevailing discriminatory practices against women. Through his unrelenting efforts, the British were forced to abolish the ill-practice of Sati. Similarly several other social reformers such as Ishwar Chandra Vidyasagar, Swami Vivekananda, Acharya Vinoba Bhave etc. worked for the upliftment of women in India. For instance, the Widow Remarriage Act of 1856 was the result of Ishwar Chandra Vidyasagar's movement for improving the conditions of widows. Indian National Congress supported the first women's delegation which met the Secretary of State to demand women's political rights in 1917. The Child Marriage Restraint Act in 1929 was passed due to the efforts of Muhammad Ali Jinnah. Mahatma Gandhi called upon the young men to marry the child widows and urged people to boycott child marriages. During freedom movement, almost all the leaders of the struggle were of the view that women should be given equal status in free India and all types of discriminatory practices must stop. And for that to happen, it was thought fit to include such provisions in the Constitution of India which would help eliminate age-old exploitative customs and traditions and also such provisions which would help in empowering women socially, economically and politically. India's Constitution makers and our founding fathers were very determined to provide equal rights to both women and men. The Constitution of India is one of the finest equality documents in the world. It provides provisions to secure equality in general and gender justice in particular. Various articles in the Constitution safeguard women's rights by putting them at par with men socially, politically and economically. The Preamble, the Fundamental Rights, DPSPs and other constitutional provisions provide several general and special safeguards to secure women's human rights. The Preamble to the



